# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ




സെപ്റ്റംബർ 08
പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിരുനാൾ

Vol. LXXII September 2022 No. 9

## സീറോ മലബാർ സഭയിലെ
## നിയുക്ത സഹായമെത്രാന്മാർക്ക് പാലാ രൂപതയുടെ
# പ്രാർത്ഥനാശംസകൾ...



**മാർ അലക്സ്**
**താരാമംഗലം**
(മാനന്തവാടി രൂപത)



**മാർ ജോസഫ്**
**കൊല്ലംപറമ്പിൽ**
(ഷംഷാബാദ് രൂപത)



**മാർ തോമസ്**
**പാടിയത്ത്**
(ഷംഷാബാദ് രൂപത)



**പാലാ രൂപതയുടെ പ്രോട്ടോ സിഞ്ചെല്ലൂസായി നിയമിതനായ**
**മോൺ. ജോസഫ് തടത്തിലച്ചന്**
**പ്രാർത്ഥനാശംസകൾ**



ഏകാന്തതാപസ

ജീവിതക്രമത്തിലേക്കു പ്രവേശിച്ച

അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്

പ്രാർത്ഥനാശംസകൾ



30–ാമത് സീറോ മലബാർ ബിഷപ്സ് സിനഡിന്റെ രണ്ടാം സമ്മേളനം



ഷംഷാബാദ് രൂപതയുടെ നിയുക്ത സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവിന്
പാലാ ബിഷപ്സ് ഹൗസിൽ നൽകിയ സ്വീകരണം



റോമിലെ പൊന്തിഫിക്കൽ ഉർബാനോ കോളജിന്റെ റെക്ടർ ഡോൺ അർമാന്തോ ന്ഗുഞ്ചെസിനും
വൈസ് റെക്ടർ ഡോൺ ജോബി കുന്നത്തേട്ടിനും പാലാ ബിഷപ്സ് ഹൗസിൽ നൽകിയ സ്വീകരണം

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

**SEPTEMBER 2022**
**Vol. LXXII No. 9**

# CONTENTS

കെ.സി.ബി.സി. സർക്കുലർ ........................................................ 673

സിനഡാനന്തര സർക്കുലർ ........................................................ 680

മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ കത്ത് ........................ 690

സർക്കുലർ 299 ........................................................................ 694

സർക്കുലർ 300 ........................................................................ 698

കച്ചേരിക്കാര്യം ........................................................................ 701

അറിയിപ്പുകൾ ........................................................................ 704

വാർത്തകൾ ............................................................................ 707

ആദരാഞ്ജലികൾ .................................................................... 742

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ...................................... 748

Ref: 3750/K-5/KCBC/OL/DS 19.08.2022

# കേരള സഭാനവീകരണം 2022-2025

## കെസിബിസി പുറപ്പെടുവിക്കുന്ന 3-ാമത് സർക്കുലർ

കേരളസഭാനവീകരണത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ദൈവകൃപയാൽ സുഗമമായി മുന്നോട്ടുപോകുകയാണല്ലോ. കെ.സി.ബി.സിയിലെ അഭിവന്ദ്യ പിതാക്കന്മാരും എല്ലാ വൈദികരും സന്ന്യസ്തരും അല്മായവിശ്വാസിസമൂഹവും നവീകരണപ്രക്രിയയിൽ വിശ്വാസതീക്ഷ്ണതയോടും ആവേശത്തോടുംകൂടെ കൈകൾ കോർത്തു പ്രവർത്തിക്കുകയാണ്. സംസ്ഥാനതലത്തിൽ ആരംഭിച്ച നവീകരണത്തിന്റെ പ്രാരംഭനടപടികൾ പ്രത്യേകം തിരഞ്ഞെടുത്തിട്ടുള്ള ടീമംഗങ്ങളുടെ നേതൃത്വത്തിൽ രൂപതാതലങ്ങളിലേക്കു വ്യാപിച്ചുകൊണ്ടിരിക്കുന്നു.

ദൈവാത്മാവിന്റെ പ്രചോദനത്താലും കൃപയാലും ആരംഭിച്ചിരിക്കുന്ന ഈ നവീകരണപ്രക്രിയ കൂടുതൽ സജീവവും ഫലപ്രദവുമാകാൻ ആത്മീയമായ ഒരു മുന്നേറ്റം നമുക്കാവശ്യമുണ്ട്. നവീകരിക്കപ്പെട്ട് ഒരു പുതിയ സൃഷ്ടിയായിത്തീരുകയെന്നത് മനുഷ്യന്റെ പ്രയത്നംകൊണ്ടുമാത്രം സാധ്യമാകുന്ന കാര്യമല്ല. ദൈവത്തിന്റെ കരുണയാണ് നമ്മെ നവീകരണത്തിലേക്കു നയിക്കുന്നത്. നമ്മെ നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവിനെ ശ്രവിച്ചുകൊണ്ടും പ്രാർത്ഥനയിലും അനുതാപത്തിലും ദൈവസന്നിധിയിൽ സമയം ചെലവഴിച്ചുകൊണ്ടും ദൈവത്തിന്റെ കാരുണ്യം നമ്മൾ യാചിക്കേണ്ടിയിരിക്കുന്നു.

അപ്പോസ്തലപ്രമുഖനായ വിശുദ്ധ പത്രോസ് ഓർമ്മിപ്പിക്കുന്നതുപോലെ, ക്രിസ്തുവിലുള്ള നവജീവൻ പ്രാപിക്കുന്നതിന് എതിരായിട്ടുള്ളതെല്ലാം നാം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു (1 പത്രോ. 2:2). അനുതാപമെന്നാൽ ജീവിത

ത്തിന്റെ എല്ലാ മേഖലകളിലും ഉണ്ടാകുന്ന ഒരു മാറ്റമാണ്. ഒരു ശിശുവിനെപ്പോലെ നിഷ്കളങ്കനാകുന്ന അവസ്ഥ എന്നാണ് യേശു അതിനെ വിശേഷിപ്പിച്ചിട്ടുള്ളത് (മത്താ. 18:3). പ്രാർത്ഥനയിലൂടെയും അനുതാപത്തിലൂടെയും ഉറച്ച വിശ്വാസത്തിലൂടെയും മാത്രമേ നമുക്ക് ദൈവപിതാവിനോട് ചേർന്നുനില്ക്കാൻ കഴിയുകയുള്ളൂ. കേരളസഭാനവീകര ണത്തിന്റെ പ്രാരംഭകാലത്തുതന്നെ തീവ്രമായ ആത്മീയ ഒരുക്കത്തിനു സഹായകമാകുന്ന ചില കാര്യങ്ങൾ നമുക്കു നിർവഹിക്കാൻ കഴിയും.

**നാല്പതുദിവസത്തെ പ്രാർത്ഥനാചരണവും പൂർണദണ്ഡവിമോചനവും**

സഭയെ നിരന്തരം നയിക്കുകയും നവീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ് ക്രിസ്തുവിൽ നമ്മെ ഒരു പുതിയ സൃഷ്ടിയാക്കി മാറ്റുന്നു. ക്രിസ്തുവാണ് നവീകരണത്തിന്റെ ഉറവിടവും കേന്ദ്രവും. ക്രിസ്തുകേന്ദ്രീകൃതവും സാഹോദര്യ ത്തിലും അനുരഞ്ജനത്തിലും അധിഷ്ഠിതവും പ്രേഷിതാഭി മുഖ്യവുമുള്ള ഒരു ജീവിതശൈലിയിലേക്കാണ് ഈ നവീക രണകാലം നമ്മെ ക്ഷണിക്കുന്നത്. അതുകൊണ്ട് നവീകര ണത്തിന്റെ ഈ പ്രാരംഭഘട്ടത്തിൽ നാല്പതുദിവസം നീണ്ടു നില്ക്കുന്ന പ്രാർത്ഥനാ-പരിത്യാഗപ്രവർത്തനങ്ങൾ നമ്മൾ ആരംഭിക്കുന്നു. 2022 സെപ്തംബർ 9 മുതൽ ഒക്ടോബർ 18 വരെയുള്ള ദിവസങ്ങളിലായി കേരള കത്തോലിക്കാസഭ യിലെ എല്ലാ ഇടവകകളും കുടുംബങ്ങളും വ്യക്തികളും പ്രാർത്ഥനയിലും പരിത്യാഗത്തിലും കഴിയണമെന്ന് സ്നേഹ പൂർവം അഭ്യർത്ഥിക്കുന്നു.

ഈ നാല്പതുദിവസങ്ങളിൽ ഒരു ദിവസം ഒരു രൂപത യ്ക്കുവേണ്ടി എന്നക്രമത്തിൽ പ്രത്യേകമാംവിധം നിശ്ച യിച്ചിട്ടുണ്ട്. ഓരോ രൂപതയും അവർക്കു നിശ്ചയിക്കപ്പെട്ട പ്രസ്തുതദിനത്തിൽ ആ രൂപതയിലെ എല്ലാ കുടുംബങ്ങളും

ഇടവകകളും സ്ഥാപനങ്ങളും സ്വന്തം രൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ഭക്തിയോടും ഒരുക്കത്തോടും അന്നേ ദിവസം കുമ്പസാരം എന്ന കൂദാശ സ്വീകരിച്ചു പ്രാർത്ഥിക്കുന്ന വിശ്വാസികൾക്ക് തിരുസ്സഭയുടെ പ്രത്യേക അധികാരത്തിൻ കീഴിൽ പൂർണദണ്ഡവിമോചനം ലഭിക്കുന്നതാണെന്ന് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. മാത്രമല്ല, കേരളത്തിലെ മറ്റെല്ലാ രൂപതകളും അന്നേദിവസം അവർ അർപ്പിക്കുന്ന ദിവ്യബലിയിലും മറ്റു പ്രാർത്ഥനകളിലും നിശ്ചയിക്കപ്പെട്ട രൂപതയ്ക്കുവേണ്ടി പേരെടുത്തുപറഞ്ഞു പ്രാർത്ഥിക്കുന്നു. അപ്രകാരം ഒരു രൂപതയ്ക്കുവേണ്ടി മറ്റെല്ലാ രൂപതകളും പ്രാർത്ഥിക്കുന്ന അനുഭവം ക്രിസ്തുവിന്റെ ഏകശരീരമായ സഭയുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുകയും പ്രാർത്ഥനയുടെ ഈ ഐക്യത്തിൽ ഒന്നുചേരുന്ന നമ്മുടെ ഹൃദയങ്ങളെ പരിശുദ്ധാത്മാവ് കോർത്തിണക്കി ആദിമസഭാചൈതന്യം നമ്മളിൽ ജ്വലിപ്പിക്കുകയും ചെയ്യും.

കേരളത്തിലെ 32 രൂപതകളെയും ഈ പ്രാർത്ഥനാദിനങ്ങളിൽ പ്രത്യേകം ഓർത്തു പ്രാർത്ഥിച്ചതിനുശേഷമുള്ള എട്ടു ദിനങ്ങളിൽ പ്രത്യേക പൊതുനിയോഗങ്ങൾക്കുവേണ്ടിയും നാം പ്രാർത്ഥിക്കുന്നു. അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ പൊതുനിയോഗങ്ങളും ഉൾപ്പെടുത്തിട്ടുണ്ട്.

**ഒക്ടോബർ മാസാചരണം**

പരിശുദ്ധ കന്യകാമറിയത്തോടുള്ള വണക്കത്തിനും ജപമാല ആചരണത്തിനുമായി പ്രത്യേകം സമർപ്പിക്കപ്പെട്ടിട്ടുള്ള ഒക്ടോബർ മാസാചരണത്തിലൂടെ പരിശുദ്ധ അമ്മയ്ക്ക് നമ്മുടെ കുടുംബങ്ങളെയും കേരളസഭ മുഴുവനെയും നമുക്ക് ഭരമേല്പിക്കാം. ഒക്ടോബർ മാസാചരണത്തിന്റെ ആവശ്യകതയും പ്രാധാന്യവും പഠിപ്പിച്ചുകൊണ്ട് 1891 സെപ്തംബർ 22 ന് ലെയോ പതിമൂന്നാമൻ മാർപാപ്പ 'ഒക്ത്തോബ്രി മെൻസേ' എന്ന പേരിൽ പുറപ്പെടുവിച്ച

ചാക്രികലേഖനത്തിൽ ഇങ്ങനെ പറയുന്നു: "പുത്രനിലൂടെയല്ലാതെ ഒരുവനും പിതാവിലേക്കു പോകുന്നില്ല. അതുപോലെ, ക്രിസ്തുവിലേക്ക് ഒരുവനും അവിടുത്തെ അമ്മയിലൂടെയല്ലാതെ പോകുന്നില്ല" (n.4). പീഡിതരെയും തകർന്നവരെയും ദൈവകാരുണ്യത്തിലുള്ള പ്രത്യാശയിലേക്ക് പിടിച്ചുയർത്താൻ വേണ്ടത്ര കാരുണ്യമുള്ള അമ്മയും മധ്യസ്ഥയുമാണ് പരിശുദ്ധമറിയം. ദൈവത്തിന്റെയും മനുഷ്യരുടെയും മാതാവായ മറിയത്തിനുമുൻപിൽ ക്രൈസ്തവലോകം നിരന്തരം പ്രാർത്ഥനകൾ ചൊരിയണമെന്ന് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (LG 69).

2022 ഒക്ടോബർ ഒന്നാം തീയതി മുതൽ 31-ാം തീയതി വരെ കേരള കത്തോലിക്കാ സഭാംഗങ്ങൾ മുഴുവൻ ഏകഹൃദയത്തോടും തീവ്രഭക്തിയോടുംകൂടെ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു. അപ്രകാരം ഈ ജപമാല പ്രാർത്ഥനയിലൂടെ സന്തോഷത്തിന്റെയും സന്താപത്തിന്റെയും മഹത്ത്വത്തിന്റെയും ദൈവിക വെളിപാടുകളുടെയും മഹാരഹസ്യങ്ങളിൽ യേശുവിനോടുചേർന്നു പങ്കുവഹിച്ച പരിശുദ്ധ മറിയത്തോടൊപ്പം നമ്മളും ധ്യാനപൂർവ്വം പങ്കുചേരുന്നു.

### വിമലഹൃദയ പ്രതിഷ്ഠ

2022 ഒക്ടോബർ 31-ാം തീയതി തിങ്കളാഴ്ച ജപമാലയജ്ഞത്തിന്റെ സമാപനദിനത്തിൽ ഓരോ രൂപതയെയും അതതു രൂപതകളുടെ അധ്യക്ഷന്മാർ പരിശുദ്ധ ദൈവമാതാവിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു പ്രാർത്ഥിക്കുന്നു. അന്നേദിവസം കത്തീഡ്രൽ ദൈവാലയത്തിൽ അർപ്പിക്കുന്ന ദിവ്യബലിമധ്യേയാണ് ഈ പ്രതിഷ്ഠ നടത്തേണ്ടത്. പാലാരിവട്ടം പി.ഒ.സി. ചാപ്പലിൽ അന്നേദിനം വൈകുന്നേരം 5 മണിക്ക് അർപ്പിക്കുന്ന ദിവ്യബലിമധ്യേ കേരള കത്തോലിക്കാസഭയെ മുഴുവനായും പരിശുദ്ധ അമ്മയുടെ വിമല

ഹൃദയത്തിനു പ്രതിഷ്ഠിച്ചു പ്രാർത്ഥിക്കും. കേരള സഭാന വീകരണയജ്ഞത്തിൽ പരിശുദ്ധ മറിയം നമ്മോടൊത്തു യാത്ര ചെയ്യുകയും നമുക്കുവേണ്ടി നിരന്തരം തന്റെ പുത്രന്റെ സന്നിധിയിൽ മാധ്യസ്ഥ്യം അപേക്ഷിക്കുകയും ചെയ്യട്ടെ. സഭയെയും സമൂഹത്തെയും നമ്മുടെ കുടുംബങ്ങളെയും നമ്മെ ഓരോരുത്തരെയും പരിശുദ്ധ അമ്മയ്ക്കു ഭരമേല്പിച്ചു പ്രാർത്ഥിക്കാം.

**യൗസേപ്പിതാവിന്റെ മാതൃക**

ഈശോയുടെ വളർത്തുപിതാവും തിരുസ്സഭയുടെ സംര ക്ഷകനുമായ വിശുദ്ധ യൗസേപ്പിതാവിന്റെ സംരക്ഷണ ത്തിനും മാധ്യസ്ഥത്തിനുമായി കേരളസഭയെ മുഴുവനായും നമ്മെ ഓരോരുത്തരെ വ്യക്തിപരമായും സമർപ്പിക്കാം. ദൈവ വചനത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കുകയും ദൈവികനിയമങ്ങളോടു കണിശതയോടെ വിശ്വസ്തത പുലർത്തുകയും ചെയ്ത വിശുദ്ധ യൗസേപ്പിതാവിന്റെ നീതി ബോധം നമ്മുടെ വിശ്വാസജീവിതത്തിനു മാതൃകയും പ്രചോദനവുമായി ഭവിക്കട്ടെ. ദൈവം തന്നെ ഭരമേല്പിച്ച മറിയത്തെ അപമാനിതയാകാൻ വിട്ടുകൊടുക്കാതെ അവ ളുടെ സ്ത്രീത്വത്തെ ആദരിച്ച യൗസേപ്പിതാവ് സഭയുടെയും നമ്മുടെ കുടുംബങ്ങളുടെയും സംരക്ഷകനാണ്. വിശുദ്ധ യൗസേപ്പിതാവിന്റെ വിശ്വസ്തതയുടെയും നീതിബോധത്തി ന്റെയും മാതൃക ഈ നവീകരണകാലത്ത് നമുക്കു സഹാ യകമാകട്ടെ.

**വൈദികർക്കും സന്ന്യസ്തർക്കുംവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനാദിനം**

കേരളസഭയിലെ മുഴുവൻ വൈദികരെയും സന്ന്യസ്ത രെയും ദൈവതിരുമുമ്പിൽ സമർപ്പിച്ചു പ്രാർത്ഥിക്കാൻ ഈ നവീകരണകാലത്ത് നമ്മൾ പ്രത്യേകം ശ്രദ്ധവയ്ക്കേണ്ടിയി രിക്കുന്നു. ആയതിനാൽ, നാല്പതുദിവസത്തെ പ്രത്യേക

പ്രാർത്ഥനാചരണദിവസങ്ങളിൽ ഒരു ദിവസം വൈദികർക്കും സന്ന്യസ്തർക്കുമായി സമർപ്പിക്കാം. ഓരോ രൂപതയുടെയും അധ്യക്ഷന്മാർ അതിനായി ഒരു പ്രത്യേകദിനം കണ്ടെത്തി രൂപതാംഗങ്ങളെ അറിയിക്കുന്നതാണ്.

**ഉപസംഹാരം**

ആത്മീയമായ ഒരുക്കത്തോടെ പരിശുദ്ധ അമ്മയോടും വിശുദ്ധ യൗസേപ്പിതാവിനോടും ചേർന്ന് കേരളസഭാ നവീകരണയജ്ഞത്തിൽ നമുക്കു മുന്നേറാം. ഇവരുടെ മാതൃകയും മധ്യസ്ഥതയും നമുക്കു തുണയായിരിക്കട്ടെ. എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

**കർദിനാൾ ജോർജ് ആലഞ്ചേരി**

കെസിബിസി പ്രസിഡന്റ്

**ബിഷപ് വർഗീസ് ചക്കാലക്കൽ**

കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ് ജോസഫ് മാർ തോമസ്**

കെസിബിസി സെക്രട്ടറി ജനറൽ

പി.ഒ.സി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം, കൊച്ചി 682 025

---

NB: ഈ സർക്കുലർ **2022 സെപ്തംബർ 4 ഞായറാഴ്ച** കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

1. കെസിബിസി സർക്കുലറിൽ നിർദേശിച്ചിരിക്കുന്നതനുസരിച്ച് **നമ്മുടെ രൂപതയിൽ 2022 സെപ്റ്റംബർ 26 തിങ്കളാഴ്ച പ്രാർത്ഥനാദിനമായി ആചരിക്കുന്നു.** അന്നേദിവസം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും രൂപതയ്ക്കും ദൈവജനത്തിനുംവേണ്ടി പരിശുദ്ധ കുർബാന അർപ്പിക്കുകയും പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തുകയും കുമ്പസാരത്തിനായി പ്രത്യേകസൗകര്യം ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.

2. **2022 ഒക്ടോബർ 14 വെള്ളിയാഴ്ച നമ്മുടെ രൂപതയിൽ വൈദികർക്കും സന്ന്യസ്തർക്കും വേണ്ടിയുള്ള പ്രത്യേകപ്രാർത്ഥനാദിനമായി ആചരിക്കുന്നു.** അന്നേദിവസം കത്തീഡ്രൽ ദൈവാലയത്തിൽ രാവിലെ 10 മണിമുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ പ്രാർത്ഥനാശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. സാധിക്കുന്ന എല്ലാവരും ആ പ്രാർത്ഥനാശുശ്രൂഷയിൽ സംബന്ധിക്കുകയും വൈദികർക്കും സന്ന്യസ്തർക്കുംവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്.

3. ഒക്ടോബർ മാസം ജപമാല മാസമായി ആചരിക്കേണ്ടതാണ്. **2022 ഒക്ടോബർ 31 തിങ്കളാഴ്ച** ജപമാല മാസാചരണസമാപനത്തിൽ കത്തീഡ്രൽ ദൈവാലയത്തിൽ അർപ്പിക്കുന്ന പരിശുദ്ധ കുർബാനമധ്യേ രൂപതയിലെ ദൈവജനത്തെ മുഴുവൻ പരിശുദ്ധ ദൈവമാതാവിനു സമർപ്പിച്ചു വിമലഹൃദയപ്രതിഷ്ഠ നടത്തുന്നതാണ്.

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 31.08.2022

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

Prot No. 0828/2022

# സിനഡനന്തര സർക്കുലർ

സീറോമലബാർ സഭയുടെ മേജർ ആർച്ചു ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോ മലബാർ സഭയുടെ മുപ്പതാമത് സിനഡിന്റെ രണ്ടാം സമ്മേളനം ആഗസ്റ്റ് 16 മുതൽ 25 വരെ സഭാ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലികവിഷയങ്ങളെക്കുറിച്ച് പ്രാർത്ഥനാപൂർവ്വം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണ് സിനഡ് പിതാക്കന്മാർ ശ്രമിച്ചത്.

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം സമുചിതമായ രീതിയിൽ വിവിധ രൂപതകളിൽ ആചരിക്കുന്നതിൽ സിനഡ് സംതൃപ്തി രേഖപ്പെടുത്തി. ഈശോമിശിഹായ്ക്കു സാക്ഷ്യം വഹിക്കുകയെന്നത് രക്തസാക്ഷിത്വത്തിനു കാരണമാണെന്ന് മാർത്തോമ്മാശ്ലീഹായുടെ ജീവിതമാതൃക നമ്മെ പഠിപ്പിക്കുന്നുണ്ട്. വിശ്വാസത്തിന്റെ പേരിൽ ഭാരതത്തിൽ ക്രൈസ്തവർ അനുഭവിക്കുന്ന പീഡനങ്ങളെയും വിവേചനങ്ങളെയും ഈ രക്തസാക്ഷിത്വത്തിന്റെ പശ്ചാത്തലത്തിലാണു നാം മനസ്സിലാക്കേണ്ടത്. വിശ്വാസവഴികളിലെ പ്രതിസന്ധികളിൽ നഷ്ട

ധൈര്യരാകാതിരിക്കാനും പ്രേഷിതപ്രവർത്തനങ്ങൾ ക്കായി പുനരർപ്പണം ചെയ്യാനും മാർത്തോമ്മാശ്ലീഹാ യുടെ രക്തസാക്ഷിത്വസ്മരണ നമ്മെ ശക്തിപ്പെടുത്തും.

**കർഷകരും തീരവാസികളും**

കുടിയേറ്റക്കർഷകരും തീരദേശവാസികളും സമാന തകളില്ലാത്ത സങ്കടങ്ങളിലൂടെയും ആശങ്കകളിലൂടെ യുമാണു കടന്നുപോകുന്നതെന്ന് സിനഡ് വിലയിരുത്തി. ബഫർസോൺ സംബന്ധിച്ച സുപ്രീം കോടതിയുടെ വിധി യിൽ കർഷകരുടെ ഗുരുതരമായ ആശങ്കകൾ പരിഹരി ക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള വീഴ്ചകൾ ദുഃഖകരമാണ്. 1977 നുമുമ്പ് പട്ടയം ലഭിച്ച കുടിയേറ്റക്കർഷകർ വനം കയ്യേറിയവരായി ചിത്രീകരിച്ചു പരമോന്നത നീതിപീഠത്തിനുമുന്നിൽ കേരള സർക്കാർ നൽകിയ സത്യവാങ്മൂലം കുടിയേറ്റക്കർഷകരോടുള്ള വെല്ലുവിളിയായിട്ടാണ് അവർ മനസ്സിലാക്കുന്നത്. കർഷകരുടെ ആവശ്യങ്ങളോട് എന്നും വൈമുഖ്യം പുലർത്തിയിട്ടുള്ള വനംവകുപ്പിനെമാത്രം ഈ കേസിന്റെ നടത്തിപ്പിനായി നിയോഗിച്ചതുതന്നെ അടിസ്ഥാനപരമായ വീഴ്ചയാണ്. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൃഷി-റവന്യൂ വകുപ്പുകൾകൂടി ഉൾപ്പെടുന്ന സമിതിയെ കേസിന്റെ നടത്തിപ്പിനായി നിയോഗിക്കണമെന്നു സീറോ മലബാർ സഭാസിനഡ് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. നിഷ്പക്ഷമായി നീതി നടപ്പിലാക്കാൻ നിർദിഷ്ട ബഫർ സോൺ പ്രദേശങ്ങളിലെ ജനപ്രതിനിധികളെക്കൂടി സമിതി യിൽ ഉൾപ്പെടുത്തണം. കർഷകരുടെ കൃഷിയിടങ്ങ ളൊന്നും ബഫർസോൺ ആയി പ്രഖ്യാപിക്കപ്പെടുന്ന മേഖലയിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താൻ സർ ക്കാരിനു കഴിയണം.

വൻകിട കമ്പനികൾക്കുവേണ്ടി കുടിയിറക്കപ്പെടുന്ന വിഴിഞ്ഞത്തെ തീരവാസികളുടെ സമരത്തിനു സീറോ മലബാർ സഭ പൂർണ്ണ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. വികസനത്തിന്റെ പേരിൽ തീരദേശവാസികളുടെ വാസ സ്ഥലവും ഉപജീവനമാർഗവും നഷ്ടമായിട്ടു വർഷങ്ങളായി. വിഴിഞ്ഞം തുറമുഖത്തിന്റെ പേരിൽ കുടിയിറക്കപ്പെട്ടവരെ പുനരധിവസിപ്പിക്കാനും മത്സ്യബന്ധനമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കാനും സർക്കാർ ആത്മാർത്ഥതയോടെ ഇടപെടണം. അതിജീവനത്തിനായി പൊരുതുന്ന തീരദേശവാസികളുടെ സമരത്തിന്റെ ആത്മാർത്ഥതയെ ചോദ്യംചെയ്യുന്ന രീതിയിലുള്ള പ്രസ്താവനകൾ ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് അപലപനീയമാണ്.

പ്രളയക്കെടുതിയിൽ വൻതോതിൽ കൃഷിനാശം സംഭവിച്ച കുട്ടനാട്ടിലെ കർഷകരുടെയും പ്രകൃതിക്ഷോഭങ്ങളിൽ കനത്ത നാശനഷ്ടങ്ങൾ നേരിട്ട മലയോര കർഷകരുടെയും ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിലെ മനുഷ്യരുടെയും സങ്കടങ്ങൾക്കു പരിഹാരം ആവശ്യമാണ്.

**ഞായറാഴ്ചകൾ പ്രവൃത്തിദിനങ്ങളാക്കുന്നതിൽ പ്രതിഷേധം**

ഫയലുകൾ തീർപ്പാക്കുന്നതിന്റെ മറവിൽ ഞായറാഴ്ചകളെ പ്രവൃത്തിദിവസങ്ങളാക്കുന്ന ഉത്തരവുകൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്ന് ആവർത്തിച്ചുണ്ടാകുന്നത് പുനഃപരിശോധിക്കണമെന്നു സർക്കാരിനോട് ആവശ്യപ്പെടുന്നു. ക്രൈസ്തവരുടെ ഞായറാഴ്ചയാചരണത്തെ പരിഗണിച്ചുകൊണ്ടുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നു പ്രത്യാശിക്കുന്നു.

വിവിധ മത്സര പ്രവേശനപ്പരീക്ഷകൾ ഞായറാഴ്ചകളിൽ ക്രമീകരിക്കുന്നത് ക്രൈസ്തവരായ അപേക്ഷകർക്ക് അവസരം നിഷേധിക്കുന്നതിനു സമാനമാണ്. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന പതിവുകളെ മതേതരത്വത്തിനു വിരുദ്ധമായ ചിന്തകളോടെ മാറ്റിമറിക്കാനുള്ള ചില നിക്ഷിപ്തതാത്പര്യക്കാരുടെ നീക്കങ്ങളെ തിരിച്ചറിയാനും തിരുത്താനുമുള്ള ആർജ്ജവം സർക്കാർ പ്രകടമാക്കണം.

**യാമപ്രാർത്ഥനകളുടെ നവീകരണം**

നമ്മുടെ കർത്താവിന്റെ രക്ഷാകരസംഭവങ്ങളിൽ തിരുസ്സഭയോടൊത്ത് ഓരോ യാമത്തിലും പങ്കുചേർന്നു പ്രാർത്ഥിക്കാനുള്ള അവസരമാണ് യാമപ്രാർത്ഥനകൾ പ്രദാനം ചെയ്യുന്നത്. സീറോമലബാർ സഭയുടെ യാമപ്രാർത്ഥനകൾ മൂലരൂപത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ടു നവീകരിക്കാനുള്ള പരിശ്രമങ്ങൾ ഒരു വ്യാഴവട്ടക്കാലമായി തുടരുകയായിരുന്നു. ശ്രമകരമായ ഈ ദൗത്യം പൂർത്തിയാക്കി നവീകരിച്ച യാമപ്രാർത്ഥനാഗ്രന്ഥത്തിന് സിനഡ് അംഗീകാരം നൽകി. യാത്രകളിലും മറ്റ് അവശ്യസന്ദർഭങ്ങളിലും ഉപയോഗിക്കാനുതകുന്ന ഹ്രസ്വരൂപത്തിലുള്ള യാമപ്രാർത്ഥനാഗ്രന്ഥവും ലഭ്യമാകും. സഭയോടു ചേർന്നു പ്രാർത്ഥിക്കാനും രക്ഷാകരഫലങ്ങൾ അനുദിനം അനുഭവിക്കാനും സഹായകമായ ഈ പ്രാർത്ഥനകൾ വൈദികർക്കും സന്ന്യസ്തർക്കും മാത്രമല്ല, എല്ലാ വിശ്വാസികൾക്കും ആത്മീയവളർച്ചയ്ക്കു സഹായകമാണ്. യാമപ്രാർത്ഥനകൾ. ദൈവജനത്തെ പരിശീലിപ്പിക്കാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

**എറണാകുളം-അങ്കമാലി അതിരൂപത**

എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണച്ചുമതലയുള്ള അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ (sede plena) ആയി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത യായ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ നിയമിച്ചിരിക്കുകയാണല്ലോ. തന്റെ നിയമനപത്രത്തിൽ വ്യക്തമാക്കിയ നിർദ്ദേശങ്ങൾക്കനുസൃതമായി അതിരൂപ തയുടെ ഭരണം നിർവ്വഹിക്കാൻ താൻ കടപ്പെട്ടവനാ ണെന്ന് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സിനഡിനെ അറിയിച്ചു. അതിരൂപതയുടെ കൂട്ടായ്മയും നന്മയും ലക്ഷ്യമാക്കി അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എടുക്കുന്ന എല്ലാ നിലപാടുകൾക്കും സിനഡ് പൂർണ്ണ പിന്തുണ അറിയിച്ചു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു വേണ്ടി എടുത്ത ഈ തീരുമാനങ്ങളോട് അഭിപ്രായാന്തര ങ്ങൾ മറന്ന് ഒരു മനസ്സോടെ സഹകരിക്കണമെന്ന് എറ ണാകുളം അങ്കമാലി അതിരൂപതയിലെ എല്ലാ വൈദിക രോടും സന്ന്യസ്തരോടും അല്മായസഹോദരങ്ങളോടും സിനഡ് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്. പൈതൃകസ്നേഹത്തോടെയുള്ള മാർപാപ്പയുടെ തീരു മാനത്തിനുമുമ്പിൽ വിയോജിപ്പിന്റെയും എതിർപ്പിന്റെയും ശബ്ദങ്ങൾ അവസാനിപ്പിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

**ആദരങ്ങളും ബഹുമതികളും**

സീറോ മലബാർ സഭയുടെ ആരാധനാക്രമരംഗത്ത് നിസ്തുലമായ സംഭാവനകൾ നൽകുന്നവരെ ആദരി ക്കാനായി 'പൗരസ്ത്യരത്ന' അവാർഡ് ഏർപ്പെടുത്താൻ

സിനഡ് തീരുമാനിച്ചു. നമ്മുടെ സഭയുടെ ആരാധനാക്രമ പൈതൃകങ്ങളെ സംരക്ഷിക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ച അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവാണ് പൗരസ്ത്യരത്നം അവാർഡിന് ആദ്യമായി അർഹനായിരിക്കുന്നത്. നവതിയുടെ നിറവിലായിരിക്കുന്ന അവാർഡുജേതാവിനു സഭയുടെ മുഴുവൻ അനുമോദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

സാമൂഹികസേവനരംഗത്തെ നിസ്വാർത്ഥസേവനങ്ങളെ ആദരിക്കാനായി ഏർപ്പെടുത്തിയ അവാർഡിന് ഈ വർഷം അർഹരായിരിക്കുന്നത് ചങ്ങനാശ്ശേരി അതിരൂപതാംഗമായ നവജീവൻ ട്രസ്റ്റിലെ ശ്രീ പി.യു. തോമസും മാനന്തവാടി രൂപതയിലെ ഫാ. ജോസഫ് ചിറ്റൂരും ജഗ്ദൽപൂർ രൂപതയിലെ ദീനബന്ധു സമാജ് സന്ന്യാസസമൂഹാംഗമായ സിസ്റ്റർ ലിസ്സെറ്റുമാണ്. അവാർഡ് ജേതാക്കളുടെ സമാനതകളില്ലാത്ത സാമൂഹിക പ്രതിബദ്ധതയെ സിനഡ് ആദരപൂർവ്വം അനുസ്മരിക്കുന്നു.

**പുതിയ ഇടയന്മാർ**

ഇന്ത്യയിലെ 33 സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ഷംഷാബാദ് രൂപതയുടെ അതിർത്തികൾ ഇതര സീറോമലബാർ രൂപതകളുടെ അതിർത്തികളുമായി പുനഃക്രമീകരിക്കേണ്ടത് ആവശ്യമാണെന്ന് സിനഡ് വിലയിരുത്തി. ശ്ലൈഹിക സിംഹാസനത്തിന്റെ അനുമതിയോടെ ഇക്കാര്യം നടപ്പിൽ വരുത്തുന്നതാണ്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള കർമപദ്ധതികൾ സിനഡ് ആവിഷ്കരിച്ചിട്ടുണ്ട്. അതിവിശാലമായ ഷംഷാബാദ് രൂപതയുടെ മിഷൻ പ്രവർത്തനങ്ങളും പ്രവാസികളുടെ അജപാലനവും സുഗമ

മാക്കുന്നതിനായി പ്രസ്തുത രൂപതയ്ക്കായി രണ്ടു സഹായമെത്രാന്മാരെ തിരഞ്ഞെടുത്തു. പാലാ രൂപതയിലെ വൈദികനായ ഫാ. ജോസഫ് കൊല്ലംപറമ്പിൽ, ചങ്ങനാശ്ശേരി അതിരൂപതയിലെ വൈദികനായ ഫാ. തോമസ് പാടിയത്ത് എന്നിവരാണ് ഷംഷാബാദ് രൂപതയുടെ പുതിയ സഹായമെത്രാന്മാരായി നിയമിതരായത്. രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനും പുതിയ സഹായമെത്രാന്മാർക്കും ഷംഷാബാദ് രൂപതയ്ക്കും പ്രാർത്ഥനാനിർഭരമായ ഭാവുകങ്ങൾ ആശംസിക്കുന്നു. ഷംഷാബാദ് രൂപതയുടെ സ്ഥാപനത്തിലൂടെ ഭാരതം മുഴുവനിലും പ്രവർത്തനം വ്യാപിപ്പിക്കാൻ പുതിയ ക്രമീകരണങ്ങളിലൂടെ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

1973 ൽ ആരംഭിച്ച മാനന്തവാടി രൂപത കേരളത്തിലെ മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലും തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലും വ്യാപിച്ചതാണ്. വിശാലമായ ഈ രൂപതയുടെ അജപാലനനിർവഹണത്തിന് ഒരു സഹായമെത്രാനെ ആവശ്യമാണെന്ന രൂപതാധ്യക്ഷന്റെ അഭ്യർത്ഥന അംഗീകരിച്ച സിനഡ് തലശ്ശേരി അതിരൂപതാംഗമായ ഫാ. അലക്സ് താരാമംഗലത്തിനെ മാനന്തവാടി രൂപതയുടെ സഹായമെത്രാനായി തിരഞ്ഞെടുത്തു. രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിനും പുതിയ സഹായമെത്രാനും മാനന്തവാടി രൂപതയ്ക്കും പ്രാർത്ഥനാനിർഭരമായ ഭാവുകങ്ങൾ നേരുന്നു. ചിക്കാഗോ രൂപതയുടെ സഹായമെത്രാനായിരുന്ന അഭിവന്ദ്യ മാർ ജോയി ആലപ്പാട്ട് പിതാവിനെ പ്രസ്തുത രൂപതയുടെ മെത്രാനായി ഫ്രാൻസീസ്

മാർപ്പാപ്പാ നിയോഗിച്ചു. പുതിയ ഇടയനും ചിക്കാഗോ രൂപതയ്ക്കും അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു. തന്റെ സഭയിലെ ശുശ്രൂഷയ്ക്കായി അനുയോജ്യരായ ഇടയന്മാരെ നൽകുന്ന നല്ല ദൈവത്തിനു നമുക്ക് നന്ദി പറയാം.

**വിരമിക്കൽ**

ചിക്കാഗോ രൂപതയുടെ മെത്രാനായി രണ്ടു പതിറ്റാണ്ടിലേറെ ശുശ്രൂഷ ചെയ്ത അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയാത്ത് പിതാവ് 75 വയസ്സ് പൂർത്തിയായതിനെത്തുടർന്നു സഭാനിയമപ്രകാരം നൽകിയ രാജി പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പാ സ്വീകരിച്ചു. ഇല്ലായ്മകളുടെ നടുവിൽനിന്ന് ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയെ വളർത്തിയെടുത്തത് അഭിവന്ദ്യ പിതാവിന്റെ ക്രാന്തദർശനവും ദൈവാശ്രയബോധത്തിലൂന്നിയുള്ള കഠിനാധ്വാനവുമാണ്. അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയാത്ത് പിതാവിന്റെ നിസ്തുലമായ സേവനത്തെ സിനഡ് ആദരപൂർവ്വം ഓർമിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു വേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി സ്ഥാനത്തുനിന്നു വിരമിച്ച അഭിവന്ദ്യ മാർ ആന്റണി കരിയിൽ പിതാവിന്റെ സേവനങ്ങളെയും സിനഡ് കൃതജ്ഞതയോടെ സ്മരിക്കുന്നു. സീറോമലബാർ സഭയുടെ മെത്രാൻ സിനഡിന്റെ സെക്രട്ടറി എന്ന നിലയിൽ അഭിവന്ദ്യ പിതാവു കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ചെയ്ത സേവനം ശ്ലാഘനീയമാണ്.

പാലാ രൂപതയുടെ സഹായമെത്രാനായി സേവനം ചെയ്തിരുന്ന അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ്

സന്ന്യാസജീവിതത്തോടുള്ള താത്പര്യത്താൽ ശുശ്രൂഷ യിൽനിന്നു വിരമിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് രാജി സമർപ്പിച്ചു. വിശദമായ ചർച്ചകൾക്കും പ്രാർത്ഥന കൾക്കുംശേഷം അഭിവന്ദ്യ മാർ മുരിക്കൻ പിതാവിന്റെ രാജി പെർമനന്റ് സിനഡിന്റെ അനുവാദത്തോടെ മേജർ ആർച്ചുബിഷപ്പ് സ്വീകരിച്ചു. കഴിഞ്ഞ പത്തുവർഷമായി പാലാ രൂപതയുടെ സഹായമെത്രാനെന്ന നിലയിലും സിനഡിന്റെ വിവിധ കമ്മീഷനുകളിലെ അംഗമെന്ന നില യിലും അഭിവന്ദ്യപിതാവു നൽകിയ നിസ്തുലങ്ങളായ സേവനങ്ങളെ സിനഡ് നന്ദിയോടെ അനുസ്മരിക്കുന്നു. തുടർന്നുള്ള താപസജീവിതവഴികളിൽ എല്ലാ ദൈവാ നുഗ്രഹങ്ങളും ആശംസിക്കുന്നു.

**യുവജനപ്രേഷിതത്വം**

സഭയുടെ ശക്തിയായ യുവജനങ്ങളുടെ അജ പാലനം ഈ സിനഡിന്റെ മുഖ്യ ചർച്ചാവിഷയങ്ങളിൽ ഒന്നായിരുന്നു. യുവജനങ്ങളോടൊത്തു സഞ്ചരിക്കുന്ന സഭയായി മാറേണ്ടതുണ്ടെന്നു സിനഡ് വിലയിരുത്തി. ഇന്ത്യയ്ക്കു പുറത്തുള്ള നാലു സീറോ മലബാർ രൂപത കളിലെയും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനി ലെയും യുവജനങ്ങൾ സംയുക്തമായി റോമിൽ നടത്തിയ സമ്മേളനം (Arise 2022) ഏറെ പ്രതീക്ഷ പകരുന്നതാണ്.

പ്രതിസന്ധികൾക്കു നടുവിലും സഭാനൗകയെ ശാന്തമായി മുന്നോട്ടുനയിക്കുന്ന നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദി പറയാം. ദൈവത്തിന്റെ അനുഗൃഹീതമാതാവും നമ്മുടെ അമ്മയു മായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാ വായ മാർത്തോമ്മാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു

സഹായമാകട്ടെ. പിതാവായ ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹവും നമ്മുടെ കർത്താവീശോമിശിഹായുടെ നിരന്തരസാന്നിധ്യവും പരിശുദ്ധാത്മാവിന്റെ കൃപയാർന്ന പരിപാലനയും നമ്മോടുകൂടെ എന്നുമുണ്ടായിരിക്കട്ടെ. കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചു ബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2022-ാം ആണ്ട് ആഗസ്റ്റ് മാസം 25-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

---

NB : ഈ സർക്കുലർ **2022 സെപ്റ്റംബർ 11-ാം തീയതി ഞായറാഴ്ച** സീറോമലബാർ സഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സന്ന്യാസഭവനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ കത്ത്

ഈശോമിശിഹായിൽ ഏറ്റവും പ്രിയബഹുമാനപ്പെട്ട വൈദികരെ, സന്ന്യസ്തരെ, വാത്സല്യമുള്ള ദൈവമക്കളെ,

2012 ആഗസ്റ്റ് 24-ാം തീയതിയാണ് പാലാ രൂപതയുടെ സഹായമെത്രാനായി സീറോ മലബാർ സഭാ സിനഡിന്റെ തീരുമാനപ്രകാരം സഭാതലവനായ അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് പരിശുദ്ധ സിംഹാസനത്തിന്റെ അനുമതിയോടെ എന്നെ നിയമിച്ചത്. അന്നുമുതൽ വലിയ സന്തോഷത്തോടും അഭിമാനത്തോടുംകൂടി ഈ ശുശ്രൂഷ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിനോടുചേർന്ന് ഞാൻ നിർവ്വഹിച്ചുവരികയായിരുന്നല്ലോ. 2017 ൽ എനിക്കു ലഭിച്ച ഒരു ആത്മീയ ഉൾവിളിയിൽ ഏകാന്ത - താപസ പരിഹാരജീവിതത്തിനായി ദൈവം എന്നെ ഒരുക്കുന്നതായി അനുഭവപ്പെട്ടു. ഈ അനുഭവം ഉടനെതന്നെ അഭിവന്ദ്യ കർദ്ദിനാൾ തിരുമേനിയെയും നമ്മുടെ പിതാവിനെയും ഞാൻ അറിയിച്ചു. വിളിയുടെ വാസ്തവികത വെളിപ്പെട്ടുകിട്ടാൻ പ്രാർത്ഥനയോടെ കാത്തിരിക്കാൻ രണ്ടുപേരും എന്നോടു നിർദ്ദേശിച്ചു. തുടർന്ന്, വർഷങ്ങൾ പിന്നിടുമ്പോഴും എന്നിൽ ആ വിളി കൂടുതൽ ദൃഢമായിത്തീരുന്നതായും ദൈവം എന്നെ പ്രസ്തുത ജീവിതത്തിനായി നിയോഗിക്കുന്നതായും എനിക്കു ശക്തിയായി അനുഭവപ്പെട്ടുകൊണ്ടിരുന്നു. ഈ സ്ഥിതിയിൽ തുടർന്ന് മുന്നോട്ടുപോകുവാൻ സാധ്യമല്ലാത്തവിധം മാനസികാവസ്ഥയിൽ ഞാൻ എത്തിച്ചേരുന്ന സ്ഥിതിവിശേഷമുണ്ടായി. മാത്രമല്ല, ഇക്കാരണത്താൽ എന്റെ ഉള്ളിൽത്തന്നെ മാനസികപിരിമുറുക്കവും സംഘർഷവും ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിൽ മാനസികമായ ആരോഗ്യ കാരണങ്ങളാൽ പാലാ രൂപതയുടെ സഹായ മെത്രാൻ സ്ഥാനത്തുനിന്ന് എന്നെ വിടുതൽ ചെയ്യണമെന്ന് അപേക്ഷിച്ചുകൊ

ണ്ടുള്ള കത്ത് സീറോ മലബാർ സഭയുടെ തലവനായ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനു സമർപ്പിക്കുകയുണ്ടായി. ഇതേസമയംതന്നെ പരിശുദ്ധ പിതാവിനും എല്ലാ വിവരങ്ങളും വിശദമായി വിവരിച്ചുകൊണ്ടുള്ള കത്ത് ഞാൻ അയയ്ക്കുകയുണ്ടായി.

ദീർഘനാളത്തെ പ്രാർത്ഥനാനിർഭരവും ശക്തവുമായ ഉൾവിളിയുടെ ഫലമായുള്ള ഈ തീരുമാനം ദൈവനിശ്ചയമായി സ്വീകരിച്ച് അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് നമ്മുടെ പിതാവുമായി ആലോചിച്ച് പ്രസ്തുത ഏകാന്തതാപസജീവിതത്തിന് ആഗസ്റ്റുമാസം നടക്കുന്ന സഭാസിനഡിൽ പറഞ്ഞ് അനുമതി നൽകാമെന്നും അറിയിക്കുകയുണ്ടായി. എകാന്തതാപസജീവിതത്തിനായി എനിക്കു വെളിപ്പെട്ടു കിട്ടിയപ്രകാരം ഇടുക്കി ജില്ലയിലെ പെരുവന്താനം പഞ്ചായത്തിലെ നല്ലതണ്ണിയിൽ പൗരസ്ത്യ ആത്മീയ ദൈവശാസ്ത്രദർശനങ്ങളാൽ ബഹു. ഡോ. സേവ്യർ കൂടപ്പുഴ അച്ചൻ സ്ഥാപിച്ച മാർത്തോമ്മാശ്ലീഹാ ദയറായോടനുബന്ധിച്ചുള്ള വാസസ്ഥലം സ്വീകരിക്കുവാനും എനിക്ക് അനുമതി നൽകി. അതിൻപ്രകാരം എന്റെ താമസം പ്രസ്തുത ആശ്രമാന്തരീക്ഷത്തിലായിരിക്കും തുടർന്ന് ഉണ്ടാകുന്നതെന്നും അറിയിക്കട്ടെ.

കഴിഞ്ഞ ഏതാണ്ടു മൂന്നു പതിറ്റാണ്ടുകളായി പാലാരൂപതയിൽ വ്യത്യസ്തങ്ങളായ ശുശ്രൂഷകൾ പൂർണ്ണ സന്തോഷത്തോടും സംതൃപ്തിയോടുംകൂടി നിർവ്വഹിക്കുവാൻ നല്ലവനായ ദൈവം എളിയവനായ എന്നെ കടാക്ഷിച്ചു. എന്നെ മെത്രാൻ ശുശ്രൂഷയ്ക്കായി അനുമതി നൽകി നിയോഗിച്ച പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പായെയും എന്റെ ശുശ്രൂഷയുടെ നാളുകളിൽ ആത്മീയവെളിച്ചം പകർന്നുതന്ന പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായെയും എന്റെ ശുശ്രൂഷാകാലയളവിൽ വലിയ വാത്സ്യലത്തോടെ കൈപിടിച്ചു നടത്തിയ സഭാതലവനായ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാ

വിനേയും നന്ദിയോടെ ഞാൻ സ്മരിക്കുന്നു. എന്നെ പാലാ രൂപതാ മൈനർ സെമിനാരിയിൽ ചേർത്ത് എനിക്ക് പൗരോഹിത്യപട്ടം നൽകി അനുഗ്രഹിച്ച അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് നാളിതുവരെ എനിക്കു നൽകിയ സ്നേഹവും വാത്സല്യവും പരിഗണനയും മാതൃകയും ഏറ്റവും മഹത്തരവും മറക്കാനാവാത്തതുമാണ്. എന്റെ ഗുരുനാഥൻ കൂടിയായ നമ്മുടെ പിതാവ് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് കേവലം നിസ്സാരനായ എന്നെ തന്റെ സഹായമെത്രാനായി തിരഞ്ഞെടുത്ത് ശുശ്രൂഷയിൽ അദ്ദേഹത്തോടോപ്പം പങ്കാളിയാക്കി. പത്തു വർഷത്തെ മെത്രാൻ ശുശ്രൂഷ എനിക്ക് വലിയ അനുഗ്രഹദായകമായിരുന്നു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് എന്നോടു പ്രകടമാക്കിയ സ്നേഹവും പരിഗണനയും കരുതലും സഹായങ്ങളും ജീവിതകാലം മുഴുവൻ നന്ദിയോടെ മാത്രമേ എനിക്ക് സ്മരിക്കാനാവൂ.

പാലാ രൂപതയിലെ ശ്രേഷ്ഠമായ വൈദികസമൂഹം എന്നെ ആത്മീയമായും സഭാത്മകമായും വളർത്തുന്നതിൽ നിർണ്ണായകപങ്കു വഹിച്ചവരാണ്. ബഹു. വൈദികരുടെ സ്നേഹവും പരിഗണനയും ബഹുമാനവും വാത്സല്യവും എനിക്ക് സമൃദ്ധമായി ലഭിച്ചു. നമ്മുടെ രൂപതയിലെ വൈദിക സമൂഹത്തോടുള്ള എന്റെ കടപ്പാട് നിസ്സീമമാണ്. ബഹു. സന്ന്യസ്തരും എന്നോട് വലിയ കരുതലും സ്നേഹവും പ്രകടമാക്കുകയും എന്റെ വളർച്ചയിൽ എന്നെ സഹായിക്കുകയും ചെയ്തവരാണ്. അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരുടെയും സന്ന്യസ്തരുടെയും പ്രാർത്ഥനയുടെ ശക്തി എന്റെ ശുശ്രൂഷയിൽ ഞാൻ വ്യക്തമായും അനുഭവിച്ചറിഞ്ഞിട്ടുണ്ട്.

അഭിവന്ദ്യ പിതാക്കന്മാരോടും വികാരി ജനറാൾ അച്ചന്മാർ, രൂപതാകേന്ദ്രത്തിലെ മറ്റു വൈദികർ എന്നിവരോടൊപ്പമുള്ള ജീവിതം എനിക്ക് നല്ല ആത്മീയാനുഭവമായിരുന്നു. നല്ല കുടുംബാന്തരീക്ഷത്തിലും കൂട്ടായ്മയിലുമുള്ള രൂപതാകേന്ദ്രത്തിലെ ജീവിതം സ്നേഹാദരങ്ങളോടെ ഞാൻ സ്മരിക്കുന്നു.

പാലാ രൂപതയിലെ ദൈവജനം എന്നോടു പ്രകടമാക്കിയ സ്നേഹം വർണ്ണിക്കാനാവാത്ത വിധം ഹൃദയസ്പർശിയായിരുന്നു. പ്രായം ചെന്ന കാരണവന്മാർ മുതൽ കൊച്ചുകുട്ടികൾ വരെ വലുപ്പചെറുപ്പമില്ലാതെ എല്ലാവരും എന്നെ ഹൃദയത്തിൽ സ്നേഹിച്ചു. ഇനിയുള്ള നാളുകളിൽ രൂപതയ്ക്കും ദൈവജനത്തിനുംവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് നമ്മുടെ ആത്മീയബന്ധം തുടരാനാവുമെന്ന് പ്രത്യാശിച്ചുകൊണ്ട് വേർപാടിന്റെ വേദന നമുക്ക് ലഘൂകരിക്കാം. കാഴ്ചയിൽ ഇനി ഞാൻ നിങ്ങളുടെ മുൻപിൽ ഇല്ലെങ്കിലും ഹൃദയത്തിൽ എന്നും ഞാൻ നിങ്ങളോടു കൂടിയുണ്ടായിരിക്കും. നമുക്കു പരസ്പരം പ്രാർത്ഥിച്ചും പരിഹാരം ചെയ്തും സഭയെയും നമ്മുടെ കുടുംബങ്ങളെയും പ്രത്യേകിച്ച്, നമ്മുടെ കുഞ്ഞുങ്ങളെയും ശക്തിപ്പെടുത്തുകയും ബലപ്പെടുത്തുകയും ചെയ്യാം.

ദൈവത്തിന്റെ അനന്തകാരുണ്യത്തിനു നന്ദിപറഞ്ഞുകൊണ്ടും എന്റെ തുടർന്നുള്ള ജീവിതത്തിലും നിങ്ങളുടെ പ്രാർത്ഥന അപേക്ഷിച്ചുകൊണ്ടും നിർത്തുന്നു.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

+Jacob Murickan

ബിഷപ്സ് ഹൗസ്
പാലാ, 25.08.2022

**ബിഷപ് ജേക്കബ് മുരിക്കൻ**

സർക്കുലർ- 299

# അഭിവന്ദ്യ ജേക്കബ് മുരിക്കൻ പിതാവ് വിരമിക്കുന്നു

അഭിവന്ദ്യ ജേക്കബ് മുരിക്കൻ പിതാവ് പാലാ രൂപതയുടെ സഹായമെത്രാൻ എന്ന ശുശ്രൂഷാപദവിയിൽനിന്നു വിരമിക്കുകയാണ്. 2012 ഓഗസ്റ്റ് 24 നാണ് മുരിക്കൻ പിതാവ് പാലാ രൂപതയുടെ സഹായമെത്രാനായി നിയമിതനായത്. 2017 ൽ തന്നെ പിതാവ് ഏകാന്തവാസ- താപസ ജീവിതക്രമത്തിലേക്കു മാറാനുള്ള ആഗ്രഹം സഭാതലവനായ കർദ്ദിനാൾ ആലഞ്ചേരി പിതാവിനോടും എന്നോടും സംസാരിച്ചിരുന്നു. കുറെ വർഷങ്ങൾ കഴിഞ്ഞു മാത്രമേ ഈ തീരുമാനത്തിലേക്ക് മാറാവൂയെന്ന് ഞങ്ങൾ കൃത്യമായി പിതാവിനെ അറിയിക്കുകയും ചെയ്തിരുന്നു. പൗരസ്ത്യ തിരുസംഘത്തോട് ആലോചിച്ചപ്പോൾ അവർ നൽകിയ നിർദ്ദേശവും അപ്രകാരമായിരുന്നു. എന്നാൽ, ഏതാനും മാസങ്ങൾക്കുമുമ്പ് പിതാവ് വീണ്ടും സഭാതലവന്റെ പക്കലും എന്നോടും ഇക്കാര്യം ശക്തമായി പറയുകയുണ്ടായി. മുരിക്കൻ പിതാവ് തന്നെ ഇക്കാര്യം കാണിച്ച് പരിശുദ്ധ ഫ്രാൻസിസ് പാപ്പായ്ക്കും എഴുതിയിരുന്നു. കർദ്ദിനാൾ ആലഞ്ചേരി പിതാവിന്റെ പക്കൽ വീണ്ടും രേഖാമൂലം അപേക്ഷ നൽകിയതുകൊണ്ട് സഭയുടെ പെർമനന്റ് സിനഡ് ഈ വിഷയം ചർച്ചയ്ക്ക് എടുക്കുകയും 2022 ആഗസ്റ്റിൽ കൂടിയ സിനഡിൽ അനുകൂലമായ നിലപാട് സ്വീകരിക്കുകയും ചെയ്തു.

സിനഡിനിടയിൽ തന്നെ 2022 ആഗസ്റ്റ് 24-ാം തീയതി ബുധനാഴ്ച പരിശുദ്ധ സിംഹാസനത്തിൽ നിന്നുള്ള അനുമതി ലഭിച്ചു. സിനഡിന്റെ അവസാന ദിവസമായ 25- ാം തീയതി വ്യാഴാഴ്ച കർദ്ദിനാൾ ആലഞ്ചേരിപിതാവ് ഈ വിവരം

സിനഡിൽ ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തു. അതിൻപ്രകാരം 2022 ഓഗസ്റ്റ് 25- ാം തീയതി വ്യാഴാഴ്ച, അഭിവന്ദ്യ മുരിക്കൻ പിതാവിന്റെ, പാലാ രൂപതയുടെ സഹായമെത്രാൻ എന്നുള്ള പദവി അവസാനിച്ചിരിക്കുകയാണ്.

നിങ്ങൾക്ക് അറിവുള്ളതുപോലെ 2012 മുതൽ രൂപതയുടെ ഔദ്യോഗികകാര്യങ്ങളും തിരുപ്പട്ടശുശ്രൂഷ, ദൈവാലയകൂദാശ, ബഹുമാനപ്പെട്ട വൈദികരുടെ മൃതസംസ്കാരം, പ്രസ്ബിത്തേരിയം, വലിയ ആഴ്ച തിരുക്കർമ്മങ്ങൾ തുടങ്ങിയവയും ഞങ്ങൾ ഒരുമിച്ചാണ് നിർവഹിച്ചുകൊണ്ടിരുന്നത്. കൂടാതെ, രൂപതയുടെ പ്രധാനപ്പെട്ട മൂന്ന് കോളജുകളായ സെന്റ് തോമസ് കോളജ്, അൽഫോൻസാ കോളജ്, ബിഎഡ് കോളജ് എന്നിവയുടെ ചുമതലയും അഭിവന്ദ്യ പിതാവിനെയാണ് ഏൽപ്പിച്ചിരുന്നത്. കാനൻ നിയമപ്രകാരം സഹായമെത്രാൻ രൂപതയുടെ പ്രോട്ടോ സിഞ്ചെലൂസുംകൂടിയാണ്. രൂപതയുടെ ചെറുതും വലുതുമായ മറ്റനേകം കാര്യങ്ങളിലും പിതാവിന്റെ സജീവമായ ശ്രദ്ധയുണ്ടായിരുന്നു. ശക്തവും സജീവവുമായ സാന്നിധ്യമായിരുന്നു പിതാവിന്റേത്.

പാലാ രൂപതയുടെ സഹായമെത്രാനായി മുരിക്കൻ പിതാവിനെ ലഭിച്ചപ്പോൾ വലിയ ആവേശത്തോടെയാണ് നാമെല്ലാവരും അദ്ദേഹത്തെ സ്വീകരിച്ചത്. 2012 സെപ്റ്റംബറിലെ സാന്ത്വനപ്രകാശത്തിൽ ഞാൻ കുറിച്ചിരുന്നു: "നിങ്ങൾ എന്നോടു കാണിക്കുന്നതിന്റെ ഇരട്ടിവാത്സല്യം അഭിവന്ദ്യ മുരിക്കൻ പിതാവിനോടു കാണിക്കണം. അങ്ങനെ അദ്ദേഹം നമ്മുടെ രൂപതയുടെ ഇരട്ടി മധുരമാകണം." ഇപ്പോൾ അഭിവന്ദ്യ മുരിക്കൻ പിതാവ് വളരെ സമുന്നതമായ ഏകാന്തവാസ സന്ന്യാസ ജീവിതക്രമത്തിനായി സഹായമെത്രാൻ എന്ന ശുശ്രൂഷാപദവിയിൽനിന്നു വിരമിക്കുമ്പോൾ പിതാവിനെക്കുറിച്ച് കൂടുതൽ എഴുതാൻ ഞാൻ അശക്തനാണ്. ഏശയ്യ 37:3 ൽ നാം വായിക്കുന്നു: "കുഞ്ഞുങ്ങൾ പിറക്കേണ്ട നേരമായി, എന്നാൽ പ്രസവിക്കാൻ ശക്തിയില്ല." പിതാവ് വിരമിക്കുമ്പോൾ

എന്റെയുള്ളിൽ സംഘർഷങ്ങളുടെ തിരമാലകൾ ഇളകിമറിയുന്നു. എന്റെ മനോവ്യഥകളെല്ലാം ക്രൂശിതനും ഉത്ഥിതനുമായ മിശിഹായുടെ മുറിവുകളിൽ സമർപ്പിക്കുകയാണ്. മാതാപിതാക്കൾ താലോലിച്ചു വളർത്തുന്ന പെൺമക്കളെ, അവർ ആഗ്രഹിച്ചതിനെക്കാൾ വലിയ കുടുംബങ്ങളിലേക്കു വിവാഹംവഴി പറഞ്ഞയയ്ക്കാൻ കഴിയുമ്പോഴും മാതാപിതാക്കളുടെ കണ്ണുകൾ നിറഞ്ഞുകവിഞ്ഞൊഴുകുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്റെ അവസ്ഥയും ഇപ്പോൾ ഇതുപോലെയാണ്.

മുരിക്കൻ പിതാവ് ഏകാന്തവാസ - താപസജീവിതത്തിനു താമസസ്ഥലമായി തിരഞ്ഞെടുത്തിരിക്കുന്നത് കാഞ്ഞിരപ്പള്ളി രൂപതയിലെ നല്ലതണ്ണി എന്ന സ്ഥലത്ത് ബഹുമാനപ്പെട്ട സേവ്യർ കൂടപ്പുഴയച്ചൻ സ്ഥാപിച്ച മാർത്തോമ്മാശ്ലീഹാ ദയറായുടെ തൊട്ടടുത്തുള്ള ഒരു ഭവനമാണ്. ആദിമസഭയുടെ ഏറ്റം വലിയ ആത്മീയ ആയുധപ്പുരകളും അറകളുമായിരുന്നു ഏകാന്തവാസികളും താപസ്സരും. സഭയ്ക്ക് ഊർജ്ജവും സുവിശേഷാധിഷ്ഠിതമായ ജീവിതശൈലികളും പകർന്നവരിൽ അവർ ഒന്നാം സ്ഥാനത്താണ്. ഇറ്റലിയിലെ ലാ വെർണാ (La Verna) അല്ലെങ്കിൽ അൽവെർണ (Alverna) എന്ന സ്ഥലത്തിന്റെ അർത്ഥംതന്നെ നല്ല മഞ്ഞും തണുപ്പും പച്ചപ്പുമുള്ള സ്ഥലം എന്നാണ്. എല്ലാ അർത്ഥത്തിലും ലാ വെർണാതന്നെയായ നല്ലതണ്ണി ആശ്രമം ഏകാന്തധ്യാനത്തിനു പറ്റിയ ഇടമാണ്.

അഭിവന്ദ്യ മുരിക്കൻ പിതാവിനോടുചേർന്ന് പത്തു വർഷം ശുശ്രൂഷകൾ നിർവഹിക്കാൻ സാധിച്ചത് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമായിക്കരുതുകയാണ്. പിതാവിനെ പാലാ രൂപത എന്നും ഹൃദയത്തിൽ സൂക്ഷിക്കും. പിതാവ് അസ്തമിക്കാത്ത സൂര്യനായി എന്നും സഭയിൽ ശോഭിക്കട്ടെ. അഭിവന്ദ്യ മുരിക്കൻ പിതാവിന്റെ വിരമിക്കലിൽ രൂപതാംഗങ്ങൾ എല്ലാവർക്കുമുള്ള പ്രയാസവും ബുദ്ധിമുട്ടും എനിക്ക് നല്ലവണ്ണം അറിയാം. എങ്കിലും നിങ്ങളെല്ലാവരും ഈ

വിടവാങ്ങൽ സ്നേഹത്തോടും സമചിത്തതയോടും വിനയത്തോടുംകൂടി ഉൾക്കൊള്ളണമെന്ന് അപേക്ഷിക്കുകയും ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 27.08.2022

---

NB: ഈ സർക്കുലറും അഭിവന്ദ്യ ജേക്കബ് മുരിക്കൻ പിതാവിന്റെ കത്തും 2022 ആഗസ്റ്റ് 28-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന അർപ്പണമുള്ള സ്ഥാപനങ്ങളിലും മഠങ്ങളിലും വായിക്കുവാൻ നൽകിയതാണ്.

സർക്കുലർ- 300

## മോൺസിഞ്ഞോർ ജോസഫ് കൊല്ലംപറമ്പിൽ ഷംഷാബാദ് രൂപതയുടെ സഹായമെത്രാൻ

പാലാ രൂപത ചേന്നാട് ലൂർദ്ദ്മാതാ ഇടവക കൊല്ലം പറമ്പിൽ മത്തായി - റോസ ദമ്പതികളുടെ ആറാമത്തെ പുത്രനായി 1955 സെപ്റ്റംബർ 22 ന് ജനിച്ച മോൺസിഞ്ഞോർ ജോസഫ് കൊല്ലംപറമ്പിൽ ഇപ്പോൾ നീറന്താനം സെന്റ് തോമസ് ഇടവകാംഗമാണ്. വടവാതൂർ സെന്റ് തോമസ് അപ്പ സ്തോലിക് സെമിനാരിയിൽ തത്ത്വശാസ്ത്ര - ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി, 1981 ഡിസംബർ 18-ാം തിയതി അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിൽനിന്നു പൗരോഹിത്യം സ്വീകരിച്ചു. കുടക്കച്ചിറ സെന്റ് ജോസഫ് പള്ളിയിൽ സഹവികാരിയായി നിയമിതനായി. 1984 - 1989 കാലഘട്ടത്തിൽ സെന്റ് തോമസ് കോളജിൽനിന്നു പൊളി റ്റിക്കൽ സയൻസിൽ ബിരുദവും ബിരുദാനന്തരബിരുദവും കരസ്ഥമാക്കി.

1989 ൽ വെള്ളികുളം പള്ളിയുടെ വികാരിയായും അൽഫോൻസാ കോളജിൽ പൊളിറ്റിക്കൽ സയൻസ് അധ്യാപകനായും നിയമിതനായി. 1998 ൽ പൊളിറ്റിക്കൽ സയൻസിൽ എം.ജി. യൂണിവേഴ്സിറ്റിയിൽനിന്ന് പി.എച്ച്.ഡി. കരസ്ഥമാക്കി. 2003 ജൂലൈ 11-ാം തീയതി അരുവിത്തുറ കോളേജിന്റെ പ്രിൻസിപ്പലായി നിയമിതനായ അദ്ദേഹം 2006 - 2010 കാലഘട്ടത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ് അംഗവുമായിരുന്നു. 2011 ഫെബ്രുവരി 26-ാം തീയതി പാലാ രൂപതയുടെ വികാരിജനറാളായി നിയമിതനായ മോൺസിഞ്ഞോർ ജോസഫ് കൊല്ലംപറമ്പിൽ രൂപതയിലെ കോളജുകളുടെയും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ചുമ

തലയുള്ള വികാരി ജനറാളായും ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളജ് ചെയർമാനായും സേവനമനുഷ്ഠിച്ചു.

2019 ഫെബ്രുവരി മുതൽ ഷംഷാബാദ് രൂപതയിൽ പ്പെട്ട, പാലാ രൂപതയുടെ ചുമതലയിലുള്ള ഗുജറാത്തിലെ സബർമതി മിഷൻ കോ-ഓർഡിനേറ്ററായി നിയമിതനായ അദ്ദേഹം 2019 ഏപ്രിൽ ഷംഷാബാദ് രൂപതയുടെ ഗുജറാത്ത് റീജിയന്റെ വികാരി ജനറാളായി ചുമതലയേറ്റു. നിലവിൽ വികാരി ജനറാളിന്റെ ഉത്തരവാദിത്വം വഹിക്കുന്നതോടൊപ്പം ഗുജറാത്തിലെ അംഗലേശ്വർ സെന്റ് തോമസ് പള്ളിയുടെയും ബറൂച്ച് സെന്റ് തോമസ് പള്ളിയുടെയും വികാരിയായും സേവ നമനുഷ്ഠിക്കുകയായിരുന്നു. ഇന്ത്യയുടെ പശ്ചിമതീരത്തുള്ള ബറൂച്ച് എന്ന അതിപുരാതന തുറമുഖപട്ടണത്തിലാണ് AD 45-46 കാലഘട്ടത്തിൽ തോമ്മാശ്ലീഹാ പ്രേഷിതപ്രവർത്ത നങ്ങൾ ആരംഭിച്ചത്.

മോൺസിഞ്ഞോർ ജോസഫ് കൊല്ലംപറമ്പിൽ ഷംഷാ ബാദ് രൂപതയുടെ സഹായമെത്രാനായി തിരഞ്ഞെടുക്കപ്പെട്ടിരി ക്കുകയാണ്. 2017 ഒക്ടോബർ 10 ന് പരിശുദ്ധ ഫ്രാൻസിസ് പിതാവ് സ്ഥാപിച്ച രൂപതയാണിത്. വലുപ്പത്തിൽ ഇന്ത്യയിലെ ഏറ്റവും വലിയ രൂപത എന്ന ഖ്യാതി ഇതിനുണ്ട്. തൃശൂർ അതിരൂപതയുടെ സഹായമെത്രാനായിരുന്ന റാഫേൽ തട്ടിൽ പിതാവ് രൂപതാധ്യക്ഷനായ ഷംഷാബാദ് രൂപതയുടെ സഹായ മെത്രാനായിട്ടാണ് മോൺസിഞ്ഞോർ ജോസഫ് കൊല്ലം പറമ്പിൽ നിയമിതനായിരിക്കുന്നത്. പണ്ഡിതനും ഭരണനൈ പുണ്യവുമുള്ളവനും ആഴമായ വായനയുടെ ഉടമയുമായ മോൺസിഞ്ഞോർ കൊല്ലംപറമ്പിൽ തിരുവചനപഠന ങ്ങൾക്കും പ്രഘോഷണങ്ങൾക്കും പ്രാർത്ഥനയ്ക്കും പ്രാധാന്യം നൽകുന്ന ഒരു ആത്മീയ ഇടയനാണ്. പ്രാർത്ഥന കൊണ്ട് ചിട്ടപ്പെടുത്തിയ ഒരു ജീവിതശൈലി സ്വായത്തമാക്കിയ

മോൺസിഞ്ഞോർ കൊല്ലംപറമ്പിലിൽ ലാളിത്യവും വിനയവും നിറഞ്ഞുനിൽക്കുന്ന ഇരട്ടനന്മകളാണ്. മൂന്നു വർഷക്കാലം ഗുജറാത്ത് മേഖലയിൽ പ്രവർത്തിച്ച് തീക്ഷ്ണമായ മിഷൻ അജപാലനചൈതന്യം അദ്ദേഹം കൈമുതലാക്കിയിട്ടുണ്ട്. പാലാ രൂപതയുടെ വികാരി ജനറാളായിരുന്ന സമയത്ത് അതീവ താത്പര്യത്തോടെയാണ് അദ്ദേഹം മിഷൻരംഗത്തേക്ക് പ്രവേശിച്ചത്. പാലാ രൂപതയിലെ ഒരു ശ്രേഷ്ഠപുരോഹിതൻ എന്ന നിലയിൽ നമുക്കെല്ലാവർക്കും ഈ നിയമനം സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും അവസരമാണ്. മോൺസിഞ്ഞോർ ജോസഫ് കൊല്ലംപറമ്പിൽ പൂർവ്വ യൗസേപ്പിനെപ്പോലെ എല്ലാവരെയും സഹായിക്കുന്നവനും മാർ യൗസേപ്പിനെപ്പോലെ ദൈവത്തിന്റെ സ്വരം ശ്രവിക്കുന്നവനുമായി എക്കാലവും നിലനിൽക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ദൈവാനുഗ്രഹങ്ങൾ നേരുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 27.08.2022

---

NB: ഈ സർക്കുലർ 2022 ആഗസ്റ്റ് 28-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന അർപ്പണമുള്ള സ്ഥാപനങ്ങളിലും മഠങ്ങളിലും വായിക്കുവാൻ നൽകിയതാണ്.

# കച്ചേരിക്കാര്യം

## Transfers & Appointments (July - August 2022)

| | Name | Office |
|---|---|---|
| 1. | Mar Jacob Muricken | relieved from Proto-Syncellus of the Eparchy of Palai with effect from 25 August 2022 |
| 2. | Msgr. Joseph Thadathil | appointed Proto-Syncellus of the Eparchy of Palai with effect from 26 August 2022 |
| 3. | Fr. Paul Naduviledam | appointed as Pastoral Assistant, Aruvithura with effect from 14 July 2022 |
| 4. | Fr. Kurian Mattam | appointed Vicar in Charge, Plassanal (additional) with effect from 16 July 2022 |
| 5. | Fr. John Puthenpurayil MCBS | relieved from Vicar, Karimpani with effect from 23 July 2022 |
| 6. | Fr. Thomas Pottemparambil MCBS | appointed Vicar, Karimpani with effect from 23 July 2022 |
| 7. | Fr. George Ampzhathumkal | appointed as Pastoral Assistant, Ezhacherry with effect from 23 July 2022 |
| 8. | Fr. Mathew Valayampallil | relieved from Asst. Vicar, Teekoy & to pursue Italian Language Study with effect from 15 August 2022 |
| 9. | Fr. Thomas Kizhakkekollithanath | relieved from Senior Assistant Vicar, Muttuchira & to pursue Language Study and Pastoral Ministry in the Diocese of Laval, France with effect from 18 August 2022 |

| | | |
|---|---|---|
| 10. | Fr. Joseph Ellathuparampil | relieved from Senior Assistant Vicar, Aruvithura & to pursue Language Study and Pastoral Ministry in the Diocese of Laval, France with effect from 27 August 2022 |
| 11. | Fr. Thomas Kumbuckal | relieved from Assistant Vicar, Poonjar & to pursue Pastoral Ministry in the Diocese of Augsburg, Germany with effect from 27 August 2022 |
| 12. | Fr. John Edettu | Pastoral Ministry in the Diocese of Augsburg, Germany with effect from 30 August 2022 |
| 13. | Fr. Kuriakose Vattamukalel | appointed Assistant Warden, St. Thomas Hostel, SJCET Choondacherry & to pursue BEd Course in St. Thomas College of Teacher Education, Mylacombu and residence in St. Thomas Hostel of SJCET, Choondacherry with effect from 01 September 2022 |
| 14. | Fr. Thomas Pezhumkattil | appointed Secretary to the Bishop of Palai with effect from 01 September 2022 |
| 15. | Fr. Joseph Vazhackapara | Residence in Alphonsian Pastoral Institute, Arunapuram with effect from 01September 2022 |

| | | |
|---|---|---|
| 16. | Fr. Cherian Moolayil | appointed Assistant Warden, St. Alphonsa Hostel, SJCET, Choondachery & to pursue Hindi Language Studies in Hindi Prajarasabha Pala with effect from 01 September 2022 |
| 17. | Fr. Joseph Vattappillil | relieved from Warden, St. Alphonsa Hostel, Choondacherry & appointed Mess Manager of SJCET Hostels Choondacherry (additional) and residence in St. Thomas Hostel, SJCET Choondacherry with effect from 01 September 2022 |

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish & Congregation |
|---|---|---|---|
| 1 | വത്സമ്മ, പാലാ കത്തീഡ്രൽ | 40,000 | |
| 2 | ജോസ്ന ജിനേഷ്, ഉരുളികുന്നം | 35,000 | |
| 3 | മേരി സെബാസ്റ്റ്യൻ, കൈപ്പള്ളി | 50,000 | |
| 4 | സുബിൻ ജോസ്, കാക്കൊമ്പ് | 50,000 | |
| 5 | ജയിംസ് റ്റി.എസ്., കാക്കൊമ്പ് | 50,000 | |
| 6 | വത്സമ്മ ബാബു, കാക്കൊമ്പ് | 50,000 | |
| 7 | ബിനോയ് ജോസഫ്, കാക്കൊമ്പ് | 50,000 | |
| 8 | ഷാലിമ ജിബിൻ, കാക്കൊമ്പ് | 50,000 | |
| 9 | ബേബി, മോനിപ്പള്ളി | | 10,000 |
| 10 | ജോസഫ്, മോനിപ്പള്ളി | | 5,000 |
| 11 | മേരി സെബാസ്റ്റ്യൻ, മോനിപ്പള്ളി | | 10,000 |
| 12 | സെബാസ്റ്റ്യൻ ജോസഫ്, മോനിപ്പള്ളി | | 5,000 |
| 13 | അനു റജി പ്ലാശനാൽ (CMC) | | 20,000 |
| 14 | സൂസമ്മ ലൂക്കോസ് (CMC) | | 20,000 |
| 15 | മണി രാജ് (CMC) | | 50,000 |
| 16 | ഉഷ ദേവസ്യ വാരിയാനിക്കാട് (CMC) | | 10,000 |
| 17 | ബെന്നി ജോസഫ് (CMC) | | 2,50,000 |
| 18 | ഷാന്റി ജോസ്, പാദുവ | | 3,00,000 |
| 19 | ജെസ്സി ലൂക്കോസ്, പാദുവ | | 90,000 |
| 20 | അന്നമ്മ, പാദുവ | | 4,40,000 |

## സാമ്പത്തികസഹായം നൽകിയവർ

| | |
|---|---|
| പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റ്, കുവൈറ്റ് | 1,00,000 |
| തങ്കച്ചൻ കെ.സി. ഓലിക്കൽ, കുടുത്തുരുത്തി | 10,000 |

## സ്ഥലം നൽകിയത്

| | |
|---|---|
| സെന്റ് ആന്റണീസ് ചർച്ച്, പാദുവ | 15.75 സെന്റ് |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**മോൺ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സുമാർക്കായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക്-ഇൻ-ഇന്റർവ്യൂ**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ്നഴ്സുമാർക്കായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക്-ഇൻ-ഇന്റർവ്യു സംഘടിപ്പിക്കുന്നു. ജി.എൻ.എം/ബി.എസ്. സി നഴ്സിംഗ് ഡിഗ്രിയും കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനുമുള്ളവർക്ക് പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡേറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോർസ് ഡിപ്പാർട്ടുമെന്റിൽ ഹാജരാകണം.

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ കേന്ദ്രസർക്കാർ അംഗീകൃത കോഴ്സുകൾ**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് (ദൈർഘ്യം: 1 വർഷം), ഹൗസ്കീപ്പിംഗ് അറ്റന്റ് (ദൈർഘ്യം: 6 മാസം) എന്നീ കോഴ്സുകളിലേക്ക് പ്രവേശനം തുടരുന്നു. ഇന്ത്യയിൽ ആരോഗ്യമേഖലയിൽ ഒട്ടനവധി ജോലി സാധ്യതകളാണുള്ളത്. ഇതു മുൻനിർത്തി തൊഴിൽ മേഖലയിലെ വൈദഗ്ധ്യം നേടുന്നതിനുള്ള പ്രായോഗികപരിശീലനത്തിനു മുൻതൂക്കം നല്കുന്ന നിലയിലാണ് മാർ സ്ലീവാ മെഡിസിറ്റി പാലായിൽ കോഴ്സുകളുടെ ഘടന നിശ്ചയിച്ചിരിക്കുന്നത്. തിരഞ്ഞെടുക്കുന്ന ഐച്ഛികവിഷയത്തിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ പ്രായോഗികപരിജ്ഞാനം നേടുന്നതിനു പഠനത്തിനോടൊപ്പം അവസരവും ഉണ്ടായിരിക്കും. പഠനത്തിൽ മികവു പുലർത്തുന്നവർക്ക് മാർ സ്ലീവാ മെഡിസിറ്റിയിൽ ജോലി ലഭിക്കാൻ മുൻഗണന ലഭിക്കും. യോഗ്യത:10-ാം ക്ലാസ്സ്. കൂടുതൽ വിവരങ്ങൾക്ക് 8281699240 എന്ന നമ്പറിൽ അക്കാഡമിക് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെടുക.

**സൗജന്യ പരിശോധന ക്യാമ്പ്**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ നെഫ്രോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വൃക്കസംബന്ധമായ രോഗങ്ങൾക്കായി ഓഗസ്റ്റ് 17, 18 തീയതികളിൽ രാവിലെ 10.00 മുതൽ വൈകിട്ട് 4.00 വരെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ സൗജന്യക്യാമ്പ് സംഘടിപ്പിച്ചു. നിരവധിപേർ ഈ സൗജന്യപരിശോധനക്യാമ്പിൽ

പങ്കെടുത്തു. ഡോ. മഞ്ജുള രാമചന്ദ്രൻ, ഡോ. തോമസ് മാത്യു, ഡോ. ജിത്തു കുര്യൻ എന്നിവർ രോഗികളെ പരിശോധിച്ചു.

**പുതിയ ഓപിഡി ഏരിയ ആശീർവദിച്ചു**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ പുതിയ ഓപിഡി ഏരിയ പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആശീർവദിച്ചു. ചികിത്സയ്ക്കായി എത്തുന്ന രോഗികൾക്ക് കൂടുതൽ മികച്ച സേവനം നൽകാൻ ഇത് ഉപകരിക്കും. മാർ സ്ലീവാ മെഡിസിറ്റി പാലാ മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ഡയറക്ടേഴ്സ് എന്നിവർ ആശീർവാദകർമ്മത്തിൽ പങ്കെടുത്തു.

**വൈകുന്നേരങ്ങളിൽ ഓ.പി. സൗകര്യമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ**

തിങ്കൾമുതൽ ശനിവരെ ദിവസങ്ങളിൽ ഓ.പി. സൗകര്യമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ. ഇന്റേണൽ മെഡിസിൻ വിഭാഗത്തിലെ ഡോ. അയ്യപ്പൻ കെ. അനിലിന്റെ സേവനം വൈകുന്നേരം 5 മുതൽ 7 വരെ ലഭ്യമാണ്

## New Doctors (August)

1. ഡോ. ജോസ് പോൾ ലൂക്കാസ്
   – കൺസൽട്ടന്റ്, ഇന്റർവെൻഷനൽ റേഡിയോളജിസ്റ്റ്, റേഡിയോ ഡയഗ്നോസിസ് ആൻഡ് ഇമേജിംഗ്
2. ഡോ. ബാലമുരളി പി.
   – രജിസ്ട്രാർ, ജനറൽ & ലാപ്പറോസ്കോപിക് സർജറി
3. ഡോ. ജിബിൻ സാജു – രജിസ്ട്രാർ, ഇന്റേണൽ മെഡിസിൻ

**മോൺ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജോസഫ് കല്ലറങ്ങാട്ട്
മാർ ജോസഫ് സ്രാമ്പിക്കൽ
മാർ ജോസഫ് പള്ളിക്കാപറമ്പിൽ
മാർ ലോറൻസ് മുക്കുഴി

**2. വി. അൽഫോൻസാമ്മയുടെ 112-ാം ജന്മദിനം**

വിശുദ്ധ അൽഫോൻസാമ്മയുടെ 112-ാം ജന്മദിനത്തോടനുബന്ധിച്ച് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി അൽഫോൻസാമ്മയുടെ ജന്മദിനത്തോടൊപ്പം അഭിവന്ദ്യ പിതാവ് തന്റെ മെത്രാഭിഷേകജൂബിലി വർഷത്തിലേക്കു പ്രവേശിച്ചത് തിരുനാൾദിനത്തിന് ഇരട്ടിമധുരം നൽകി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിന്റെ നവീകരിച്ച വെബ്സൈറ്റും തദവസരത്തിൽ പ്രസിദ്ധീകരിച്ചു

**3. രാത്രി ആരാധന**

പാലാ രൂപത കരിസ്മാറ്റിക് കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ നടത്തിയ രാത്രി ആരാധനയ്ക്ക് ഫാ. ജിനോ മണ്ണുമഠം നേതൃത്വം നൽകി.

**4. ഇതരസംസ്ഥാനക്കാർക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതര സംസ്ഥാനക്കാരായ ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടി രണ്ടാം ഞായറാഴ്ച ഉച്ചയ്ക്ക് ഒരു മണിക്ക് കുമ്പസാരവും തുടർന്ന് പരിശുദ്ധ കുർബാനയും നടന്നു. ഫാ. ബാബു കാക്കാനി എസ്.വി.ഡി. യുടെ നേതൃത്വത്തിലാണ് ശുശ്രൂഷകൾ നടന്നത്.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. CTP കോഴ്സ് 2022-2023**

2022-2023 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ആഗസ്റ്റ് മാസത്തിലെ ക്ലാസ്സുകൾ 9, 13, 18 എന്നീ തീയതികളിലായി നടത്തപ്പെട്ടു. പ്രസ്തുത ദിവസങ്ങളിൽ Church History, Bible എന്നീ വിഷയങ്ങളെ അധികരിച്ച് ഡോ. ജയിംസ് പുലിയുറുമ്പിൽ, ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

സെപ്തംബർ മാസത്തിലെ ക്ലാസ്സുകൾ:

| | | |
|---|---|---|
| സെപ്തംബർ 7 ബുധൻ | Bible II | ഡോ. തോമസ് വടക്കേൽ |
| സെപ്തംബർ 9 വെള്ളി | Sacraments | ഫാ. മാത്യു കുമ്പുളുങ്കൽ |
| സെപ്തംബർ 10 ശനി | Church History II | ശ്രീ. അനിൽ മാനുവൽ പുന്നത്താനത്ത് |
| സെപ്തംബർ 21 ബുധൻ | Sacraments | ഫാ. മാത്യു കുമ്പുളുങ്കൽ |

**2. Web Portal പരിചയപ്പെടുത്തൽ**

ഈ വർഷത്തെ രൂപതാകലോത്സവത്തിന്റെ നടത്തിപ്പിനായി തയ്യാറാക്കിയിട്ടുള്ള Web Portal പരിചയപ്പെടുത്തുന്നതിനായി രണ്ട് Online സമ്മേളനങ്ങൾ 2022 ആഗസ്റ്റ് 5, 10 എന്നീ തീയതികളിൽ നടത്തപ്പെട്ടു. 5-ാം തീയതിയിലെ സമ്മേളനത്തിൽ രൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലെയും പ്രഥമാധ്യാപകരും IT Cell അംഗങ്ങളും, 10-ാം തീയതിയിലെ സമ്മേളനത്തിൽ രൂപതയിലെ എല്ലാ മേഖലകളിലെയും പ്രഥമാധ്യാപകരും IT Cell അംഗങ്ങളും പങ്കെടുത്തു.

**3. രചനാമത്സരങ്ങൾ 2022-2023**

ഈ വർഷത്തെ രൂപതാകലോത്സവത്തിന്റെ മുന്നോടിയായിട്ടുള്ള മേഖലാതല രചനാമത്സരങ്ങൾ മേഖലകളിൽ നടത്തപ്പെട്ടു. രൂപതാതല രചനാമത്സരങ്ങൾ 2022 സെപ്റ്റംബർ 4-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.45 ന് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെടും.

**4. പ്രമോട്ടർമാരുടെ സന്ദർശനം**

രൂപതയിലെ സൺഡേസ്കൂളുകൾ സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വിശ്വാസപരിശീലകരും കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിനുമായി രൂപത പ്രമോട്ടേഴ്സ് ടീം അംഗങ്ങൾ രൂപതയിലെ സൺഡേ സ്കൂളുകളിൽ സന്ദർശനം നടത്തിവരുന്നു.

**5. സഭാതല പാഠപുസ്തക നവീകരണകമ്മറ്റി യോഗം**

സീറോ മലബാർസഭയുടെ വിശ്വാസപരിശീലനകമ്മീഷന്റെ നേതൃത്വത്തിലുള്ള പാഠപുസ്തകനവീകരണകമ്മിറ്റി 2022 ആഗസ്റ്റ് മാസം 11-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ രൂപത വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിലും രൂപതയിൽനിന്നുള്ള രണ്ടു വിശ്വാസപരിശീലകരും പങ്കെടുത്തു.

**6. സൺഡേസ്കൂൾ സന്ദർശനം**

രൂപതയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനുമായി ആഗസ്റ്റ് മാസം തകടി, കാക്കൂർ എന്നീ ഇടവകകളിലെ സൺഡേ സ്കൂളുകൾ വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദർശിച്ചു.

**7. Question Board Meeting**

2022-2023 അധ്യയനവർഷത്തിലെ വിശ്വാസപരിശീലനക്ലാസ്സുകളിലെ പരീക്ഷകൾക്കുള്ള ചോദ്യപേപ്പർ തയ്യാറാക്കുന്നതിനായി രൂപീകരിച്ച Question Board അംഗങ്ങളുടെ സമ്മേളനം 2022 ആഗസ്റ്റ് 29 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**സ്കൂൾ മതബോധന - സന്മാർഗ്ഗപരിശീലനരംഗം**

**8. ഒന്നാം ടേം പരീക്ഷ**

സ്കൂൾ മതബോധന-സന്മാർഗ്ഗപരിശീലന ക്ലാസ്സുകളിലെ ഒന്നാം ടേം പരീക്ഷകൾ 2022 സെപ്തംബർ 15, 16 തീയതികളിൽ നടത്തപ്പെടുന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. സഹായമെത്രാൻ**

ഷംഷാബാദ് രൂപതയുടെ ഗുജറാത്ത് റീജൺ വികാരി ജനറാളും സെന്റ് തോമസ് സബർമതി മിഷൻ കോർഡിനേറ്ററുമായ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായി നിയമിതനായി.

ഗുജറാത്ത് റീജണിലെ വൈദികർ ആഗസ്റ്റ് 25-ാം തീയതി മണിനഗറിൽ ഒത്തുചേർന്ന് പ്രഖ്യാപനം തത്സമയം വീക്ഷിക്കുകയും സന്തോഷം പങ്കുവയ്ക്കുകയും ചെയ്തു.

**2. സോണൽ കൂട്ടായ്മ**

ബറോഡ സോണിലെ വൈദികർ ആഗസ്റ്റ് 12-ാം തീയതി ബറോഡായിൽ ഒത്തുചേരുകയും സോണിലെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**3. വിയാനി ഡേ**

റീജണിലെ എല്ലാ ഇടവകകളിലും ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആചരിച്ചു.

**4. സെന്റ് അൽഫോൻസാ പള്ളി, മനേജ, വഡോദര**

**a. സെന്റ് തോമസ് അക്കാദമി**

യുവജനങ്ങളെയും കുട്ടികളെയും വിശ്വാസത്തിൽ കൂടുതലായി ആഴപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സെന്റ് തോമസ് അക്കാദമിയിലൂടെ ദൈവവചനവും വിശുദ്ധരുടെ ജീവചരിത്രവും പങ്കുവയ്ക്കുന്നു. വിശ്വാസവുമായി

ബന്ധപ്പെട്ടു നില്ക്കുന്ന വിധത്തിൽ കലാപരവും സാഹിത്യപരവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. വികാരി ഫാ. ടോം വടക്കേക്കര പരിശീലന പരിപാടികൾക്ക് നേതൃത്വം നല്കുന്നു.

**b. പന്ത്രണ്ടാം ക്ലാസ് സർട്ടിഫിക്കറ്റ്**

വിവിധ കാരണങ്ങളാൽ വിശ്വാസപരിശീലനം പൂർത്തിയാക്കാൻ സാധിക്കാത്ത യുവജനങ്ങൾക്കായി പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കി ക്ലാസ്സുകളും സെമിനാറുകളും നടത്തുകയുണ്ടായി. വിജയകരമായി പരിശീലനം പൂർത്തീകരിച്ചവർക്ക് ഫാ. ടോം വടക്കേക്കര സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**c. കുടുംബസമ്മേളനങ്ങൾ**

കോവിഡുകാലഘട്ടത്തിൽ മുടങ്ങിയിരുന്ന കുടുംബസമ്മേനങ്ങൾ ഇടവകയിൽ പുനരാരംഭിച്ചു.

**d. ദൈവാലയനിർമ്മാണ പുരോഗതി**

മനേജയിലെ ദൈവാലയനിർമ്മാണ പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ടു പോകുന്നു. ഒന്നാംഘട്ടമായ ബെയ്സ്മെന്റ് പണി പൂർത്തീകരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ രണ്ടാം ഘട്ടത്തിലേക്കു കടന്നു.

**പാലാ രൂപതയിൽ നിന്ന് സാമ്പത്തികമായി സഹായിച്ച ഇടവകകൾ**

1. സെന്റ് തോമസ് മൗണ്ട് ചർച്ച്, നമ്പ്യാകുളം - 5,87,580/-
2. സെന്റ് മേരീസ് ചർച്ച്, കളത്തൂർ - 4,09,580/-
3. സെന്റ് മേരീസ് ചർച്ച്, കടപ്ലാമറ്റം - 3,33,550/-
4. സെന്റ് ജോസഫ്സ് ചർച്ച്, അന്തീനാട് - 25,000/-

ആത്മാർത്ഥമായി സഹകരിച്ച ബഹുമാനപ്പെട്ട വികാരിയച്ചന്മാരോടും കൊച്ചച്ചന്മാരോടും മനേജ ഇടവകസമൂഹത്തിന്റെ പ്രത്യേകമായ നന്ദി അറിയിക്കുന്നു.

**5. മദർ മേരി കുർബാന സെന്റർ, ബാപ്പുനഗർ**

**a. അൽഫോൻസാമ്മയുടെ തിരുനാൾ**

ജൂലൈ 29, 30, 31 തീയതികളിൽ വി. അൽഫോൻസാമ്മയുടെ തിരുനാൾ ആചരിച്ചു.

**b. ആദരിക്കൽ**

ഇടവകവൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾദിനത്തിൽ പള്ളിക്കമ്മിറ്റിയംഗങ്ങളുടെ നേതൃത്വത്തിൽ ഇടവക സമൂഹം മുഴുവനും ഇടവകവികാരിയായ ഫാ. മാത്യു കോലത്തിനോടൊപ്പം ബലിയർപ്പിക്കുകയും കേക്ക് മുറിച്ച് സന്തോഷം പങ്കുവയ്ക്കുകയും ചെയ്തു.

**c. പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ**

ഓഗസ്റ്റ് 15 ന് പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു.

**6. സെന്റ് മേരീസ് കുർബാന സെന്റർ, തൽത്തേജ്**

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ഓഗസ്റ്റ് 15 ന് തൽത്തേജ് സെന്റ് മേരീസ് സീറോ-മലബാർ കുർബാന സെന്ററിൽ ഭക്ത്യാദര

പൂർവ്വം ആഘോഷിച്ചു. രാവിലെ 10 മണിക്കുനടന്ന ആഘോഷമായ തിരുനാൾ കുർബാനയ്ക്ക് വികാരി ഫാ. ജോസഫ് കല്ലാച്ചേരിൽ കാർമ്മികത്വം വഹിച്ചു. തുടർന്ന് നേർച്ചപ്പായസവിതരണവും ഉണ്ടായിരുന്നു.

**7. അനുമോദനസമ്മേളനം**

ആഗസ്റ്റ് 26 ന് ഓൺലൈനായി നടത്തിയ അനുമോദനയോഗത്തിൽ റീജ ണിലെ വൈദികരെല്ലാവരും നിയുക്ത സഹായമെത്രാൻ മാർ ജോസഫ് കൊല്ലം പറമ്പിലിന് അനുമോദനങ്ങളും ആശംസകളും അറിയിച്ചു.

**8. കൃതജ്ഞതാബലി**

ഷംഷാബാദ് രൂപതയുടെ ഗുജറാത്ത് റീജിയൺ വികാരി ജനറാളായിരുന്ന മോൺ. ജോസഫ് കൊല്ലംപറമ്പിൽ രൂപതാ സഹായമെത്രാനായി നിയമിത നായതിന്റെ നന്ദി പ്രകാശനമായി റീജണിലെ എല്ലാ ഇടവകകളിലും ആഗസ്റ്റ് 28 ഞായറാഴ്ച കൃതജ്ഞതാബലിയർപ്പിച്ചു.

**മോൺ. ജോസഫ് കൊല്ലംപറമ്പിൽ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

**1. എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ആഗസ്റ്റ് മാസത്തെ എക്സി ക്യൂട്ടീവ് യോഗം ആഗസ്റ്റ് 8 ഞായറാഴ്ച വൈകുന്നേരം മൂന്നുമണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി അഗസ്റ്റിൻ കടൂക്കുന്നേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം ആഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.

**2. കുഞ്ഞേട്ടൻ അനുസ്മരണം**

ചെറുപുഷ്പമിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ പി.സി. അബ്രാഹം പല്ലാട്ടു കുന്നേലിന്റെ (കുഞ്ഞേട്ടൻ) പതിമൂന്നാം ചരമവാർഷികാചരണം 2022 ആഗസ്റ്റ് 13 ശനിയാഴ്ച രൂപത, സംസ്ഥാനസമിതികളുടെ സംയുക്താഭിമുഖ്യത്തിൽ ചെമ്മലമറ്റത്തുവച്ചു നടത്തി. രാവിലെ 9 ന് വി. കുർബാന, തുടർന്ന് നടന്ന പൊതു സമ്മേളനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി യോഗത്തിൽ അധ്യക്ഷത വഹിച്ചു. രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും ശാഖഭാരവാഹികളും യോഗത്തിൽ പങ്കെടുത്തു.

**3. കൗൺസിൽ മീറ്റിംഗ്**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപത കൗൺസിൽ ആഗസ്റ്റ് 18 വ്യാഴാഴ്ച വൈകിട്ട് 8.45 നു ഓൺലൈനായി നടന്നു. അദിലാബാദ് രൂപതാധ്യക്ഷൻ

അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവ് മുഖ്യപ്രഭാഷണം നടത്തി. പാലാ രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സ്വാഗതം ആശംസിച്ചു. ചെറുപുഷ്പമിഷൻലീഗ് രൂപത പ്രസിഡന്റ് ശ്രീ ജോബിൻ റ്റി. ജോണി തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപതയിലെ എല്ലാശാഖകളിലുംനിന്നുള്ള ഭാരവാഹികളും രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു.

**4. സെക്രട്ടേറിയേറ്റ് യോഗങ്ങൾ**

സംഘടനയുടെ ആഗസ്റ്റ് മാസത്തിലെ സെക്രട്ടേറിയേറ്റ് യോഗങ്ങൾ 7, 21 തീയതികളിൽ നടന്നു.

**5. മുൻകാല ഭാരവാഹികളുടെ സംഗമം**

ചെറുപുഷ്പമിഷൻലീഗ് സംഘടനയുടെ പ്ലാറ്റിനം ജൂബിലി ആഘോഷ ങ്ങളുടെ ഭാഗമായി മുൻ രൂപതാഭാരവാഹികളുടെ സംഗമം സെപ്റ്റംബർ 6 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ നടത്തുന്നു. മുൻകാലങ്ങളിൽ രൂപതസമിതി അംഗങ്ങളായിരുന്നവർ ഈ സംഗമത്തിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**6. സീനിയേഴ്സ് ക്യാമ്പ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ 9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സീനിയേഴ്സ് ക്യാമ്പ് സെപ്റ്റംബർ 5,6 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ നടത്തുന്നു. 5 നു രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ക്യാമ്പ് 6 ന് വൈകുന്നേരം 3.30 നു സമാപിക്കും. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 300 രൂപയായിരിക്കും. ശാഖാഭാരവാഹികൾക്ക് മുൻഗണന നൽകി കുട്ടികളെ ക്യാമ്പിൽ പങ്കെടുപ്പിക്കാൻ പ്രത്യേകം പരിശ്രമിക്കേണ്ടതാണ്.

**7. രൂപത രചനാമത്സരം**

ഈ വർഷത്തെ രൂപത രചനാമത്സരം സെപ്റ്റംബർ 4 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.45 മുതൽ ഭരണങ്ങാനം മാതൃഭവനിൽ നടക്കും. ഇതിനു മുന്നോടിയായി മേഖലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവരുടെ ലിസ്റ്റ് ഓഗസ്റ്റ് 29 തിങ്കളാഴ്ച വൈകുന്നേരത്തിനു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

**8. കുഞ്ഞുമിഷനറി മാസിക**

കുഞ്ഞുമിഷനറി മാസിക ആഗസ്റ്റ് മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**മേഖലവാർത്തകൾ**

**1. അരുവിത്തുറ മേഖല**

**എക്സിക്യൂട്ടീവ്**

ആഗസ്റ്റ് മാസത്തെ മേഖല എക്സിക്യൂട്ടീവ് യോഗം ആഗസ്റ്റ് 13 ശനിയാഴ്ച അരുവിത്തുറയിൽ നടത്തപ്പെട്ടു. പ്രസിഡന്റ് ശ്രീ ഷാജു കുന്നയ്ക്കാട്ട് അധ്യക്ഷത വഹിച്ചു.

**പ്രഥമാധ്യാപകസമ്മേളനം**

മേഖലാകലോത്സവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യുന്നതിനായി അരുവിത്തുറ ഫൊറോനയിലെ സൺഡേ സ്കൂൾ പ്രഥമാധ്യാപകരുടെ ഒരു യോഗം ആഗസ്റ്റ് 6 ശനിയാഴ്ച അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ വച്ചു നടന്നു.

**രചനാമത്സരം**

മേഖല രചനാമത്സരം ആഗസ്റ്റ് 17 ഞായറാഴ്ച അരുവിത്തുറ കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു.

**2. കടനാട് മേഖല**

**എക്സിക്യൂട്ടീവ്**

ചെറുപുഷ്പമിഷൻലീഗ് കടനാട് മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ആഗസ്റ്റ് 7 ഞായറാഴ്ച നടന്നു. പ്രസിഡന്റ് ജോബി വല്ലനാട്ട് അധ്യക്ഷത വഹിച്ചു.

**രചനാമത്സരം**

മേഖലരചനാമത്സരം ആഗസ്റ്റ് 14 ഞായറാഴ്ച നടന്നു.

**3. കുറവിലങ്ങാട് മേഖല**

**എക്സിക്യൂട്ടീവ്**

ആഗസ്റ്റ് മാസത്തിലെ എക്സിക്യൂട്ടീവ് യോഗം ആഗസ്റ്റ് 7 ഞായറാഴ്ച പ്രസിഡന്റ് ശ്രീ അമൽ വാക്കാട്ടിൽ പുത്തൻപുരയുടെ അധ്യക്ഷതയിൽ നടന്നു.

**വൈസ് ഡയറക്ടർമാരുടെ യോഗം**

ചെറുപുഷ്പമിഷൻലീഗ് കുറവിലങ്ങാട് മേഖല വൈസ് ഡയറക്ടർമാരുടെ യോഗം ജൂലൈ 31 ഞായറാഴ്ച നടന്നു. സി. ബ്ലെസി DST നേതൃത്വം നൽകി.

**രചനാമത്സരം**

ചെറുപുഷ്പമിഷൻലീഗ് കുറവിലങ്ങാട് മേഖല രചനാമത്സരം ആഗസ്റ്റ് 18 ഞായറാഴ്ച നടന്നു. എല്ലാ ശാഖകളിലുംനിന്നുള്ള കുട്ടികൾ പങ്കെടുത്തു.

**4. രാമപുരം മേഖല**

**രചനാമത്സരം**

മേഖല രചനാമത്സരം ആഗസ്റ്റ് 14 ഞായറാഴ്ച രാമപുരം കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു.

**5. കൂട്ടിക്കൽ മേഖല**

**രചനാമത്സരം**

മേഖല രചനാമത്സരം ആഗസ്റ്റ് 14 ഞായറാഴ്ച നടത്തി.

**പൊതിച്ചോറുവിതരണം**

മിഷൻലീഗ് അംഗങ്ങളുടെ ആഭിമുഖ്യത്തിൽ മുണ്ടക്കയം, നെൻമെനി എന്നിവിടങ്ങളിലെ അനാഥാലയങ്ങളിൽ പൊതിച്ചോറുവിതരണം നടത്തി.

**6. പ്രവിത്താനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 10 ഞായറാഴ്ച പ്രവിത്താനം മേഖല ഓഫീസിൽ നടന്നു. പ്രസിഡന്റ് ശ്രീ ആകാശ് തെങ്ങുംപള്ളി അധ്യക്ഷത വഹിച്ചു.

**സാഹിത്യശില്പശാല**

ചെറുപുഷ്പമിഷൻലീഗ് പ്രവിത്താനം മേഖലയുടെ ആഭിമുഖ്യത്തിൽ സാഹിത്യമത്സരങ്ങൾക്കു മുന്നോടിയായി സാഹിത്യശില്പശാല ജൂലൈ 31 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പ്രവിത്താനം സെന്റ് അഗസ്റ്റിൻ സൺഡേ സ്കൂളിൽ വച്ച്നടത്തി. മേഖല എക്സിക്യൂട്ടീവ് അംഗവും അധ്യാപകനുമായ ശ്രീ ജോജി ജോസ് വട്ടപ്പലം സാഹിത്യശില്പശാല നയിച്ചു. എല്ലാ ശാഖയിലെയും കുഞ്ഞുമിഷനറിമാർ സാഹിത്യശില്പശാലയിൽ പങ്കെടുത്തു.

**കുഞ്ഞേട്ടൻ അനുസ്മരണം**

ചെറുപുഷ്പമിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ പി. സി. അബ്രഹാം പല്ലാട്ടുകുന്നേലിന്റെ അനുസ്മരണം പ്രവിത്താനം മേഖലയുടെ എല്ലാ ശാഖകളിലും ആഗസ്റ്റ് 14 ന് ഞായറാഴ്ച സമുചിതമായി ആചരിച്ചു.

**രചനാമത്സരം**

മേഖല രചനാമത്സരം ആഗസ്റ്റ് 14 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പ്രവിത്താനത്തുവച്ചു നടത്തപ്പെട്ടു.

**രൂപതാസമിതി സന്ദർശനം**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതാസമിതി ആഗസ്റ്റ് 14 ന് ഞായറാഴ്ച വൈകിട്ട് 6 മണിക്ക് മേഖല സന്ദർശിച്ചു. ചെറുപുഷ്പമിഷൻലീഗ് പാലാ രൂപത പ്രസിഡന്റ് ഡോ. ജോബിൻ റ്റി. ജോണി, സെക്രട്ടറി ശ്രീ അഗസ്റ്റിൻ കടൂക്കുന്നേൽ എന്നിവരാണ് രൂപതാസമിതിക്കുവേണ്ടി സന്ദർശനം നടത്തിയത്.

**7. ഭരണങ്ങാനം മേഖല**

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ചെറുപുഷ്പമിഷൻലീഗ് ഭരണങ്ങാനം മേഖലയുടെ ജൂലൈ മാസത്തെ എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 31 ഞായറാഴ്ച നടന്നു. മേഖലാ ഡയറക്ടർ റവ. ഫാ. ഡൈസൻ തരകന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ മേഖലാ മത്സരങ്ങളുടെ കാര്യം ചർച്ച ചെയ്തു.

**ഹൃദ്യം@75**

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് മിഷൻലീഗ് ഭരണങ്ങാനം മേഖലയിലെ മുൻകാലഭാരവാഹികളുടെ സമ്മേളനം ഓഗസ്റ്റ് 14 ഞായറാഴ്ച ഭരണങ്ങാനം

മാതൃഭവനിൽവച്ചു നടത്തപ്പെട്ടു. പാലാ രൂപത വികാരി ജനറൽ മോൺ. ജോസഫ് തടത്തിൽ യോഗം ഉദ്ഘാടനം ചെയ്തു. അൻപതോളം മുൻകാല ഭാരവാഹികൾ സംബന്ധിച്ചു.

**8. തുടങ്ങനാട് മേഖല**

**ഫാൻസിഡ്രസ് മത്സരം**

തുടങ്ങനാട് ഫൊറോനയുടെ ആഭിമുഖ്യത്തിൽ 'വി.അൽഫോൻസാമ്മ എന്ന അധ്യാപിക' എന്ന വിഷയത്തിൽ ഫാൻസിഡ്രസ് മത്സരം ആഗസ്റ്റ് 10 ബുധനാഴ്ച നടത്തി.

**രചനാമത്സരം**

മേഖല രചനാമത്സരം ആഗസ്റ്റ് 21 ഞായറാഴ്ച നടത്തി.

**9. കടുത്തുരുത്തി മേഖല**

**രചനാമത്സരം**

കടുത്തുരുത്തി മേഖല രചനാമത്സരം ആഗസ്റ്റ് 18 വ്യാഴാഴ്ച കടുത്തുരുത്തി താഴത്തുപള്ളി ഓഡിറ്റോറിയത്തിൽ വച്ചു നടന്നു.

**10. തീക്കോയി മേഖല**

**രചനാമത്സരം**

തീക്കോയി മേഖല രചനാമത്സരം ആഗസ്റ്റ് 14 ഞായറാഴ്ച തീക്കോയി പള്ളി ഓഡിറ്റോറിയത്തിൽ വച്ചു നടന്നു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**1. ധ്യാനം**

ജൂലൈ 29, 30 തീയതികളിലായി രാമപുരം ഗേൾസ് ഹൈസ്കൂളിൽ വച്ച് കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി രണ്ടു ദിവസത്തെ ധ്യാനം നടത്തപ്പെട്ടു.

**2. ലീഡേഴ്സ് ക്യാമ്പ്**

കെ.സി.എസ്.എൽ. ലീഡേഴ്സായി തിരഞ്ഞെടുക്കപ്പെട്ട സ്കൂൾ കുട്ടികൾക്കുള്ള ലീഡേഴ്സ് ക്യാമ്പ് ആഗസ്റ്റ് 12-ാം തീയതി അരുണാപുരം സെന്റ് തോമസ് ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ജിജോ മാത്യു അദ്ധ്യക്ഷപ്രസംഗവും ചെയർമാൻ ലിയോ സ്റ്റീഫൻ ആശംസയും ജനറൽ ഓർഗനൈസർ എബി ജോസ് കൃതജ്ഞതയും അർപ്പിച്ചു. ഫാ. ടോണി ചൊവ്വേലിക്കുടി കുട്ടികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചകഴിഞ്ഞ് 3.30 ന് ക്യാമ്പ് അവസാനിച്ചു.

**3. സന്ദർശനം**

ആഗസ്റ്റ് 12 -ാം തീയതി ഉച്ചകഴിഞ്ഞ് കെ.സി.എസ്.എൽ. ലീഡേഴ്സായി തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കുകയും മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് കുട്ടികൾക്ക് സിവിൽ സർവ്വീസിനെക്കുറിച്ച് ക്ലാസ്സ് എടുക്കുകയും ചെയ്തു. വി.വി. ജോർജ്ജുകുട്ടി, ബേബി വട്ടക്കനാൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. സെൻട്രൽ കൗൺസിൽ**

ഓഗസ്റ്റ് 18 വ്യാഴാഴ്ച എറണാകുളം പി.ഒ.സിയിൽ നടന്ന സി.സി. മീറ്റിംഗിൽ പാലാ രൂപതയിൽനിന്ന് പ്രസിഡന്റ് ജിജോ മാത്യു പങ്കെടുക്കുകയും ത്രൈമാസ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

**5. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഓഗസ്റ്റ് 19 വെള്ളിയാഴ്ച് രാത്രി 8.30 മുതൽ 9.00 മണിവരെ ഓൺലൈൻ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. അടുത്ത മാസം നടക്കാനിരിക്കുന്ന ഓണാവധിക്കാല ക്യാമ്പ്, രൂപതാതല അൽഫോൻസാ കളറിംഗ് മത്സരം, രൂപതാതല സാഹിത്യമത്സരം എന്നിവയെക്കുറിച്ച് ചർച്ചചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ കൂടിയ മീറ്റിംഗിൽ എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. സംസ്ഥാന അർദ്ധവാർഷിക സെനറ്റ്**

44-ാമത് കെ.സി.വൈ.എം. സംസ്ഥാന അർദ്ധവാർഷിക സെനറ്റ് കാഞ്ഞിരപ്പള്ളി രൂപതയുടെ ആതിഥേയത്വത്തിൽ ജൂലൈ 29,30,31 തീയതികളിലായി നടത്തപ്പെട്ടു. പാലാ രൂപതയെ പ്രതിനിധീകരിച്ച് രൂപത ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, സി. ജോസ്മിത, ജോസഫ് സെബാസ്റ്റ്യൻ, ഡിബിൻ ഡൊമിനിക്, ടോണി കവിയിൽ, ലിയ തെരേസ് ബിജു, നവ്യാ ജോൺ എന്നിവർ പങ്കെടുത്തു. പാലാ രൂപതയുടെ അർദ്ധവാർഷിക റിപ്പോർട്ട് ജനറൽ സെക്രട്ടറി ഡിബിൻ ഡൊമിനിക് അവതരിപ്പിച്ചു. തുടർന്ന് നടന്ന പ്രമേയാവതരണത്തിൽ രൂപതാസമിതി സജീവമായി പങ്കെടുത്തു.

**2. Evening with Youth @ പൂഞ്ഞാർ**

എസ്.എം.വൈ.എം. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ പൂഞ്ഞാർ ഫൊറോന സന്ദർശനം നടത്തപ്പെട്ടു. യൂണിറ്റ് അംഗങ്ങളുമായി രൂപതയുടെ നിലവിലെ പ്രോഗ്രാമുകളെക്കുറിച്ച് ചർച്ച ചെയ്യുക, പ്രോഗ്രാമുകളെക്കുറിച്ച് യുവജനങ്ങളുടെ അഭിപ്രായങ്ങൾ അറിയുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെട്ട പരിപാടിയിൽ ഫൊറോനയിലെ നൂറോളം യുവജനങ്ങൾ സജീവമായി

പങ്കെടുത്തു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപത ജോയിന്റ് ഡയറക്ടർ സിസ്റ്റർ ജോസ്മിത SMS, യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് കുമ്പുക്കൽ, ബ്രദർ റീജന്റ് ജെറിൻ മേൽവെട്ടം, രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര, ജനറൽ സെക്രട്ടറി ഡിബിൻ, മറ്റ് രൂപതാഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം കൊടുത്തു.

**3. വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ**

ഓഗസ്റ്റ് 4 വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് വൈദികരോടൊപ്പം ഒരു ദിനം ചെലവഴിക്കുവാൻ രൂപതാസമിതി യൂണിറ്റുകളോട് ആഹ്വാനം ചെയ്തു. തിരുനാൾ ദിനത്തിൽ ശാലോം പാസ്റ്ററൽ സെന്ററിലെ എല്ലാ വൈദികർക്കും ഡയറക്ടർ മാണി കൊഴുപ്പൻകുറ്റി അച്ചന്റെയും റീജന്റ് ബ്രദർ ജെറിൻ മേൽവെട്ടത്തിന്റെയും പ്രസിഡന്റ് ജോസഫ് കിണറ്റുകരയുടെയും നേതൃത്വത്തിൽ സമിതി അംഗങ്ങൾ ആശംസകൾ നേർന്നു.

**4. വോളിബോൾ ടൂർണമെന്റ്**

എസ്.എം.വൈ.എം. പാലാ രൂപതയുടെയും ഫൊറോനയുടെയും പൂവരണി യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ഓഗസ്റ്റ് 6 ന് വോളിബോൾ ടൂർണമെന്റ് നടത്തപ്പെട്ടു. റവ. ഫാ. തോമസ് മണ്ണൂർ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. 5 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. ടൂർണമെന്റിൽ കടനാട് ഫൊറോന ഒന്നാം സ്ഥാനവും പ്രവിത്താനം, മൂലമറ്റം ഫൊറോനകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി.

**5. പാലാ സമരിറ്റൻ ടാസ്ക് ഫോഴ്സ് രൂപീകരണവും പരിശീലനവും**

പി.എസ്.ഡബ്ല്യു.എസ്.ന്റെയും എസ്.എം.വൈ.എം. പാലാ രൂപതയുടെയും സംയുക്താഭിമുഖ്യത്തിൽ ജില്ല ദുരന്തനിവാരണസമിതിയുടെയും നിർദേശത്തിൽ ഓഗസ്റ്റ് 9 ന് ഈരാറ്റുപേട്ട ഫയർ ആൻഡ് റെസ്ക്യൂ ഫോഴ്സിന്റെയും ജന മൈത്രി പോലീസിന്റെയും സഹായത്തോടെ ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്തു. ദുരന്തമുഖത്ത് നിർബന്ധമായും പാലി ക്കേണ്ട നിർദേശങ്ങളെക്കുറിച്ചും അടിയന്തരഘട്ടങ്ങളിൽ നൽകുവാനുള്ള പ്രാഥമികശുശ്രൂഷകളെക്കുറിച്ചും ജനമൈത്രി പോലീസ് എ.എസ്.ഐ. ബിനോയ് സെബാസ്റ്റ്യൻ, ഫയർഫോഴ്സ് ഓഫീസർ എൻ. സതീഷ് കുമാർ, എം.എ. വിഷ്ണു, എ. അൻസിൽ തുടങ്ങിയവർ ക്ലാസ് നയിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അധ്യക്ഷത വഹിച്ച യോഗം അരുവിത്തുറ സെന്റ് ജോർജ്ജ് ഫൊറോന വികാരി വെരി റവ.ഡോ. അഗസ്റ്റിൻ പാലയ്ക്കാ പറമ്പിൽ ഉദ്ഘാടനം ചെയ്തു. എസ്.എം.വൈ.എം. രൂപത ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, ഫൊറോന ഡയറക്ടർ റവ. ഫാ. ആന്റണി തോണക്കര, എസ്.എം.വൈ.എം. രൂപത പ്രസിഡന്റ്, ജോസഫ് കിണറ്റുകര, ഫൊറോന പ്രസിഡന്റ് ഡോൺ ഇഞ്ചേരിൽ, യൂണിറ്റ് പ്രസിഡന്റ് ബെന്നിസൺ തുടങ്ങിയവർ പ്രസംഗിച്ചു. രൂപതാഭാരവാഹികളും, വിവിധ ഫൊറോനയിൽനിന്നുള്ള ടാസ്ക് ഫോഴ്സ് അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു.

**6. YATP**

ഓഗസ്റ്റ് മാസത്തെ YATP ക്യാമ്പ് 12, 13 തീയതികളിലായി വാരിയാനിക്കാട് വച്ച് നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാർട്ടിൻ പന്തിരുവേലിൽ ഉദ്ഘാടനം ചെയ്തു. ഡോ. റെജിൽ തോമസ്, ഡോ. തോമസ് മാത്യു പുളിക്കൻ, ഡോ. വിനു ജെ. ജോർജ്ജ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**7. ഇന്ത്യൻ സ്വാതന്ത്ര്യസമരവും ഭാരതക്രൈസ്തവരും സെമിനാർ**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് SMYM പാലാ രൂപതയും കുറവിലങ്ങാട് ഫൊറോനയും സംയുക്തമായി മരങ്ങാട്ടുപിള്ളി യൂണിറ്റിൽ വച്ച് 'ഇന്ത്യൻ സ്വാതന്ത്ര്യസമരവും ഭാരതക്രൈസ്തവരും' എന്ന സെമിനാറിന്റെ രണ്ടാം ഭാഗം ആഗസ്റ്റ് 15 ന് നടത്തി. എസ്.എം.വൈ.എം. കുറവിലങ്ങാട് ഫൊറോന ജനറൽ സെക്രട്ടറി മിജോ ജോയി സ്വാഗതം ആശംസിച്ചു. എസ്.എം.വൈ.എം പാലാ രൂപത വൈസ് പ്രസിഡന്റ് റിന്റു പറയൻകുഴിയിൽ അധ്യക്ഷത വഹിച്ചു. എസ്.എം.വൈ.എം. മരങ്ങാട്ടുപിള്ളി യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് താന്നിക്കപ്പാറ ചരിത്രസെമിനാർ ഉദ്ഘാടനം ചെയ്തു. 'ഇന്ത്യൻ സ്വാതന്ത്ര്യ സമരവും ക്രൈസ്തവരുടെ പങ്കും സമകാലിക പ്രസക്തിയും' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. തോമസ് പുളിക്കൻ ആദ്യഭാഗം നയിച്ചു. സെമിനാറിന്റെ രണ്ടാം ഭാഗത്ത് 'ഇന്ത്യൻ സ്വാതന്ത്ര്യസമരരംഗത്തെ സ്ത്രീസാന്നിധ്യം' എന്ന വിഷയത്തെ ആസ്പദമാക്കി സാഗര എസ്. ക്ലാസ് നയിച്ചു. തുടർന്ന് 'ക്രൈസ്തവരും സ്വാതന്ത്ര്യസമരവും' എന്ന വിഷയത്തെ ആസ്പദമാക്കി കാട്ടാമ്പാക്ക് യൂണിറ്റിനെ പ്രതിനിധീകരിച്ച് ബിബിൻ ചാമക്കാല, മരങ്ങാട്ടുപിള്ളി യൂണിറ്റിൽ നിന്ന് ജെസ്‌ലറ്റ് മാത്യു, കുറവിലങ്ങാട് യൂണിറ്റിനെ പ്രതിനിധീകരിച്ച് അമല ആൻ ബെന്നി എന്നിവർ പ്രബന്ധാവതരണം നടത്തി. പാലാ രൂപത ട്രഷറർ മെറിൻ പൊയ്യാനിയിൽ കൃതജ്ഞത അർപ്പിച്ചു. പാലാ രൂപതയിലെ വിവിധ ഫൊറോനകളിൽനിന്ന് യുവജനങ്ങൾ പങ്കെടുത്തു.

**8. Justice Sunday**

ജസ്റ്റീസ് സൺഡേ ദിനാചരണത്തിൽ എസ്.എം.വൈ.എം. പാലാ രൂപതയിലെ യുവജനങ്ങൾ ഭാഗഭാഗിത്വം വഹിച്ചു. രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര ആശംസകൾ നേർന്നു.

**9. കാർലോസ് കാരവാൻ @ മുട്ടുചിറ**

ഓഗസ്റ്റ് 18 ന് കാർലോസ് കാരവാൻ പ്രോഗ്രാം മുട്ടുചിറ ഫൊറോനയിൽ വച്ച് നടത്തപ്പെട്ടു. ഫൊറോനയിലെ യൂണിറ്റ് അംഗങ്ങൾ വിശുദ്ധ ബലിയിലും ആരാധനയിലും പങ്കുചേർന്നു. ഫൊറോന പ്രതിനിധി എലിസബത്ത് ഷാജു അനുദിന വിശുദ്ധനെ യൂണിറ്റ് അംഗങ്ങൾക്കു പരിചയപ്പെടുത്തി.

**10. Media Workshop**

എസ്.എം.വൈ.എം. പാലാ രൂപതയുടെയും ഫൊറോനയുടെയും പൂവരണി യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ഓഗസ്റ്റ് 18 ന് Miracle Media Workshop നടത്തപ്പെട്ടു. ഫാ. ജീമോൻ പനച്ചിക്കൽകരോട്ട് ക്ലാസ് നയിച്ചു. രൂപതയിലെ വിവിധ യൂണിറ്റുകളിൽനിന്ന് മുപ്പതോളം യുവാക്കൾ ക്ലാസിൽ പങ്കെടുത്തു.

**11. Evening with Youth @ പാലാ**

എസ്.എം.വൈ.എം. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ പാലാ മേഖല സന്ദർശനം നടത്തി. യൂണിറ്റ് അംഗങ്ങളുമായി രൂപതയുടെ നിലവിലെ പ്രോഗ്രാമുകളെപ്പറ്റി ചർച്ച ചെയ്യുക, ഇനിയുള്ള പ്രോഗ്രാമുകളെപ്പറ്റി യുവജന ങ്ങളുടെ അഭിപ്രായങ്ങൾ അറിയുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെട്ട പ്രോഗ്രാ മിൽ ഫൊറോനയിലെ അമ്പതോളം യുവജനങ്ങൾ സജീവമായി പങ്കെടുത്തു. രൂപത ഡയറക്ടർ റവ. ഫാ മാണി കൊഴുപ്പൻകുറ്റി, പാലാ ഫൊറോന ഡയറക്ടർ റവ. ഫാ. ദേവസ്യാച്ചൻ വട്ടപ്പലം, യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു കാലായിൽ, രൂപതാ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, രൂപതാഭാരവാഹികൾ, ഫൊറോന-യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടിക്ക് നേതൃത്വം കൊടുത്തു.

**12. കാർലോസ് കാരവാൻ @ തീക്കോയി**

ഓഗസ്റ്റ് 25 ന് കാർലോസ് കാരവാൻ പ്രോഗ്രാം തീക്കോയി ഫൊറോനയിൽ വച്ച് നടത്തപ്പെട്ടു. ഫൊറോനയിലെ യൂണിറ്റ് അംഗങ്ങൾ വിശുദ്ധ ബലിയിലും ആരാധനയിലും പങ്കുചേർന്നു. ഫൊറോന പ്രതിനിധി നവ്യാ ജോൺ അനുദിന വിശുദ്ധനെ യൂണിറ്റ് അംഗങ്ങൾക്ക് പരിചയപ്പെടുത്തി.

**13. Evening with Youth @കുറവിലങ്ങാട്**

എസ്.എം.വൈ.എം. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ കുറവില ങ്ങാട് ഫൊറോന സന്ദർശനം നടത്തപ്പെട്ടു. യൂണിറ്റ് അംഗങ്ങളുമായി രൂപതയുടെ നിലവിലെ പ്രോഗ്രാമുകളെപ്പറ്റി ചർച്ച ചെയ്യുക, ഇനിയുള്ള പ്രോഗ്രാമുകളെപ്പറ്റി യുവജനങ്ങളുടെ അഭിപ്രായങ്ങൾ അറിയുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെട്ട പ്രോഗ്രാമിൽ ഫൊറോനയിലെ നൂറോളം യുവജനങ്ങൾ സജീവമായി പങ്കെടുത്തു. രൂപത ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപതാ ജോയിന്റ് ഡയറക്ടർ സിസ്റ്റർ ജോസ്മിത SMS, യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ് ഒഴുകയിൽ, റീജന്റ് ബ്രദർ ജെറിൻ മേൽവെട്ടം, രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര, ജനറൽ സെക്രട്ടറി ഡിബിൻ, രൂപതാ ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

**14. ദുരിതബാധിതർക്കു സഹായവുമായി യുവജനങ്ങൾ**

രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര കൂട്ടിക്കൽ, തീക്കോയി,പാലാ, മൂന്നിലവ്, മേലുകാവ് തുടങ്ങിയ ദുരിതബാധിതപ്രദേശങ്ങൾ സന്ദർശിക്കുകയും ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. രൂപത സമിതി യുടെ നേതൃത്വത്തിൽ രൂപതയുടെ എല്ലാ ഫൊറോനകളിലും ടാസ്ക് ഫോഴ്സും രൂപീകരിച്ചു.

**15. പുതിയ യൂണിറ്റുകൾ**

അറക്കുളം ന്യൂ (എ യൂണിറ്റ്), വിളക്കുമാടം, ഇലപ്പള്ളി, സേവ്യർപുരം, മംഗളഗിരി, ളാലം ഓൾഡ് (ബി യൂണിറ്റ്), വാഗമൺ എന്നീ ഇടവകകളിൽ പുതിയ യൂണിറ്റുകൾ ആരംഭിച്ചു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. അരുവിത്തുറ ഹൗസ്ഹോൾഡ്**

ഓഗസ്റ്റ് 7 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ അരുവിത്തുറ ഹൗസ്ഹോൾഡ് നടത്തപ്പെട്ടു. അരുവിത്തുറ പ്രദേശത്തുള്ള ജീസസ് യൂത്ത് അംഗങ്ങൾ കൂട്ടായ്മയിൽ പങ്കെടുത്തു.

**2. അജ്ന - Short Film**

വെല്ലുവിളി നിറഞ്ഞ ജീവിതത്തിലൂടെ നമ്മിൽനിന്ന് ഈശോയിലേക്കു മടങ്ങിയ അജ്ന എന്ന പെൺകുട്ടിയുടെ ജീവിതത്തിൽനിന്നു പ്രചോദനം ഉൾക്കൊണ്ട് ജീസസ് യൂത്ത് പാലാ സോൺ 'ജീസസ് യൂത്ത് അജ്ന' എന്ന ഷോർട്ട് ഫിലിം പ്രഖ്യാപിച്ചു. ഡോൺ ജോസഫ് ആണ് ചിത്രം സംവിധാനം ചെയ്യുന്നത്.

**3. ടീൻസ് ഗാതറിംഗ്**

പാലാ ടീൻസ് ടീം നയിക്കുന്ന രണ്ടാം ശനിയാഴ്ച കൂട്ടായ്മ ഓഗസ്റ്റ് 13 ശനിയാഴ്ച പാലാ സെന്റ് മേരീസ് ഗേൾസ് സ്കൂളിൽ വച്ച് രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെ നടത്തപ്പെട്ടു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, അമല ട്രീസ ജെയിംസ്, ബെല്ല സണ്ണി, ആൽഫി സെബാസ്റ്റ്യൻ തുടങ്ങിയവർ നേതൃത്വം നൽകിയ പ്രോഗ്രാമിൽ ആന്റണി ജോൺസൺ, ഷിബ്രീസ് കെ. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾ നയിച്ചു. ഏകദേശം 30 പേരാണ് പ്രോഗ്രാമിൽ പങ്കെടുത്തത്.

**4. നാഷണൽ ടീൻസ് മിനിസ്ട്രി ലീഡേഴ്സ് ട്രെയിനിംഗ്**

ബാംഗ്ലൂരിൽ വച്ച് ഓഗസ്റ്റ് 13 മുതൽ 15 വരെ നടത്തപ്പെട്ട നാഷണൽ ടീൻസ് മിനിസ്ട്രി ലീഡേഴ്സ് ട്രെയിനിംഗിൽ പാലാ സോണിൽനിന്ന് തെരേസ് ജോസഫ്, ഏയ്ഞ്ചൽ സിബി, എബിൻ ജോസ്, അനീഷ ടോം എന്നിവർ പങ്കെടുത്തു.

**5. കോർ ടീം ട്രെയിനിംഗ്**

പാലാ ക്യാംപസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിവിധ കോളജുകളിലെ കോർ ടീമുകൾക്കായി പാലാ കാർമ്മൽ സ്കൂളിൽ വച്ച് ഓഗസ്റ്റ് 12 മുതൽ 15 വരെ ട്രെയിനിംഗ് നടത്തപ്പെട്ടു. 43 പേർ പങ്കെടുത്ത പ്രോഗ്രാമിൽ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സണ്ണി തയ്യിൽ, റോയ് ജോസഫ്, ഷിബ്രീസ് കെ. സെബാസ്റ്റ്യൻ, റിച്ചു ലിസ് റോയി, ആന്റണി ജോൺസൺ, എന്നിവർ ക്ലാസ്സുകൾ നയിച്ചു. അമല ട്രീസ ജെയിംസ്, സിജോ ജോസഫ്, ലിബിൻ, നാൻസി മാർട്ടിൻ തുടങ്ങിയവർ നേതൃത്വം നല്കി.

**6. കേരള ലീഡേഴ്സ് ട്രെയിനിംഗ്**

കേരള ജീസസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 12 മുതൽ 21 വരെ ആലുവ ആത്മദർശനിൽ വച്ച് നടത്തപ്പെട്ട കേരള ലീഡേഴ്സ് ട്രെയിനിംഗിൽ പാലാ സോണിൽനിന്ന് ജിബിൻ ജോസഫ്, ജോഗേഷ് ജോബി, ജോർജ്ജ് ജോസഫ് എന്നിവർ പങ്കെടുത്തു.

**7. നാർദ്ദിൻ പാരിഷ് ലീഡേഴ്സ് ഗ്യാതറിംഗ്**

പാലാ പാരിഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ പാലായിലെ ഇടവകകളിലെ ലീഡേഴ്സിനായി പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ വച്ച് നാർദിൻ എന്ന ട്രെയിനിംഗ് ഓഗസ്റ്റ് 18 നു രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെ നടത്തപ്പെട്ടു. 40 പേരോളം പങ്കെടുത്ത പ്രോഗ്രാമിന് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കോർഡിനേറ്റർ അമല ട്രീസ ജെയിംസ്, ആൽബിൻ ജിജോ, ആഗ്നസ് ജോസ്, മാർട്ടിൻ ബെന്നി, ജയ്മോൻ ജോൺ, ആൻമരിയ ജോസഫ് തുടങ്ങിയവർ നേതൃത്വം നല്കി.

**8. ഫുൾടൈമേഴ്സ് അനോയിന്റിംഗ്**

ജീസസ് യൂത്ത് മിഷനറി പ്രോഗ്രാമായ 40 ദിവസത്തെ ഫുൾടൈമേഴ്സ് ട്രെയിനിംഗ് പൂർത്തിയായി. മുപ്പതാം ബാച്ച് ഫുൾടൈമർഷിപ്പ് ട്രെയിനിംഗിനു ശേഷം 43 യുവമിഷനറിമാരാണ് ഓഗസ്റ്റ് 20 നു ബാംഗ്ലൂരിലെ ക്രൈസ്റ്റ് ക്യാമ്പസിൽ നടന്ന ചടങ്ങിൽ വച്ച് അഭിഷേകം ചെയ്യപ്പെട്ടത്. പാലാ സോണിൽനിന്ന് ഭരണങ്ങാനം ഇടവകാംഗമായ ആൽഫിൻ ബെന്നി ഷില്ലോങ്ങിലേക്ക് ഒരു വർഷത്തെ മിഷൻ പ്രവർത്തനത്തിനായി തിരഞ്ഞെടുക്കപ്പെട്ടു.

**9. നൈറ്റ് വിജിൽ**

ഓഗസ്റ്റ് മാസത്തിലെ നൈറ്റ് വിജിൽ ഓഗസ്റ്റ് 26 ന് പാലാ അരുണാപുരം പള്ളിയിൽ വച്ച് വൈകുന്നേരം 6 മുതൽ ഓഗസ്റ്റ് 27 രാവിലെ 6 മണി വരെ നടത്തപ്പെട്ടു. ഫാ വിൻസെന്റ് മൂങ്ങാമാക്കൽ, ജോമോൻ ജോൺ, അമല ട്രീസ ജെയിംസ്, റൂബി ജോസഫ് എന്നിവർ നേതൃത്വം നൽകിയ രാത്രി ആരാധനയിൽ ഫാ. വിനു CMI ക്ലാസ്സ് നയിച്ചു.

**10. മൂന്നാം ശനിയാഴ്ച കൂട്ടായ്മ**

ഓഗസ്റ്റ് മാസത്തെ മൂന്നാം ശനിയാഴ്ച കൂട്ടായ്മ ഓഗസ്റ്റ് 20 ശനിയാഴ്ച വൈകിട്ട് 6 മുതൽ 10 വരെ ഭരണങ്ങാനം അസീസി ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, അമല ട്രീസ ജെയിംസ്, ടോണി ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ആഗസ്റ്റ് 15–17, ആഗസ്റ്റ് 31–സെപ്റ്റംബർ 2** തീയതിയിൽ നടന്ന വിവാഹ ഒരുക്ക സെമിനാറിൽ 258 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**സെപ്റ്റംബർ 19–21, ഒക്ടോബർ 3–5, ഒക്ടോബർ 24–26** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ആഗസ്റ്റ് മാസത്തിലെ പേരന്റ്സ് മീറ്റിംഗുകളിൽ റവ. ഫാ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. മീറ്റിംഗിൽ 275 മാതാപിതാക്കൻമാർ സംബന്ധിച്ചു.

**4. കെ.സി.ബി.സി ഫാമിലി കമ്മീഷൻ മീറ്റിംഗ്**

ജൂലൈ 31-ാം തീയതി കെ.സി.ബി.സി ഫാമിലി കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഡയറക്ടേഴ്സ് മീറ്റും കുടുംബവർഷസമാപനവും എറണാകുളം പി.ഒ.സിയിൽ നടത്തപ്പെട്ടു. കെ.സി.ബി.സി ഫാമിലി കമ്മീഷൻ വൈസ് ചെയർമാൻ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ട സമ്മേളനത്തിൽ നമ്മുടെ രൂപതയിൽനിന്ന് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ ഉൾപ്പെടെ 10 പേർ പങ്കെടുത്തു.

**B. സന്തുഷ്ടകുടുംബപദ്ധതി**

2000 മാണ്ടിനുശേഷം വിവാഹിതരായി അഞ്ചോ അതിൽ കൂടുതലോ കുട്ടികളുള്ള 53 കുടുംബങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സന്തുഷ്ടകുടുംബപദ്ധതിയിലൂടെ പ്രതിമാസം 1500 രൂപയുടെ സാമ്പത്തിക സഹായം (ആഗസ്റ്റ് മാസത്തിലേത്) 5-ാം തീയതി Bank Transfer വഴി നല്കി.

**C. പിതൃവേദി**

**1. എക്സിക്യൂട്ടീവ് മീറ്റിംഗ് & രൂപതാസമിതി**

ആഗസ്റ്റ് 13-ാം തീയതി രാവിലെ 9 മണിക്ക് ഷലോം പാസ്റ്ററൽ സെന്റിൽ വച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു. തുടർന്ന് 11 മണിക്ക് രൂപതാസമിതി കർമ്മപരിപാടികളെക്കുറിച്ച് ചർച്ച നടത്തി.

**2. സമ്മാനദാനം**

പിതൃവേദി അംഗങ്ങൾക്കായി രൂപതാതലത്തിൽ നടത്തിയ പ്രസംഗം, ഭക്തിഗാനമത്സരങ്ങളിൽ വിജയികളായവർക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട സമ്മേളനത്തിൽ റവ. ഫാ. ജോസഫ് മുത്തനാട്ട് സമ്മാനം വിതരണം നിർവഹിച്ചു. ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ, പിതൃവേദി പ്രസിഡന്റ് ശ്രീ. ജോസഫ് വടക്കേൽ, സെക്രട്ടറി ശ്രീ ജോസഫ് മുത്തനാട്ട് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**3. മീറ്റിംഗ്**

ആഗസ്റ്റ് 27-ാം തീയതി തീക്കോയി യൂണിറ്റിൽ വച്ച് പിതൃവേദി അംഗങ്ങളുടെ മീറ്റിംഗ് നടത്തപ്പെട്ടു. ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലും പിതൃവേദി രൂപതാസമിതി അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു.

**4. മാതൃ-പിതൃവേദി സംയുക്തമീറ്റിംഗ്**

ആഗസ്റ്റ് 28-ാം തീയതി ഞായറാഴ്ച വെള്ളികുളം യൂണിറ്റിൽ മാതൃ-പിതൃവേദി സംയുക്തമായി ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ അദ്ധ്യക്ഷതയിൽ സമ്മേളിക്കുകയും സംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശകലനം നടത്തുകയും ചെയ്തു. മാതൃ-പിതൃവേദി രൂപതാസമിതി അംഗങ്ങൾ പങ്കെടുത്തു.

## D. മാതൃവേദി

### 1. മാതൃവേദി ഇന്റർനാഷണൽ മീറ്റിംഗ്

ജൂലൈ 18, 19 തീയതികളിൽ ആമ്പല്ലൂർ സ്പിരിചൽ ആനിമേഷൻ സെന്ററിൽ നടത്തപ്പെട്ട മാതൃവേദി ഇന്റർനാഷണൽ മീറ്റിംഗിൽ പാലാ രൂപതയെ പ്രതിനിധാനം ചെയ്ത് രൂപത പ്രസിഡന്റ് സിജി ലൂക്ക്സൺ പടന്നമാക്കൽ, സെക്രട്ടറി മേരിക്കുട്ടി അഗസ്റ്റ്യൻ വടക്കുംകര, വൈസ് പ്രസിഡന്റ് സബീന സക്കറിയാസ് മഠത്തിൽപറമ്പിൽ എന്നിവർ പങ്കെടുത്തു.

### 2. രൂപത എക്സിക്യൂട്ടീവ്

ആഗസ്റ്റ് 4-ാം തീയതി ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ രൂപതാസമിതി കൂടുകയും പുതിയ കർമ്മപദ്ധതികളെക്കുറിച്ചു ചർച്ച നടത്തുകയും ചെയ്തു.

### 3. രൂപതാസമിതി

ആഗസ്റ്റ് 19-ാം തീയതി രാവിലെ 10 മണിക്ക് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ രൂപതാസമിതി കൂടി.

### 4. നിയമാവലി

മാതൃവേദിയുടെ പുതിയ നിയമാവലി പ്രസിദ്ധീകരിച്ചു.

### 5. മത്സരങ്ങൾ

മാതൃവേദി അംഗങ്ങൾക്കായി പ്രസംഗം, ഭക്തിഗാനമത്സരങ്ങൾ സെപ്റ്റംബർ 15-ാം തീയതിക്കു മുൻപായി യൂണിറ്റിലും സെപ്റ്റംബർ 30 നുമുൻപായി ഫൊറോനാതലത്തിലും നടത്തപ്പെടുന്നതാണ്. ഫൊറോനാതലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർ രൂപതാതലത്തിൽ മത്സരിക്കും.

## E. പ്രോലൈഫ്

### 1. മീറ്റിംഗ്

ആഗസ്റ്റ് 20-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ പ്രോലൈഫ് സമിതിയുടെ മീറ്റിംഗ് നടത്തപ്പെട്ടു.

### 2. കെ.സി.ബി.സി. വലിയ കുടുംബസംഗമം

സെപ്റ്റംബർ 4-ാം തീയതി കെ.സി.ബി.സി. പ്രോലൈഫ് സമിതിയുടെ ആഭിമുഖ്യത്തിൽ വലിയ കുടുംബങ്ങളുടെ ഒരു സംഗമം നടത്തപ്പെടുന്നതാണ്. 1990 നു ശേഷം വിവാഹിതരായവരും നാലും അതിൽ കൂടുതൽ മക്കളുള്ളതുമായ കുടുംബങ്ങളെയാണ് സംഗമത്തിൽ ഉൾപ്പെടുത്തുന്നത്. ഓരോ രൂപതയിൽനിന്നും അങ്ങനെയുള്ള നാലു കുടുംബങ്ങളെയാണ് പ്രസ്തുത സംഗമത്തിൽ ഉൾപ്പെടുത്തുന്നത്.

## F. സീറോ മലബാർ പാലാ മാട്രിമണി

### 1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രി

മണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക പത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ആഗസ്റ്റ് 22-ാം തീയതി മുതൽ പുതിയ ബാച്ച് ഹോം സയൻസ് ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംമ്പോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കൊളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ — 9496571321.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**1. ദശദിന കാരുണ്യോത്സവം**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ യൂത്ത് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന മദർ തെരേസയോടൊപ്പം 'യൂത്ത് വാക്ക്' ദശദിന കാരുണ്യോത്സവം നമ്മുടെ രൂപതയിലും 2022 ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 5 വരെ നടത്തുന്നു. 'യൂത്ത് വാക്കി'ന്റെ നടത്തിപ്പിനെക്കുറിച്ച് വിശദീകരിക്കാൻ കൂടിയ യോഗം ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപത സെക്രട്ടറി ജോൺസൺ ചെറുവള്ളി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം രൂപരേഖ വിശദീകരിച്ചു. യൂത്ത് കോർഡിനേറ്റർമാരായ എഡ്വിൻ പാമ്പാറ, ജോമി പറപ്പള്ളിൽ, ഡാനി പാറയിൽ, ജിനു മുട്ടപ്പള്ളിൽ, വിപിൻ ചാമക്കാലയിൽ, ജോസി കെ. ജോൺ തുടങ്ങിയവർ സംസാരിച്ചു.

ജീവകാരുണ്യപ്രവർത്തനങ്ങളുടെ മധ്യസ്ഥയായ മദർ തെരേസായുടെ ജന്മദിനമായ ആഗസ്റ്റ് 26 മുതൽ മദർ തെരേസയുടെ മരണദിനമായ സെപ്റ്റംബർ 5 വരെയാണ് കാരുണ്യോത്സവം നടത്തുന്നത്.

**2. പുതിയ യൂണിറ്റുകൾ**

പൂവരണി, ഇല്ലപ്പള്ളി, വിമലഗിരി (ചക്കിക്കാവ്), ലൂർദ് മൗണ്ട് എന്നീ ഇടവകകളിൽ പുതിയ യൂണിറ്റുകൾ ആരംഭിച്ചു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. വിഷരഹിത മത്സ്യവിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ രൂപതാ സോഷ്യൽ വെൽഫെയർ സഹകരണത്തോടെ ആലപ്പുഴ ഹാർബറിൽ നിന്നും നേരിട്ട് വിഷരഹിതമത്സ്യങ്ങൾ പാലായിൽ വിതരണം ചെയ്തുവരുന്നു.

**2. ഓണം വിപണി സഹായം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി വിവിധ സ്വാശ്രയസംഘങ്ങൾ, കർഷകദള ഫെഡറേഷനുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ഓണം വിപണികൾ നടത്തുവാൻ വിവിധ സഹായപദ്ധതികൾ ആരംഭിക്കുന്നു. വട്ടവടയിൽനിന്ന് ഓണനാളുകളിൽ കാബേജ്, ക്യാരറ്റ്, കിഴങ്ങ്, ബീറ്റ്റൂട്ട്, ഉള്ളി, ബീൻസ്, ബട്ടർ ബീൻസ് തുടങ്ങിയ പച്ചക്കറികൾ ഓണവിപണികൾ എത്തിച്ചു നൽകുന്നു. കൂടാതെ ശുദ്ധമായ കറി പൗഡറുകൾ, ഉപ്പേരി, മറയൂർ ശർക്കര തുടങ്ങിയവയും വിതരണം ചെയ്യുന്നു. താത്പര്യമുള്ള യൂണിറ്റുകൾക്ക് ഓണവിപണി നടത്തുവാൻ പലിശരഹിതവായ്പകളും നൽകിവരുന്നു.

**3. ഓണച്ചന്ത**

പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ ഓണനാളുകളിൽ ഓണച്ചന്ത നടത്തുന്നു. നാടൻ പച്ചക്കറികൾ, പഴവർഗങ്ങൾ, വട്ടവട പച്ചക്കറികൾ, ശുദ്ധമായ കറിക്കൂട്ടുകൾ, മറയൂർ ശർക്കര, നാടൻ അച്ചാറുകൾ, ചിപ്സ് ഐറ്റങ്ങൾ എന്നിവ മാർക്കറ്റിൽനിന്നും വിതരണം ചെയ്യുന്നു.

**4. വാർഷികങ്ങൾ**

പറത്താനം, നീറന്താനം, കൈപ്പള്ളി, കുറിഞ്ഞി, കരൂർ, ഉള്ളനാട്, ഏന്തയാർ കൂട്ടിക്കൽ, ചെമ്മലമറ്റം, മേവിട, മോനിപ്പള്ളി, മണ്ണയ്ക്കനാട് എന്നീ സ്വാശ്രയ സംഘങ്ങളുടെ വാർഷികങ്ങൾ നടന്നു.

**5. സ്വാതന്ത്ര്യദിനാഘോഷം**

ഭാരതസ്വാതന്ത്ര്യത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷമായ 'ആസാദി കാ അമൃത് മഹോത്സവ'ത്തോടനുബന്ധിച്ച് മുത്തോലി ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യദിനത്തിൽ ജലസാക്ഷരത ജാഥ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, ഗ്രാമീണ തൊഴിലുറപ്പുപദ്ധതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. പി.എസ്.ഡബ്ല്യു.എസ്. പരിപാടിക്ക് നേതൃത്വം നൽകി.

തുടർന്ന്, വിവിധ ദിവസങ്ങളിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ കരൂർ, കൊഴു

വനാൽ, കടുത്തുരുത്തി, മുത്തോലി, അകലക്കുന്നം, മീനച്ചിൽ, തലപ്പുലം, ഭരണങ്ങാനം, തിടനാട് തുടങ്ങിയ പഞ്ചായത്തുകളിൽ ജലസാക്ഷരതാറാലി സംഘടിപ്പിച്ചു. മാണി സി. കാപ്പൻ എം.എൽ.എ., സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ തുടങ്ങിയവർ വിവിധ സ്ഥലങ്ങളിൽ പ്രസംഗിച്ചു.

പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർമാരായ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ, പ്രോജക്ട് മാനേജർ ഡാന്റീസ് കൂനാനിക്കൽ, സെബാസ്റ്റ്യൻ ആരുശ്ശേരി, ഷീബാ ബെന്നി, എബിൻ ജോയി തുടങ്ങിയവർ പരിപാടിക്കു നേതൃത്വം നൽകി.

**6. സോണൽ വാർഷികം**

മൂലമറ്റം സോണൽ വാർഷികം മൂലമറ്റം സെന്റ് ജോർജ് പാരിഷ് ഹാളിൽ വാർഷികം സോൺ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പേണ്ടാനത്തിന്റെ അധ്യക്ഷതയിൽ സോൺ രക്ഷാധികാരി വെരി റവ.ഫാ. കുര്യൻ കാലായിൽ ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണവും ഫാ. സിറിയക് പുത്തേട്ട് അവാർഡുദാനവും നിർവഹിച്ചു. സോൺ കോർഡിനേറ്റർ ജിഷ സാബു റിപ്പോർട്ട് അവതരിപ്പിച്ചു. മേരി പോൾ, മാണി ജോസഫ് മുണ്ടത്താനത്ത് എന്നിവർ സംസാരിച്ചു.

**7. പുതിയ ഗ്രൂപ്പ്**

ചക്കിക്കാവ് ഇടവകയിൽ പുതിയ മൂന്നു ഗ്രൂപ്പുകൾ രൂപീകരിച്ചു. ഫാ. ഫ്രാൻസിസ് ഇടത്തിനാലിന്റെ അധ്യക്ഷതയിൽ സോൺ കോർഡിനേറ്റർ ഗ്രൂപ്പ് രൂപീകരണക്ലാസ് എടുത്തു. ജീനാ ബൈജു, മോളി തോമസ്, ലിസി തോമസ് എന്നിവർ നേതൃത്വം നൽകി.

**8. ആശാകിരണം പദ്ധതി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സ്വയംസഹായസംഘങ്ങളിലെ ക്യാൻസർ ബാധിതരായ അംഗങ്ങൾക്ക് 3000 രൂപയ്ക്കു വസ്ത്രങ്ങൾ വാങ്ങുന്നതിനായി ഗിഫ്റ്റ് വൗച്ചർ നൽകി. 28 പേർ ഈ പദ്ധതിയിൽ പങ്കാളികളായി. ക്യാൻസർരോഗം തടയുന്നതിനായി ഓരോ വീടുകളിലും ജൈവകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി പച്ചക്കറിത്തൈകളും ഫലവൃക്ഷത്തൈകളും ജൈവവളങ്ങളും വിതരണം ചെയ്യുകയുണ്ടായി. ഓരോ മാസവും 600 ൽ അധികം കുടുംബങ്ങളിലേക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു.

**9. ജൈവനെല്ല് വർദ്ധന ടെക്നിക് (OSRI)**

കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിൽ ജൈവരീതിയിൽ ചെലവുകുറച്ച് നെൽകൃഷി നടത്തുന്ന രീതികളെക്കുറിച്ചു മനസ്സിലാക്കുന്നതിനായി മാനന്തവാടിയിൽ നടത്തിയ പരിശീലനപരിപാടിയിൽ നെൽക്കർഷകരെ പങ്കെടുപ്പിച്ചു.

**10. പരിശീലനപരിപാടി**

സ്വയംസഹായസംഘങ്ങളുടെ പ്രോമോട്ടർമാർക്ക് നബാർഡിന്റെ സഹകരണത്തോടെ കപ്പാസിറ്റി ബിൽഡിംഗ് പരിശീലനപരിപാടി സംഘടിപ്പിച്ചു. 60 പേർ

പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ റവ.ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം നബാർഡ് ജില്ലാ വികസന മാനേജർ ശ്രീ റെജി വർഗീസ് ഉദ്ഘാടനം ചെയ്തു. 60 പേർ പങ്കെടുത്തു.

പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, പി.ആർ.ഒ. ശ്രീ ഡാന്റീസ് കൂനാനിക്കൽ, ശ്രീ ജോയി മടിക്കാങ്കൽ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. പി.എസ്.ഡബ്ല്യു.എസ്. പ്രോജക്ട് ഓഫീസർ ശ്രീ സിബി കണിയാംപടി ഗ്രൂപ്പ് രൂപീകരണം, നടത്തിപ്പ്, അക്കൗണ്ടിംഗ്, നേതൃത്വപാഠങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് വിശദമായി ക്ലാസുകൾ നടത്തി. തുടർന്നു ജീവിതനൈപുണ്യപരിശീലനം, സാമ്പത്തികസാക്ഷരത തുടങ്ങിയ വിഷയങ്ങൾ പ്രോജക്ട് ഓഫീസർമാരായ ശ്രീ പി.വി. ജോർജ്, ശ്രീമതി മെർലി ജോസ് എന്നിവർ നയിച്ചു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)
**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**1. ഫാ. സ്റ്റാൻസ്വാമി ഒന്നാം ചരമവാർഷികം**

ഫാ. സ്റ്റാൻസ്വാമിയുടെ രക്തസാക്ഷിത്വദിനാചരണവും നൈജീരിയയിൽ കൂട്ടക്കുരുതിക്ക് ഇരയായ ക്രൈസ്തവരോടുള്ള ഐക്യദാർഢ്യവും പ്രകടിപ്പിച്ചുകൊണ്ട് ഡി.സി.എം.എസ്. സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം ജില്ലാ ആശുപത്രിയിൽ രക്തദാനക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. കെ.സി.ബി.സി. SC/ST/BC കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ രക്തദാനക്യാമ്പ് ഉദ്ഘാടനം ചെയ്യുകയും രക്തദാനം നടത്തുകയും ചെയ്തു. ഡി.സി.എം.എസ് സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, അസി. ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം, സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കൽ, ഡി.സി.എം.എസ്. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, രൂപത കമ്മിറ്റിയംഗം ശ്രീ ജോയി മാത്യു, ചങ്ങനാശ്ശേരി അതിരൂപത ഡി.സി.വൈ.എൽ. പ്രസിഡന്റ് ശ്രീ ശ്യാം കെ. ജോസഫ്, സെക്രട്ടറി ശ്രീ ജിബിൽ സാബു, അതിരൂപത കമ്മിറ്റിയംഗം ശ്രീ അജിൻ ജെയിംസ് എന്നിവർ രക്തം ദാനം ചെയ്തു രക്തദാനക്യാമ്പിൽ പങ്കെടുത്തു.

**2. രാമപുരം മേഖല - യൂണിറ്റ് സന്ദർശനം**

പാലാ രൂപത കമ്മിറ്റിയും രാമപുരം മേഖല കമ്മിറ്റിയും സംയുക്തമായി 2022 ജൂലൈ 24 ഞായറാഴ്ച യൂണിറ്റ് - മേഖല സന്ദർശനം നടത്തി.

**കൊണ്ടാട് :** ഇടവക വികാരി ഫാ. മാത്യു തേവർകുന്നേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം

നടത്തി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, രാമപുരം മേഖല പ്രസിഡന്റ് ശ്രീ മണി പി.എസ്. എന്നിവർ യോഗത്തിൽ ആശംസകളർപ്പിച്ചു. എവിൻ കെ. സജി കൃതജ്ഞതയർപ്പിച്ചു.

**രാമപുരം :** യൂണിറ്റ് പ്രസിഡന്റ് ശ്രീ മണി പി.എസ്. അധ്യക്ഷത വഹിച്ച യോഗം ഇടവക വികാരി റവ. ഡോ. ജോർജ്ജ് വർഗ്ഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യസന്ദേശം നൽകി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ എന്നിവർ യോഗത്തിന് ആശംസകളർപ്പിച്ചു.

**3. യൂണിറ്റ് രൂപീകരണം**

2022 ജൂലൈ 31-ാം തീയതി ഞായറാഴ്ച മണ്ണയ്ക്കനാട് പുതിയ യൂണിറ്റ് രൂപീകരിച്ചു.

**4. ഫ്യൂച്ചർ സ്റ്റാർസ്**

ഡി.സി.എം.എസ്. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ ദലിത് കത്തോലിക്കാ വിദ്യാർത്ഥികൾക്കായി നടത്തിവരുന്ന (5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ) സിവിൽ സർവ്വീസ് ട്രെയിനിംഗ് പ്രോഗ്രാമായ ഫ്യൂച്ചർ സ്റ്റാർസിന്റെ സംഘാടകസമിതി അംഗങ്ങളുടെയും ടീച്ചേഴ്സിന്റെയും യോഗങ്ങൾ 2022 ജൂലൈ 23, ജൂലൈ 28 തീയതികളിൽ പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുകയുണ്ടായി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ യോഗത്തിൽ അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. രൂപത സെക്രട്ടറി ശ്രീ ബിന്ദു ആന്റണി, ഫ്യൂച്ചർ സ്റ്റാർസ് കൺവീനർ ജോയ് മാത്യു, ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ, ഉദ്യോഗസ്ഥ കൂട്ടായ്മ കൺവീനർ സിജു സെബാസ്റ്റ്യൻ എന്നിവർ യോഗത്തിന് നേതൃത്വം നൽകി.

**5. യൂത്ത് കൺവെൻഷൻ**

പാലാ രൂപത ഡി.സി.എം.എസ്. സംഘടനയുടെ നേതൃത്വത്തിൽ രൂപതയിലെ ഡി.സി.എം.എസ്. സംഘടനയിൽ ഉൾപ്പെട്ട ദളിത് കത്തോലിക്കാ യുവജനങ്ങളുടെ യോഗം 2022 ജൂലൈ 31 -ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ സ്വാഗതം ആശംസിച്ചു. ശ്രീ ജേക്കബ് മത്തായി, ശ്രീ. ആഷിൻ പോൾ എന്നിവർ ക്ലാസ്സുകൾ നയിച്ചു. രൂപത സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി കൃതജ്ഞതയർപ്പിച്ചു.

**6. TSDTP ട്രെയിനിംഗ് ക്യാമ്പ്**

കെ.സി.ബി.സി. SC/ST/BC കമ്മീഷനും ശാന്തി ഫാമിലി കൗൺസിലിംഗ് & പേഴ്സണാലിറ്റി ഡവലപ്മെന്റ് സെന്ററും ചേർന്ന് ദളിത് കത്തോലിക്കാ കുട്ടികൾക്കായി സംഘടിപ്പിച്ച പേഴ്സണാലിറ്റി ഡവലപ്മെന്റ് വർക്ക്ഷോപ്പ് ഫോർ അഡോൾസെന്റ് ക്യാമ്പ് 2022 ജൂലൈ 8,9,10 തീയതികളിൽ കുമാരനെല്ലൂർ ശാന്തി ഫാമിലി കൗൺസിലിംഗ് & പേഴ്സണാലിറ്റി ഡവലപ്മെന്റ് സെന്ററിൽ വച്ച്

നടത്തുകയുണ്ടായി. കെ.സി.ബി.സി. SC/ST/BC കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ കെ.സി.ബി.സി SC/ST/BC കമ്മീഷൻ സെക്രട്ടറി ഫാ. ജോസ് വടക്കേക്കുറ്റ്, ശാന്തി ഫാമിലി കൗൺസിലിംഗ് സെന്റർ ഡയറ്കടർ ഫാ. സണ്ണി മാത്യു എസ്. ജെ, സുപ്പീരിയർ ഫാ. ജോയ് തോട്ടം എസ്. ജെ.ഡി.സി.എം.എസ്. സംസ്ഥാന അസി. ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം, ഡി.സി.എം.എസ്. മുൻ സംസ്ഥാന ഡയറക്ടർ ഫാ. ജോൺ അരീക്കൽ, ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കൽ, സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ വിൻസെന്റ് ആന്റണി എന്നിവർ സംസാരിച്ചു. വിവിധ രൂപതകളിൽനിന്നായി കുട്ടികൾ പങ്കെടുത്ത ക്യാമ്പിൽ പാലാ രൂപതയിൽനിന്ന് 14 കുട്ടികൾ പങ്കെടുത്തു. 2022 ജൂലൈ 10-ാം തീയതി ഞായറാഴ്ച രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ എന്നിവർ കുട്ടികളെ കാണുന്നതിനും ക്യാമ്പ് സന്ദർശിക്കുന്നതിനുമായി എത്തി.

**7. രൂപത കൗൺസിൽ**

2022 ആഗസ്റ്റ് 10-ാം തീയതി വഞ്ചനാദിനം, ജസ്റ്റീസ് സൺഡേ ആചരണം എന്നിവയോടനുബന്ധിച്ച് 2022 ആഗസ്റ്റ് 6-ാം തീയതി ശനിയാഴ്ച അടിയന്തര കൗൺസിൽ ചേർന്നു.

**8. റവ.ഫാ. ജോസഫ് കൊച്ചുപറമ്പിൽ അനുസ്മരണം**

ഡി.സി.എം.എസ്. സംസ്ഥാന ഡയറക്ടറായി 33 വർഷം സേവനം അനുഷ്ഠിച്ച റവ.ഫാ ജോസഫ് കൊച്ചുപറമ്പിലിന്റെ 24-ാം ചരമവാർഷികത്തോടനുബന്ധിച്ച് അർപ്പിച്ച പരിശുദ്ധ കുർബാനയെ തുടർന്ന് വിമലഗിരി ഓഡിറ്റോറിയത്തിൽ നടന്ന അനുസമരണസമ്മേളനത്തിൽ ഡി.സി.എം.എസ് പാലാ രൂപത ഡയറക്ടറും സംസ്ഥാന ഡയറക്ടറുമായ ഫാ. ജോസ് വടക്കേക്കുറ്റ്, ഡി.സി.എം.എസ്. അസി. ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം, സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കൽ, പാലാ രൂപത പ്രസിഡന്റ് ശ്രീ ബിനോയി ജോൺ എന്നിവർ പങ്കെടുത്തു. ഫാ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു.

**9. ആഗസ്റ്റ് 10 വഞ്ചനാദിനം**

ഡി.സി.എം.എസ്, ഡി.ഡി.സി, കെ.സി.സി എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ 2022 ആഗസ്റ്റ് 10 ന് കോട്ടയം പഴയ പോലീസ് മൈതാനത്ത് നടന്ന ദലിത് ക്രൈസ്തവ പ്രതിഷേധ ധർണ്ണ സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, പാലാ രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപത സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, രൂപത ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, സംസ്ഥാന സെക്രട്ടറി ശ്രീമതി ബിജി സാലസ്, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ ശ്രീ പി.ഒ. പീറ്റർ, ശ്രീ ബാബു പീറ്റർ, ശ്രീ ജസ്റ്റിൻ മാത്യു, രൂപത ഖജാൻജി ശ്രീമതി മേരി എം.പി. എന്നിവർ പങ്കെടുത്തു.

**10. ഏകദിന സെമിനാർ**

**രാമപുരം :** ഡി.സി.എം.എസ്. രൂപത കമ്മിറ്റിയുടെയും മേഖല കമ്മിറ്റിയുടെയും നേതൃത്വത്തിൽ രാമപുരം മേഖലയിലെ കുട്ടികൾക്കായുള്ള ഏകദിനസെമിനാർ 2022 ജൂലൈ 7-ാം തീയതി ശനിയാഴ്ച മാർ അഗസ്റ്റിൻ കോളേജിൽ വച്ച് നടത്തപ്പെട്ടു. മേഖല പ്രസിഡന്റ് ശ്രീ മണി പി.എസ്. അധ്യക്ഷനായ യോഗം മേഖല ഡയറക്ടർ ഫാ. ആന്റണി വാഴക്കാലായിൽ ഉദ്ഘാടനം ചെയ്തു. മേഖല സെക്രട്ടറി ശ്രീമതി ജിൻസി ബെന്നി യോഗത്തിന് സ്വാഗതം ആശംസിച്ചു. പാലാ രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപത കമ്മിറ്റിയംഗം ശ്രീ പി.ഒ. പീറ്റർ എന്നിവർ യോഗത്തിൽ സംസാരിച്ചു. രാമപുരം യൂണിറ്റ് സെക്രട്ടറി ശ്രീ തോമസ് കൊട്ടിച്ചേരി കൃതജ്ഞതയർപ്പിച്ചു.

രാമപുരം ഫൊറോന വികാരി കുട്ടികൾക്ക് ആശീർവാദം നൽകി സംസാരിച്ചു. തുടർന്ന് സദീപ് കെ.പി, റ്റിൻജിമോൾ തോമസ്, സംസ്ഥാന അധ്യാപക അവാർഡ് നേടിയ ശ്രീ ജോസ് രാഗാദ്രി എന്നിവർ കുട്ടികൾക്ക് ക്ലാസ്സുകൾ എടുത്തു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സമാപനസന്ദേശം നൽകി.

**കടനാട് :** ഡി.സി.എം.എസ്. രൂപത കമ്മിറ്റിയുടെയും മേഖല കമ്മിറ്റിയുടെയും നേതൃത്വത്തിൽ കടനാട് മേഖലയിലെ കുട്ടികൾക്കായുള്ള ഏകദിന സെമിനാർ 2022 ആഗസ്റ്റ് 13-ാം തീയതി ശനിയാഴ്ച കടനാട് സെന്റ് മാത്യൂസ് എൽ.പി. സ്കൂളിൽ വച്ച് നടത്തപ്പെട്ടു. മേഖല ഡയറക്ടർ ഫാ. അലക്സ് വടശ്ശേരി പതാക ഉയർത്തി സെമിനാർ ഉദ്ഘാടനം ചെയ്തു. ശ്രീ സുജിത്ത് തോമസ്, റ്റിൻജിമോൾ തോമസ്, റവ. സിസ്റ്റർ കൊച്ചുത്രേസ്യാ എന്നിവർ കുട്ടികൾക്ക് ക്ലാസ്സുകളെടുത്തു.

ഉച്ചകഴിഞ്ഞ് ചേർന്ന സമ്മേളനത്തിൽ കടനാട് ഫൊറോന വികാരി ഫാ. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുര ഉദ്ഘാടനം ചെയ്തു. ഡി.സി.എം.എസ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് അനുഗ്രഹപ്രഭാഷണം നടത്തി. പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ബോർഡ് മെമ്പറായ ശ്രീ സിജു സെബാസ്റ്റ്യനെ ആദരിച്ചു. 2022 അധ്യായനവർഷം മികച്ച വിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് ഉപഹാരങ്ങൾ നൽകി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപത കമ്മിറ്റിയംഗമായ ശ്രീ പി.ഒ. പീറ്റർ എന്നിവർ സമ്മേളനത്തിൽ സംസാരിച്ചു.

**11. ജസ്റ്റീസ് സൺഡേ ആചരണം**

പാലാ രൂപത ജസ്റ്റീസ് സൺഡേ രൂപതാതല ആചരണം വിവിധ സംഘടനകൾ ചേർന്ന് സംയുക്തമായി ആഗസ്റ്റ് 14 ഞായറാഴ്ച 2 മണിക്ക് ളാലം സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ നടന്നു. പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രസംഗത്തിൽ ദളിത് കത്തോലിക്കാ അംഗങ്ങൾ അനുഭവിക്കുന്ന ഭരണഘടന അവഗണനയെക്കുറിച്ച് പിതാവ് അഭിപ്രായപ്പെട്ടു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതം ആശംസിച്ചു. ളാലം സെന്റ് മേരീസ് പള്ളി വികാരി ഫാ. ജോസഫ് തടത്തിൽ, PSWS അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, AKCC പാലാ രൂപത വൈസ് പ്രസിഡന്റ് ശ്രീ ജോയ് കെ.

മാത്യു, ഡി.സി.എം.എസ് സംസ്ഥാന സെക്രട്ടറി ശ്രീമതി ബിജി സാലസ്, സിസ്റ്റർ റിയ തെരേസ് C.M.C, SMYM രൂപത പ്രസിഡന്റ് ശ്രീ ജോസഫ് കിണറ്റിൻകര, പാലാ സെന്റ് മേരീസ് H.S.S പ്രിൻസിപ്പൽ സിസ്റ്റർ ജീസാ മരിയ FCC, പിതൃവേദി രൂപത ജോയിന്റ് സെക്രട്ടറി ശ്രീ ടോമി തുരുത്തിക്കര, സി. ഡെയ്സി ചൊവ്വേലിക്കുടി SH, മാതൃവേദി പാലാ മേഖല പ്രസിഡന്റ് ശ്രീമതി ഡയാന രാജു ഓലിക്കൽ, സിസ്റ്റർ ആൻമരിയ കണിയാരകത്ത് SABS, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ സിജു സെബാസ്റ്റ്യൻ കൈമനാൽ എന്നിവർ യോഗത്തിന് ആശംസകൾ അർപ്പിച്ചു. രൂപതയിൽനിന്ന് കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗവികസന കോർപ്പറേഷൻ ബോർഡ് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ സിജു സെബാസ്റ്റ്യനെ അഭിവന്ദ്യ പിതാവ് പൊന്നാട യണിയിച്ച് ആദരിച്ചു. എസ്.എസ്.എൽസി, പ്ലസ് 2, ഡിഗ്രി, പരീക്ഷകളിൽ ഫുൾ $A^{+}$, റാങ്ക് എന്നിവ നേടിയവരെ യോഗത്തിൽ മെമന്റോ നൽകി ആദരിച്ചു. രൂപത സെക്രട്ടറി ബിന്ദു ആന്റണി വട്ടമറ്റത്തിൽ യോഗത്തിനു കൃതജ്ഞത അർപ്പിച്ചു.

**12. കുടുംബസംഗമം**

**കളത്തൂക്കടവ്**

2022 ആഗസ്റ്റ് 14 -ാം തീയതി ഞായറാഴ്ച യൂണിറ്റുതല ജസ്റ്റീസ് സൺഡേ ആചരണത്തിന്റെ ഭാഗമായി കളത്തൂക്കടവ് യൂണിറ്റിൽ കുടുംബസംഗമം നടത്തപ്പെട്ടു. യൂണിറ്റ് പ്രസിഡന്റ് ശ്രീമതി ഹെലൻ ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് ബ്രാഹ്മണവേലിൽ അനുഗ്രഹപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപത സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, രൂപത ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, മേഖല ഓർഗനൈസർ ശ്രീ ജോയി മാത്യു, മേഖല ഖജാൻജി ശ്രീ പോൾ വെട്ടുവയലിൽ എന്നിവർ ആശംസകൾ അർപ്പിച്ചു.

**കാളികാവ് :** 2022 ആഗസ്റ്റ് 21 -ാം തീയതി ഞായറാഴ്ച യൂണിറ്റുതല ജസ്റ്റീസ് സൺഡേ ആചരണത്തിന്റെ ഭാഗമായി കാളികാവ് യൂണിറ്റിൽ കുടുംബസംഗമം നടത്തപ്പെട്ടു. യൂണിറ്റ് പ്രസിഡന്റ് ശ്രീ ബാബു തൊമ്മനായിൽ അധ്യക്ഷനായ യോഗം യൂണിറ്റ് ഡയറക്ടർ ഫാ. ജെയിംസ് വെട്ടുകല്ലേൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, പാസ്റ്ററൽ കൗൺസിൽ അംഗമായ ശ്രീ സിബി ചിറയ്ക്കമലയിൽ, രൂപത സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, കുറവിലങ്ങാട് മേഖല പ്രസിഡന്റ് ശ്രീമതി മേരി എം. പി. എന്നിവർ ആശംസകൾ അർപ്പിച്ചു. ശ്രീ ജോസ് രാഗാദ്രി കുട്ടികൾക്ക് ക്ലാസ്സെടുത്തു. യൂണിറ്റ് ഖജാൻജി ശ്രീ എ.ജെ ചാക്കോ കൃതജ്ഞതയർപ്പിച്ചു.

**13. യൂണിറ്റ് തലത്തിൽ ജസ്റ്റീസ് സൺഡേ ദിനാചരണം**

**ഉദയഗിരി :** 2022 ആഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച ഡി.സി.എം.എസ്. ഉദയഗിരി യൂണിറ്റിൽ ജസ്റ്റീസ് സൺഡേ ആചരണം നടത്തപ്പെട്ടു. യൂണിറ്റ് പ്രസിഡന്റ് റ്റി. ഡി. ആന്റണി അധ്യക്ഷത വഹിച്ച യോഗത്തിൽ ഇടവക വികാരി ഫാ. തോമസ് മലയിൽപുത്തൻപുര അനുഗ്രഹപ്രഭാഷണം നടത്തി. കുറവിലങ്ങാട് മേഖല

പ്രസിഡന്റ് മേരി എം.പി., ഉദയഗിരി യൂണിറ്റ് പ്രസിഡന്റ് ആന്റണി റ്റി.ഡി. എന്നിവർ യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു.

**കരൂർ :** ഡി.സി.എം.എസ്. കരൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജസ്റ്റീസ് സൺഡേ ദിനാചരണം 2022 ആഗസ്റ്റ് 21–ാം തീയതി ഞായറാഴ്ച നടത്തുകയുണ്ടായി. ഇടവക വികാരി ഫാ. ജോസ് തറപ്പേൽ മുഖ്യപ്രഭാഷണം നടത്തി.

**കടനാട്** : 2022 ആഗസ്റ്റ് 21–ാം തീയതി ഞായറാഴ്ച ജസ്റ്റീസ് സൺഡേദിനാചരണം കടനാട് യൂണിറ്റിൽ നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. അഗസ്റ്റിൻ അരഞ്ഞാണി പുത്തൻപുര അനുഗ്രഹപ്രഭാഷണം നടത്തി. യൂണിറ്റ് പ്രസിഡന്റ് ശ്രീ ആന്റണി പീറ്ററിന്റെ അധ്യക്ഷതയിൽ ചേർന്നയോഗത്തിൽ മേഖല പ്രസിഡന്റ് ശ്രീ മധു സെബാസ്റ്റ്യൻ, യൂണിറ്റ് സെക്രട്ടറി ശ്രീമതി പ്രിയ സന്തോഷ് എന്നിവർ ആശംസ കളർപ്പിച്ചു.

**കാഞ്ഞിരത്താനം** : 2022 ആഗസ്റ്റ് 21 –ാം തീയതി ഞായറാഴ്ച ജസ്റ്റീസ് സൺഡേ ദിനാചരണം കാഞ്ഞിരത്താനം യൂണിറ്റിൽ നടത്തി. യൂണിറ്റ് പ്രസിഡന്റ് ശ്രീ സി.റ്റി. സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഇടവക വികാരി ഫാ. ജെയിംസ് വയലിൽ ഉദ്ഘാടനം ചെയ്തു. അസി. വികാരി ഫാ. ജോവാനി കുറുവാച്ചിറ, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, മറ്റു സംഘടനാ പ്രതിനിധികൾ യോഗത്തിൽ സംസാരിച്ചു.

**മാനത്തൂർ :** 2022 ആഗസ്റ്റ് 21–ാം തീയതി ഞായറാഴ്ച യൂണിറ്റ് ഡയറക്ടർ ഫാ. കുര്യൻ കോട്ടയിൽ പതാക ഉയർത്തി ജസ്റ്റീസ് സൺഡേദിനാചരണം നടത്തി. യൂണിറ്റ് പ്രസിഡന്റ് ശ്രീ തങ്കച്ചൻ വടക്കേക്കരയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം യൂണിറ്റ് ഡയറക്ടർ ഫാ. കുര്യൻ കോട്ടയിൽ ഉദ്ഘാടനം ചെയ്തു. രൂപത ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ ആമുഖപ്രസംഗം നടത്തി. മാതൃവേദി പ്രസിഡന്റ് ശ്രീമതി സിജി തങ്കച്ചൻ ഐക്യദാർഢ്യം പ്രഖ്യാപിച്ച് സംസാരിച്ചു. തുടർന്ന് ഫാ. കുര്യൻ കോട്ടയിൽ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**മരങ്ങോലി :** 2022 ആഗസ്റ്റ് 21–ാം തീയതി ഞായറാഴ്ച ജസ്റ്റീസ് സൺഡേ ദിനാചരണത്തോടനുബന്ധിച്ച് ഇടവകവികാരി ഫാ. ജോസഫ് പരിയാത്ത് പതാക ഉയർത്തി. യൂണിറ്റ് പ്രസിഡന്റ് ശ്രീ പൗലോസ് മാത്യു അധ്യക്ഷത വഹിച്ച യോഗം യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് പരിയാത്ത് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് എക്സിക്യൂട്ടീവംഗം ആന്റണി ഇ. ജോൺ യോഗത്തിന് സ്വാഗതം ആശംസിച്ചു. മേഖല പ്രസിഡന്റ് ഇ. എം. പൈലി ജസ്റ്റീസ് സൺഡേ സന്ദേശം നൽകി. പാരീഷ് കൗൺസിൽ സെക്രട്ടറി ബെന്നി കൊഴുപ്പൻകുറ്റി, സിസ്റ്റർ അലൻസൊ എന്നിവർ ആശംസയർപ്പിച്ചു. തുടർന്ന് മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് മെമന്റോ നൽകി അനുമോദിച്ചു. യൂണിറ്റ് വൈസ് പ്രസിഡന്റ് ബെന്നി കെ.എം യോഗത്തിന് നന്ദിയർപ്പിച്ചു.

**14. അനുശോചനം**

കെ.സി.ബി.സി എസ്.സി./എസ്.ടി./ബിസി കമ്മീഷൻ മുൻ ചെയർമാനും നിലവിൽ വൈസ് ചെയർമാനും പുനലൂർ രൂപത ബിഷപ്പുമായ അഭിവന്ദ്യ

സെൽവിസ്റ്റർ പൊന്നുമുത്തൻ പിതാവിന്റെ മാതാവ് ശ്രീമതി തങ്കമ്മ പൊന്നു മുത്തന്റെ മൃതസംസ്കാരശുശ്രൂഷകളിൽ പാലാ രൂപത ഡയറക്ടറും കെ.സി. ബി.സി എസ്.സി /എസ്.ടി/ ബി.സി. കമ്മീഷൻ സെക്രട്ടറിയുമായ ഫാ. ജോസ് വടക്കേക്കുറ്റ്, ഡി.സി.എം.എസ് സംസ്ഥാന അസി. ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം, സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കൽ, മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ സി.സി കുഞ്ഞുകൊച്ച്, പാലാ രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ടോംസ് എന്നിവർ പങ്കെടുത്തു.

കാഞ്ഞിരത്താനം യൂണിറ്റ് അംഗമായ ജോസഫ് മേലേടത്തുപറമ്പിലിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

**15. സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു**

2022 ൽ എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി, പിജി, വേദപാഠം (പ്ലസ്ടു) ഇതര കോഴ്സുകൾ എന്നിവയിൽ 60% ൽ കൂടുതൽ മാർക്ക് വാങ്ങിയ ദളിത് കത്തോലിക്ക കുട്ടികൾക്ക് ഡി.സി.എം.എസ് പാലാ രൂപത സമിതിയുടെ നേതൃത്വത്തിലുള്ള സ്കോളർഷിപ്പുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു. സ്കോളർഷിപ്പിന് അർഹരായവർ അപേക്ഷഫോറം പൂരിപ്പിച്ചു. എസ്.എസ്. എൽ.സി സർട്ടിഫിക്കറ്റിന്റെ കോപ്പി, മാർക്ക് ലിസ്റ്റ് സഹിതം വികാരിയച്ചന്റെയും യൂണിറ്റ് പ്രസിഡന്റിന്റെയും ശുപാർശയോടുകൂടി സെപ്റ്റംബർ 30 നകം രൂപതാ ഓഫീസിൽ നൽകേണ്ടതാണ്.

കേരള കത്തോലിക്ക മെത്രാൻ സമിതി - ദലിത് - പിന്നാക്ക വിഭാഗ വികസന കമ്മീഷൻ (KCBC/SC/ST/BC) നല്കുന്ന സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിക്കുന്നു. 2021– 2022 അദ്ധ്യയനവർഷം പാസ്സായ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ്.

SSLC - 80 %, PIus Two - 70%, Degree, PG, BSc Nursing, Engineering, Medicine- 60% മാർക്ക് വാങ്ങി പാസ്സായ ദലിത് കത്തോലിക്ക വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നല്കുന്നത്. അപേക്ഷഫോറം രൂപത ഓഫീസിൽ ലഭ്യമാണ്.

അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടെ വ്യക്തമായി പൂരിപ്പിച്ച അപേക്ഷകൾ 2022 സെപ്റ്റംബർ 30–ാം തീയതി വൈകിട്ട് 5 നു മുൻപായി രൂപത ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**16. PSC Coaching & Entrance Coaching**

KCBC/SC/ST/BC കമ്മീഷന്റെ ആഭിമുഖ്യത്തിൽ 10–ാം ക്ലാസ്സ് കഴിഞ്ഞ ദളിത് കത്തോലിക്കാ കുട്ടികൾക്കായി എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ഫീസ് ഇളവോടുകൂടി പാലാ ബ്രില്ല്യന്റ് കോച്ചിംഗ് സെന്ററിന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്. കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ 80% ശതമാനത്തിന് മുകളിൽ (സയൻസ്, കണക്ക് വിഷയങ്ങൾക്ക്) മാർക്ക് വാങ്ങിയവരും പ്ലസ്ടു പഠനശേഷം മെഡിക്കൽ, എൻഞ്ചിനീയറിങ് എൻട്രൻസ് പരീക്ഷ എഴുതുവാൻ ആഗ്രഹിക്കുന്നവരുമായ കുട്ടികൾ 2022 സെപ്റ്റംബർ 5 നകം രൂപത ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

KCBC/SC/ST/BC കമ്മീഷന്റെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി, പിജി കഴിഞ്ഞ ദലിത് കത്തോലിക്കാ കുട്ടികൾക്കായി പാലാ ലാലച്ചൻസ് അക്കാദമിയുടെ നേതൃത്വത്തിൽ പി.എസ്.സി കോച്ചിംഗ് ഓൺലൈനായി നടത്തുന്നതാണ്. താത്പര്യമുള്ളവർ 2022 സെപ്റ്റംബർ 5നകം പാലാ രൂപത ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**17. സിവിൽ സർവ്വീസ് കോച്ചിംഗ്**

ഡി.സി.എം.എസ് പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ എംപ്ലോയിസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ 5–ാം ക്ലാസ്സ് മുതൽ 10–ാം ക്ലാസ്സ് വരെ പഠിക്കുന്ന ദലിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടി 'ഫ്യൂച്ചർ സ്റ്റാർസ്' എന്ന പേരിൽ നടത്തിവരുന്ന സിവിൽ സർവ്വീസ് കോച്ചിംഗ് ക്ലാസ്സ് പുതിയ ബാച്ച് 2022 സെപ്റ്റംബറിൽ ആരംഭിക്കുകയാണ്. താത്പര്യമുള്ള കുട്ടികളുടെ പേരുവിവരം സെപ്റ്റംബർ മൂന്നിനുമുമ്പ് രൂപത ഓഫീസിൽ നൽകേണ്ടതാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. പ്രോജക്ട്**

ശാരീരികദൗർബല്യം നേരിടുന്ന കുട്ടികൾക്കും സ്ത്രീകൾക്കും കരുത്തു പകരുന്ന പ്രോജക്ടിന്റെ ഭാഗമായി ഏകദിന പരിശീലനക്ലാസ് പുലിയന്നൂർ ഷാലോം ഡി.സി.എം.ആറിൽ നടത്തി.

**2. ഡയറക്ടറി**

ഡയറക്ടറിയുടെ ഡേറ്റാ ശേഖരണം പൂർത്തിയാവുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1.** ക്ഷേമനിധിയിൽ അംഗങ്ങളായുള്ളവരുടെ കുട്ടികൾക്ക് സ്കോളർഷിപ്പിന് അപേക്ഷകൾ സ്വീകരിച്ചു.

**2.** അസംഘടിത തൊഴിലാളി കുടുംബങ്ങളിൽ ശാരീരികദൗർബല്യം നേരിടുന്ന കുട്ടികൾക്കും സ്ത്രീകൾക്കും കരുത്തുപകരുന്ന പ്രോജക്ടിന്റെ ഭാഗമായി ഏകദിന പരിശീലന ക്ലാസ് പുലിയന്നൂർ ഷാലോം ഡി.സി.എം.ആറിൽ നടത്തി.

**3. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷാലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**1. ആൽക്കഹോൾ അനോനിമസ് (AA) മീറ്റിംഗ്**

ഓഗസ്റ്റ് മാസം 7, 14, 21, 28 തിയതികളിൽ AA മീറ്റിംഗുകൾ നടന്നു. പ്രോജക്ക് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ, ഡിജോ ദാസ് എന്നിവർ നേതൃത്വം നല്കി. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജെയിംസ് പൊരുന്നോലിൽ എന്നിവർ ആമുഖസന്ദേശം നല്കി. ഓൺലൈനിലും അംഗങ്ങൾ പങ്കെടുത്തു.

**2. സ്വാതന്ത്ര്യദിനാഘോഷം**

പാലാ രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന മദ്യവിമുക്തി ചികിത്സാ കേന്ദ്രമായ അഡാർട്ടിൽ ഭാരതത്തിന്റെ 75-ാമത് സ്വാതന്ത്ര്യദിനം ആഘോഷിച്ചു. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഉദ്ഘാടനം നിർവഹിച്ച സമ്മേളനത്തിൽ പ്രൊഫ. സി. ജെ. സെബാസ്റ്റ്യൻ സ്വാതന്ത്ര്യദിനസന്ദേശം നല്കി. അസി. ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, ശ്രീ എൻ. എം. സെബാസ്റ്റ്യൻ, ശ്രീ കെ.ജെ. എബ്രാഹം, ഡിജോ ദാസ് തുടങ്ങിയവർ ആശംസകൾ നേർന്ന് സംസാരിച്ചു.

**3. ബോധവത്കരണ ക്ലാസ്**

രാമപുരം സേക്രട്ട് ഹാർട്ട് ഗേൾസ് ഹൈസ്കൂളിൽ ജൂലൈ 29 ന് കുട്ടികൾക്കായി ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സ് നടത്തി. ഹെഡ്മിസ്ട്രസ് സി. മരിയ സി.എം.സി. ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ക്ലാസ് നയിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)
**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി. ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ് സെപ്റ്റംബർ 25 ന്**

ലോഗോസ് ക്വിസ് മത്സരം 2022 സെപ്റ്റംബർ 25 ഞായർ ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ വിവിധ സെന്ററുകളിൽ വച്ചു നടക്കും. സെപ്റ്റംബർ 15 മുതൽ മത്സരത്തിനുള്ള ഹാൾടിക്കറ്റ് വെബ്സൈറ്റിൽനിന്നു പ്രിന്റ് എടുക്കാവുന്നതാണ്.

**ചോദ്യപേപ്പർ വിതരണം : 2022 സെപ്റ്റംബർ 24 ശനി, രാവിലെ 10 മുതൽ 5 മണി വരെ**

**ഉത്തരകടലാസ് തിരിച്ചേല്പിക്കേണ്ടത് : 2022 സെപ്റ്റംബർ 26 തിങ്കൾ**

മത്സരത്തിനായുള്ള പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

പഠനഭാഗം : ജോഷ്വ 1-12 അധ്യായങ്ങൾ
പ്രഭാഷകൻ 23- 26 അധ്യായങ്ങൾ
മർക്കോസ് 9-16 അധ്യായങ്ങൾ
1 കോറിന്തോസ് 9-16 അധ്യായങ്ങൾ

ഈ വർഷം ലോഗോസ് ക്വിസ് മത്സരത്തിനായി നമ്മുടെ രൂപതയിൽനിന്ന് 31307 പേർ രജിസ്റ്റർ ചെയ്തു.

ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ചതിന് രൂപതകളുടെ തലത്തിൽ നമ്മുടെ രൂപതയ്ക്ക് മൂന്നാംസ്ഥാനം ലഭിച്ചു.

ഇടവകകളുടെ വിഭാഗത്തിൽ ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ചത് കുറവിലങ്ങാട് ഇടവകയാണ്.

**2. അഭിനന്ദനങ്ങൾ**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് അംഗമായി നമ്മുടെ രൂപതയിൽനിന്നുള്ള പ്രവിത്താനം ഇടവകാംഗം കവിത ജിസ്മോൻ തുടിയൻപ്ലാക്കൽ തിരഞ്ഞെടുക്കപ്പെട്ടു.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. മധ്യസ്ഥപ്രാർത്ഥന**

എല്ലാ ആഴ്ചകളിലും തിങ്കൾ, ചൊവ്വാ, ബുധൻ വ്യാഴം ദിവസങ്ങളിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ മധ്യസ്ഥപ്രാർത്ഥന നടത്തി.

**2. തെരുവ് സുവിശേഷപ്രഘോഷണം**

ഈ മാസം 12-ാം തിയതി നീലൂർ, മറ്റത്തിപ്പാറ പ്രദേശങ്ങളിലും 18, 27 തീയതികളിൽ ഇടുക്കി, കഞ്ഞിക്കുഴി പ്രദേശങ്ങളിലും വചനപ്രഘോഷണം നടത്തി. ശുശ്രൂഷകൾക്ക് റിട്ട. എസ്.ഐ. റ്റി.എം. മാത്യു സാർ നേതൃത്വം നൽകി. ജോബി മാത്യു, ജോയി ജേക്കബ്, മനോജ് എന്നിവർ പങ്കുചേർന്നു.

**3. ഇടവകധ്യാനം**

28, 29, 30, 31 തീയതികളിൽ പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോന ഇടവകയിൽ വാർഷികധ്യാനം നടത്തി. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ബാബു തൊമ്മനാമറ്റം, ജോൺസൺ തടത്തിൽ, രവി തോമസ് എന്നിവർ നേതൃത്വം നൽകി.

**4. സുവിശേഷപ്രഘോഷണം**

ആഗസ്റ്റ് 6 ന് ചിറ്റടി സെന്റ് ജോർജ്ജ് മലങ്കര ഇടവകയിലും പറത്താനം ഇടവകയിലും 13 ന് മറ്റക്കര ഇടവകയിലും 14 ന് പാദുവാ ഇടവകയിലും സുവിശേഷ പ്രഘോഷണം നടത്തി.

**5. ക്ലാസ്**

16-08-2022 ൽ നടന്ന വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. പാലാ രൂപത സോണൽ കരിസ്മാറ്റിക് സർവീസ് ഓഫ് കമ്മ്യൂണിയൻ (CSC) സേവന സമിതി അംഗങ്ങൾ**

2022 ഓഗസ്റ്റ് 11-ാം തീയതി KCSC കോർഡിനേറ്റർ റവ. ഫാ. ജോസഫ് താമരവെള്ളി അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട തിരഞ്ഞെടുപ്പിൽ 2022-24 വർഷത്തെ സോണൽ സേവന സമിതി ഭാരവാഹികൾ.

1. ബാബു തൊമ്മനാമറ്റത്തിൽ, വിളക്കുമാടം (കോർഡിനേറ്റർ)
2. ബിനു ജേക്കബ്, വാഴ്യപറമ്പിൽ, പാലാ (സെക്രട്ടറി)
3. റോഷി മാനുവൽ, മലക്കച്ചാലിൽ, ളാലം പഴയപള്ളി (ട്രഷറർ)
4. കുര്യൻ സി.എം. ചരടിയിൽ, മരങ്ങാട്ടുപിള്ളി
5. സിബി ജോസഫ് ചെരുവിൽപുരയിടം, മണലുങ്കൽ
6. മനോജ് ചെറിയൻ ചെമ്പിളാവിൽ, അന്തിനാട്
7. ഗാമി ആഗ്നസ് ജാക്ക്സൺ കുറ്റിക്കാട്ട്, മുണ്ടാങ്കൽ
8. ബീനാ ഷാജി അറയ്ക്കൽ, മൂലമറ്റം.
9. ജാൻസി ഫ്രാൻസിസ് കുരിശുങ്കൽപറമ്പിൽ, മൂന്നിലവ്

**2. സോണൽ സേവനസമിതി മീറ്റിംഗ്**

സോണൽ സേവനസമിതിയുടെ 33, 34-ാമത് സമ്മേളനങ്ങൾ ഓഗസ്റ്റ് 5, 18 തീയതികളിൽ പാലാ ശാലോം പാസ്റ്ററൽ സെന്ററിൽ നടത്തി. ഓഗസ്റ്റ്, സെപ്റ്റംബർ മാസത്തിലെ ശുശ്രൂഷകൾ ചർച്ച ചെയ്യുകയും നടപ്പിലാക്കാൻ വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അധ്യക്ഷത വഹിച്ചു.

**3. സബ് സോൺ പുനഃസംഘടന**

രൂപതയിലെ 18 സബ് സോണുകളുടെ പുനഃസംഘടന പ്രക്രിയകൾ പൂർത്തീകരിച്ചു. 18 സബ് സോണുകളിലെ സേവനസമിതി അംഗങ്ങളെയും തിരഞ്ഞെടുത്തു. സെപ്റ്റംബർ 1, 2 തീയതികളിൽ ഇവർക്കുള്ള ഫോർമേഷൻ പ്രോഗ്രാം നടത്തുന്നു.

**4. സംയുക്ത സോണൽ സേവനസമിതി മീറ്റിംഗ്**

2022 ഓഗസ്റ്റ് 18 ന് നിലവിലുള്ള സേവനസമിതിയും പുതിയതായി തിരഞ്ഞെടുക്കപ്പെട്ട സേവനസമിതി അംഗങ്ങളും ഒന്നിച്ചു ചേരുകയും വിവിധ ശുശ്രൂഷകളെക്കുറിച്ച് പുതിയ അംഗങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു. സോണൽ ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുത്തുങ്കൽ അധ്യക്ഷത വഹിച്ചു.

**5. YU4C (യൂത്ത് യുണൈറ്റഡ് 4 ക്രൈസ്റ്റ്)**

പെരിങ്ങുളം, ജിയോവാലി, തിടനാട്, വേദഗിരി, മുണ്ടാങ്കൽ, മീനിച്ചിൽ, പൈക എന്നീ ഇടവകകളിൽ ശുശ്രൂഷകൾ പുരോഗമിക്കുന്നു. യുവജനങ്ങളുടെ കാര്യത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട വിവിധ കാര്യങ്ങളെക്കുറിച്ച് പ്രത്യേക

ക്ലാസും നൽകിവരുന്നു. മാതാപിതാക്കളെയും ശുശ്രൂഷയിൽ പങ്കാളികളാകുന്നു. ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുത്തുങ്കൽ, ലിൻസിമോൾ സജി കുരിശുംമൂട്ടിൽ എന്നിവർ നേതൃത്വം നൽകുന്നു.

**6. ക്രിസ്റ്റീൻ  മിനിസ്റ്ററി കൂട്ടായ്മ**

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ, മിനിസ്ട്രിയുടെ എല്ലാ ശുശ്രൂഷകളും ഭംഗിയായി പുരോഗമിക്കുന്നു. ആനിമേറ്റർ റവ.ഫാ. ജോർജ് കൊട്ടാരം, മിനിസ്ട്രി കോഡിനേറ്റർ ബിയ ജോജറ്റ് എന്നിവർ നേതൃത്വം നൽകുന്നു.

**7. പ്രാർത്ഥനാ കൂട്ടായ്മകൾ**

പാരിഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ കർത്തൃസന്നിധിയിൽ കരുണയ്ക്കായി കരങ്ങൾ ഉയർത്തിക്കൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു 1.00 മണി മുതൽ  4 മണി വരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥനശുശ്രൂഷകൾ നടത്തപ്പെടുന്നു. ഓഗസ്റ്റ് 7 ന് ബ്ര. ഔതച്ചൻ കൂടല്ലൂർ, 14 ന് ബ്ര. റോബിൻ കാഞ്ഞിരപ്പിള്ളി, 21 ന് ബ്ര. സെബാസ്റ്റ്യൻ മഞ്ഞുമ്മൽ 28 ന് ഡീക്കൻ ജോബോയ് നെടുനിലം UK എന്നിവരാണ്  വചനം പങ്കുവയ്ക്കുകയും ശുശ്രൂഷകൾ നയിക്കുകയും ചെയ്തത്. രൂപത സോണൽ പാരിഷ് മിനിസ്ട്രി സേവനസമിതി ഇതിനു  നേതൃത്വം നൽകുന്നു.

**8. കത്തീഡ്രലിൽ വെള്ളിയാഴ്ച ശുശ്രൂഷകൾ**

മധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ 2 മണിവരെ വിശുദ്ധ കുർബാന,  വചനപ്രഘോഷണം, സൗഖ്യശുശ്രൂഷകൾ, ജപമാല, സ്തുതി, ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. ഓഗസ്റ്റ് 4 ന് റവ.ഫാ. ക്രിസ്റ്റി പന്തലാനി 11, 18, 25 തീയതികളിൽ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ എന്നിവർ വചനശുശ്രൂഷയ്ക്കു നേതൃത്വം നൽകി. റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ശ്രീ മാത്യുക്കുട്ടി താന്നിക്കൽ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകുന്നു.

**9. മധ്യസ്ഥപ്രാർത്ഥന**

നമ്മുടെ രൂപതയിലെ എൽ.എസ്.എസ്. അംഗങ്ങളുടെ പങ്കാളിത്തത്തോടെ തിങ്കളാഴ്ച മുതൽ ശനിയാഴ്ചവരെ എല്ലാദിവസവും ഉച്ചകഴിഞ്ഞ്  2.30 മുതൽ 4 മണിവരെ മധ്യസ്ഥപ്രാർത്ഥന ശുശ്രൂഷകൾ നടത്തിവരുന്നു. എൽ.എസ്.എസ്. ലീഡേഴ്സ് ടീം അംഗം സോളി മനോജ് ഇതിനു നേതൃത്വം കൊടുക്കുന്നു. ജപമാല, കരുണക്കൊന്ത, അനുദിനവചനവിചിന്തനം എന്നീ ശുശ്രൂഷകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**10. കുരിശിന്റെ വഴി**

എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 10 മണി വരെ എൽ.എസ്.എസ് അംഗങ്ങൾ ഓൺലൈനിൽ ഒന്നുചേർന്നു ലോകം മുഴുവനെയും സമർപ്പിച്ചുകൊണ്ട് കരിസ്മാറ്റിക് രൂപതാ ഡയറക്ടർ  ജേക്കബ് വെള്ളമരുതുങ്കൽ അച്ചന്റ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി. കുരിശിന്റെ വഴിയുടെ 14 സ്ഥലങ്ങളിൽ

വൈദികരും സിസ്റ്റേഴ്സും അല്മായരും സന്ദേശം നൽകി പ്രാർത്ഥിക്കുന്നു. ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. ബെന്നി കിഴക്കേൽ സി.എസ്.റ്റി. എന്നിവർ സമാപനപ്രാർത്ഥനയും സന്ദേശവും നൽകുന്നു. അനേകം കുടുംബങ്ങൾ ഈ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുന്നു.

**11. രാത്രി ആരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ നടന്നുവരുന്ന രാത്രി ആരാധന ഓഗസ്റ്റ് 27-ാം തീയതി ശനിയാഴ്ച വൈകിട്ട് 7 മുതൽ ഓഗസ്റ്റ് 28 ന് രാവിലെ 5 വരെ നടത്തപ്പെട്ടു. റവ.ഫാ. ജിനോ മൂന്നുമഠം വചനശുശ്രൂഷയും ആരാധനയും നയിച്ചു.

തീർത്ഥാടനകേന്ദ്രം റെക്ടർ റവ.ഫാ.ജോസ് വള്ളോംപുരയിടം, കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ശുശ്രൂഷ കോർഡിനേറ്റർ ജോർജുകുട്ടി ഞാവള്ളിൽ, രൂപത സേവനസമിതി അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**1. ജയിൽസന്ദർശനം - മുട്ടം**

ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 27 ശനിയാഴ്ച മുട്ടം ജയിൽ സന്ദർശിച്ചു. രൂപത ഡയറക്ടർ റവ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ആശംസ അർപ്പിച്ചു. സി. ലിസ് മരിയ സി.എം.സി., സി. സൂന സി.എം.സി. എന്നിവർ നേതൃത്വം നൽകി. കോതനല്ലൂർ ഫൊറോന എസ്.എം.വൈ.എം. ഡയറക്ടർ റവ.ഫാ. ജോസഫ് ചീനോത്തുപറമ്പിലിന്റെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**2. ജയിൽ സന്ദർശനം - പാലാ**

ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ പാലാ സബ് ജയിൽ സന്ദർശനം സെപ്റ്റംബർ 10 ന് നടക്കും. വിൻസെന്റ് മൂങ്ങാമാക്കൽ ആശംസ അർപ്പിക്കും. സി. ലിസ് മരിയ സി.എം.സി., സി. ലിസ്യൂ എഫ്.സി.സി.എന്നിവർ നേതൃത്വം നൽകും.

**3. സംസ്ഥാന ഡയറക്ടറുടെ സന്ദർശനം**

സെപ്റ്റംബർ 1 ന് ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാന ഡയറക്ടർ റവ. ഫാ. മാർട്ടിൻ തട്ടിൽ പാല സബ് ജയിൽ സന്ദർശിക്കും.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**
**ഫാ. ജെയിംസ് പൊരുന്നോലിൽ**
(ഡയറക്ടേഴ്സ്)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1.** ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ എന്ന ലഘുപുസ്തകപരമ്പരയിലെ പുസ്തകങ്ങൾ ആദ്യലക്കം മുതൽ മാസം തോറും ഡിജിറ്റൽ പതിപ്പ് (e-edition) പ്രസിദ്ധീകരണം ആരംഭിച്ചു. പുസ്തകത്തിന്റെ ലിങ്ക് മൗണ്ട് നെബോയുടെ യൂട്യൂബ് ചാനലിൽ ലഭ്യമാണ്.

**2.** കലർപ്പില്ലാത്ത കത്തോലിക്കാ ആത്മീയതയുടെ ആഴങ്ങളും ഔന്നത്യങ്ങളും സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വേദപാരംഗതയും വിശുദ്ധയുമായ ആവിലായിലെ അമ്മത്രേസ്യാ, ആത്മാർത്ഥതയോടെ ദൈവത്തെത്തേടുന്ന ആത്മീയാന്വേഷകർക്കായി, തന്റെ ആത്മീയാനുഭവങ്ങളെ ദൈവികവെളിപാടിന്റെ വെളിച്ചത്തിലും വ്യക്തതയിലും പ്രായോഗികപരിജ്ഞാനത്തോടെ പങ്കുവച്ചുകൊണ്ട് 1577 ൽ എഴുതിയ *ആഭ്യന്തരഹർമ്മ്യം* എന്ന സാർവ്വത്രികവും സാർവ്വകാലീനവുമായ മൂല്യമുള്ള ആത്മീയഗ്രന്ഥത്തിലൂടെ അനാവരണം ചെയ്യപ്പെട്ടിരിക്കുന്ന അനശ്വരങ്ങളായ ആത്മീയപാഠങ്ങളെ ഏതവസ്ഥയിലുള്ള ആത്മീയാന്വേഷകർക്കുമായി ലളിതമായി അവതരിപ്പിക്കുന്ന ഒരു പ്രബോധനപരമ്പര, 15 മിനിറ്റ് വീതമുള്ള സെഷനുകളായി, നവംബർ 1 മുതൽ മൗണ്ട് നെബോ യൂട്യൂബ് ചാനലിലൂടെ ആഭ്യന്തരഹർമ്മ്യ ആത്മീയത എന്ന പേരിൽ നൽകിക്കൊണ്ടിരിക്കുന്നു.

**3.** കോവിഡ്-19 ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ നൽകിയിരുന്ന, ദൈവശക്തി വ്യാപരിക്കുന്നു എന്ന ഓൺലൈൻ ധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

**4.** മൗണ്ട് നെബോയുടെ ആവശ്യങ്ങൾക്കായി പണിയുവാൻ ജൂലൈ 12 ന് കല്ലിട്ട മൗണ്ട് നെബോ ആബാഭവനത്തിന്റ നിർമ്മാണപ്രവർത്തനങ്ങൾ അവസാനഘട്ടത്തിലേക്കു കടക്കുന്നു.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1.** ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗിൽ ദീപിക പത്രം വരിക്കാരാകുന്ന അധ്യാപകരുടെ പങ്കാളിത്തത്തെക്കുറിച്ച് സംസാരിച്ചു.

**2.** 12-08-2022 - ബിഷപ് ഹൗസിൽ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിന്റെ അദ്ധ്യക്ഷതയിൽ രൂപതാ ഫൊറോനാ ഭാരവാഹികളുടെ മീറ്റിംഗ് കൂടി.

**3.** 20-08-2022 - ഷലോമിൽ രൂപതാ ഫൊറോനാ ഭാരവാഹികളുടെ മീറ്റിംഗ് കൂടി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. ചിങ്ങം ഒന്ന് – കർഷകകരിദിനം**

ഇൻഫാം രൂപതാഘടകത്തിന്റെയും ഭരണങ്ങാനം ഇൻഫാം വിജ്ഞാനകേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ ആഗസ്റ്റ് 17 ബുധനാഴ്ച ചിങ്ങം ഒന്ന് കർഷകർ കരിദിനമായി ആചരിച്ചു. ഭരണങ്ങാനം വിജ്ഞാൻഭവൻ ഓഡിറ്റോറിയത്തിൽ കൂടിയ സമ്മേളനത്തിൽ കറുത്ത ബാഡ്ജുകൾ ധരിച്ചുകൊണ്ട് കർഷകർ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കർഷകവിരുദ്ധ നിലപാടുകൾക്കെതിരേ പ്രതികരിച്ചു.

ഇൻഫാം ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ യോഗം ഉദ്ഘാടനം ചെയ്തു. ഇൻഫാം ജില്ലാ പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ അധ്യക്ഷത വഹിച്ചു. അഡ്വക്കേറ്റ് ജോഷി ജേക്കബ് (എൻ.എഫ്.ആർ.പി.എസ്. പ്രസിഡന്റ്) ക്യാപ്റ്റൻ ജോർജ് വാതപ്പള്ളി, ജോജി വാളിപ്ലാക്കൽ കാഞ്ഞിരപ്പള്ളി, ജയിംസ് ചൊവ്വാറ്റുകുന്നേൽ എന്നിവർ പ്രസംഗിച്ചു.

ബഫർസോൺ, വന്യമൃഗശല്യം, കാർഷികോത്പന്നങ്ങളുടെ വിലയിടിവ്, നിത്യോപയോഗസാധനങ്ങളുടെ അമിതവില തുടങ്ങിയ വിഷയങ്ങളാൽ ആകുലപ്പെടുന്ന കർഷകരുടെ നൊമ്പരം മനസ്സിലാക്കി പരിഹാരം തേടി ഇൻഫാം പ്രതിഷേധം ശക്തിപ്പെടുത്താൻ തീരുമാനിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## സി. ട്രീസാ മാർട്ടിൻ സി.എം.സി.

വടക്കൻ വെള്ളാപ്പാട്ട് കുടുംബത്തിൽ ഔസേപ്പച്ചൻ – അന്നമ്മ ദമ്പതികളുടെ നാലു മക്കളിലെ ഇരട്ടക്കുട്ടികളിലൊരാളായി ത്രേസിക്കുട്ടി 1938 നവംബർ 8 ന് ഭൂജാതയായി. സിസ്റ്റർ ട്രീസാ മാർട്ടിൻ 1962 ഏപ്രിൽ 16 ന് ആദ്യവ്രതവും 1966 ൽ നിത്യവ്രതവും അനുഷ്ഠിച്ചു.

രാമപുരം, അയ്യമ്പാറ, വിളക്കുമാടം, ഇലഞ്ഞി, പിറവം, പ്ലാശനാൽ, പിഴക് എന്നീ മഠങ്ങൾ അമ്മയുടെ സേവനരംഗങ്ങളായിരുന്നു. നേഴ്സറി ടീച്ചറായിരുന്ന അമ്മ അക്ഷരമാലയ്ക്കും അക്കങ്ങൾക്കുമൊപ്പം യേശുനാമവും കുട്ടികളുടെ ഹൃദയഫലകങ്ങളിലെഴുതി. വലിയ ദൈവവിളി പ്രോത്സാഹകയായിരുന്ന അമ്മയുടെ ശിഷ്യഗണത്തിൽ അനേകം വൈദികരും സന്ന്യസ്തരും ഉൾപ്പെടുന്നു. 51 വർഷം മതബോധനരംഗത്ത് പ്രവർത്തിക്കുകയും പ്രധാനാധ്യാപികയായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. അധ്വാനശീലവും വിധേയത്വവും പരസ്നേഹവും ശ്രവണമനോഭാവവും നിയമാനുഷ്ഠാനതത്പരതയും അമ്മയിൽ വിളങ്ങിശോഭിച്ചിരുന്ന ഗുണങ്ങളാണ്. 2012 ൽ സന്ന്യാസവ്രതസമർപ്പണത്തിന്റെ സുവർണജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്കു ലഭിച്ചു.

2022 ജൂലൈ 24 ന് കാർമൽ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ച അമ്മയ്ക്ക് കോവിഡ്ബാധ സ്ഥിരീകരിച്ചു. രോഗീലേപനം സുബോധത്തോടെ സ്വീകരിച്ച് 2022 ജൂലൈ 31 ന് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 01-08-2022 മൂന്നുമണിക്ക് സംസ്കാരശുശ്രൂഷകൾ കോവിഡ് മാനദണ്ഡമനുസരിച്ച് മഠത്തിൽ വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിലിന്റെ പ്രധാനകാർമികത്വത്തിൽ ആരംഭിച്ചു. ദൈവാലയത്തിലെ കർമ്മങ്ങൾക്കുശേഷം മൃതദേഹം മുണ്ടാങ്കൽ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



## സി. ജയിംസ് സി.എം.സി.

പ്രവിത്താനം ഇടവകയിൽ പുതിയടത്തു കുടുംബത്തിൽ പുന്നൻ - മോനിക്ക ദമ്പതികളുടെ നാലു മക്കളിൽ ഇളയ സന്താനമായി 1930 ജനുവരി 16 ന് സി. ജെയിംസ് ഭൂജാതയായി. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഏലിക്കുട്ടി രണ്ടു വർഷം അധ്യാപികയായി സേവനമനുഷ്ഠിച്ചശേഷം മുണ്ടാങ്കൽ മഠത്തിൽ അർത്ഥിനിയായി ചേർന്നു. രാമപുരം കർമ്മലമഠത്തിൽ സന്ന്യാസപരിശീലനം പൂർത്തിയാക്കി 1953 മെയ് 30 ന് ആദ്യവ്രതവാഗ്ദാനവും 1956 മെയ് 30 ന് നിത്യവ്രതവാഗ്ദാനവും ചെയ്തു.

ജയിംസ് അമ്മ ആറു വർഷം മുണ്ടാങ്കൽ യു.പി. സ്കൂളിൽ പ്രധാന അധ്യാപികയായി ശുശ്രൂഷ ചെയ്തു. തുടർന്ന് കുറവിലങ്ങാട്, മുത്തോലി എന്നീ ഹൈസ്കൂളുകളിലും സേവനം ചെയ്തു. മുത്തോലി, കുറവിലങ്ങാട്, പ്രവിത്താനം എന്നീ മഠങ്ങളിൽ സുപ്പീരിയറായും 1986 മുതൽ 1989 വരെ പ്രൊവിൻഷ്യൽ കൗൺസിലറായും ശുശ്രൂഷ ചെയ്തു. അമ്മയിൽ ദീനാനുകമ്പ, ആഴമേറിയ വിശ്വാസവീക്ഷണം, ഇടമുറിയാത്ത പ്രാർത്ഥന, പരസ്നേഹതത്പരത, ദീർഘവീക്ഷണം, വിധേയത്വം എന്നീ ഗുണങ്ങൾ വിളങ്ങിശോഭിച്ചിരുന്നു. 2003 ൽ വ്രതാർപ്പണത്തിന്റെ സുവർണജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്കു സിദ്ധിച്ചു.

കഴിഞ്ഞ രണ്ടുവർഷമായി ജയിംസമ്മ വിശ്രമജീവിതം നയിക്കുകയായിരുന്നു. അമ്മയ്ക്ക് ഓഗസ്റ്റ് 5-ാം തീയതി വെള്ളിയാഴ്ച വികാരി ബഹു. ജോർജ് പഴേപറമ്പിൽ അച്ചൻ രോഗീലേപനം നൽകി. ഓഗസ്റ്റ് 17-ാം തീയതി അമ്മയുടെ പാവനാത്മാവ് സ്വർഗത്തിലേക്കു പറന്നുയർന്നു.

18-ാം തീയതി രണ്ടു മണിക്ക് മഠം ചാപ്പലിൽ റവ.ഫാ. ജോബി വട്ടക്കുന്നേൽ അർപ്പിച്ച ദിവ്യബലിയോടെ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. റവ.ഫാ. മാത്യു മാടയാങ്കൽ സി.എം.ഐ. ചരമപ്രസംഗം നടത്തി. ഇടവകവികാരി റവ.ഫാ. ജോർജ് പഴേപറമ്പിലിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന പ്രാർത്ഥനയ്ക്കുശേഷം മൃതദേഹം മുണ്ടാങ്കൽ പള്ളിയിലേക്കു സംവഹിക്കപ്പെട്ടു. പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ച് അനുശോചനസന്ദേശം നൽകി ദൈവാലയത്തിലെ കർമ്മങ്ങൾക്കുശേഷം മുണ്ടാങ്കൽ പള്ളി സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.



## സി. മേരി വിൻസെന്റ് എസ്.എച്ച്.

ഇലഞ്ഞി ഇടവകയിൽ ജോസഫ്-ഏലി ദമ്പതികളുടെ 8 മക്കളിൽ 5-ാമത്തെ പുത്രിയായി ജനിച്ച വിൻസെന്റമ്മയ്ക്കു മാമ്മോദീസായിൽ ലഭിച്ച പേര് റോസ എന്നായിരുന്നു. 1951 ഒക്ടോബർ 10 ാം തീയതി രാമപുരം തിരുഹൃദയമഠത്തിൽ അർത്ഥിനിയായിചേർന്നു. സന്ന്യാസപരിശീലനത്തിനുശേഷം 1953 മെയ് 21-ന് ആദ്യവ്രതവും 1956 മെയ് 21-ന് നിത്യവ്രതവും അനുഷ്ഠിച്ചു.

വിൻസെന്റമ്മയുടെ പ്രേഷിതമണ്ഡലങ്ങൾ രാമപുരം, പാലാ, വെള്ളിയാമറ്റം, അറക്കുളം, അടിവാരം, പയസ്മൗണ്ട്, ചക്കാമ്പുഴ ഇവയായിരുന്നു. അതിഥിസൽക്കാരത്തിൽ തത്പരയായിരുന്ന അമ്മ എല്ലാവരെയും ഭവനത്തിലേക്കു സ്വീകരിക്കുന്നതിലും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു സഹായിക്കുന്നതിലും ഉത്സുകയായിരുന്നു. ഫലിതപ്രിയയായിരുന്ന വിൻസെന്റമ്മ ശുശ്രൂഷ ചെയ്ത ഇടവകകളിൽ ഓരോ ഭവനവും കയറിയിറങ്ങി അവരുമായി നല്ല സുഹൃദ്ബന്ധം സ്ഥാപിച്ചു.

അടിവാരം ഇടവകയായിരുന്നു അമ്മയുടെ പ്രധാനപ്പെട്ട പ്രേഷിതരംഗം. 18 വർഷം അടിവാരത്തായിരുന്നുകൊണ്ട് ഇടവകയെ മുഴുവൻ ജാതി മതഭേദമില്ലാതെ ചേർത്തുനിർത്തി. അമ്മയുടെ പ്രാർത്ഥനാസഹായം അപേക്ഷിച്ചുകൊണ്ട് ആളുകൾ അമ്മയെ സമീപിക്കുകയും അവരുടെ ആവശ്യങ്ങൾ ദൈവതിരുസന്നിധിയിൽ അർപ്പിച്ച് മാധ്യസ്ഥ്യം അപേക്ഷിക്കുകയും ചെയ്തിരുന്നു. കാലൻകുടയുംകുത്തി ജപമാലയും ചൊല്ലി തങ്ങളുടെ ഭവനങ്ങളിലേക്കുവരുന്ന അമ്മയെ അടിവാരത്തും പയസ്മൗണ്ടിലുമുള്ള ആളുകൾ കാത്തിരുന്നു.

പ്രായവും ക്ഷീണവുംമൂലം ക്ലേശിച്ചതിനാൽ കൂടുതൽ സൗകര്യാർത്ഥം അമ്മയെ രാമപുരം മഠത്തിലേക്കു സ്ഥലംമാറ്റി. ആഗസ്റ്റ് 11-ാം തീയതി രാവിലെ 8.30 ന് രോഗീലേപനം സ്വീകരിച്ച അമ്മ ശാന്തമായി നിത്യജീവിതത്തിലേക്കു പ്രവേശിച്ചു. 12-ാം തീയതി 9.30 am ന് ചക്കാമ്പുഴ മഠംചാപ്പലിൽ വി. കുർബാനയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. മഠത്തിലെ ശുശ്രൂഷകൾക്കുശേഷം പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് തടത്തിലച്ചന്റെ പ്രധാനകാർമികത്വത്തിൽ മൃതദേഹം ചക്കാമ്പുഴ ലൊരേത്തുമാതാപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



## സി. ഗ്രെയ്സ് മരിയ എസ്. എച്ച്.

നീലൂർ ഇടവകയിൽ ഇല്ലിക്കൽ കുടുംബത്തിലെ 11 മക്കളിൽ മൂത്തവളായി 1936 ഓഗസ്റ്റ് 3-ാം തീയതി സി. ഗ്രെയ്സ് മരിയ ഭൂജാതയായി. 1959 ഏപ്രിൽ 4 ന് ആദ്യവ്രതവും 1962 മേയ് 21 ന് നിത്യവ്രതവും അനുഷ്ഠിച്ചു. കണ്ടുമുട്ടുന്നവർക്കും പരിചയപ്പെടുന്നവർക്കും നല്ലതുമാത്രം ഓർമ്മയിൽ സൂക്ഷിക്കുവാൻപോരുന്ന സൗഹൃദഭാവം സിസ്റ്ററിന്റെ ഏതൊരു ശുശ്രൂഷകളെയും ധന്യമാക്കിയിരുന്നു. 1959 മുതൽ 2022 ഓഗസ്റ്റുവരെയുള്ള തന്റെ ജീവിതനാളുകളിൽ മേലുകാവ്, നീലൂർ, നരിയങ്ങാനം, പൂവരണി, പാലാ സാന്തോം, അരുണാപുരം, ബോംബെ, കുളമാവ്, ചേന്നാട്, ഇടമറുക് തുടങ്ങിയ ഇടവകകളിലും ഭവനങ്ങളിലുമാണ് തന്റെ സേവനം കാഴ്ചവച്ചത്.

ബുക്ക് ബൈന്റിംഗിൽ നല്ല പ്രാവീണ്യമുണ്ടായിരുന്ന അമ്മ 1964-1998 വരെ പാലാ സെന്റ് തോമസ് പ്രസ്സിൽ രാപകൽ അത്യാദ്ധ്വാനം ചെയ്തു. ആ കുടുംബത്തിലെ അംഗങ്ങളെപ്പോലെ ഏറെ സന്തോഷത്തോടെ 34 വർഷം ചെലവഴിച്ച പ്രസ്സിലെ നാളുകൾ സുവർണലിപിയിൽ രേഖപ്പെടുത്താവുന്നതാണ്. നീണ്ട 40 വർഷങ്ങൾ വിശ്വാസപരിശീലനരംഗത്തും അമ്മ സേവനംചെയ്തു.

7 വർഷമായി ക്യാൻസർരോഗം മൂലം മരിയൻ മെഡിക്കൽ സെന്ററിൽ ചികിത്സയിലായിരുന്ന അമ്മ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണത്തിരുനാളിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

മൃതസംസ്കാരശുശ്രൂഷകൾ ഉച്ചകഴിഞ്ഞ് 4 മണിക്ക് പാലാ പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ വി. കുർബാനയോടെ ആരംഭിച്ചു. വി. കുർബാനയ്ക്കുശേഷം മുതദേഹം പാലാ സെന്റ് തോമസ് കത്തീഡ്രൽപള്ളി സെമിത്തേരിയിൽ പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് തടത്തിലച്ചന്റെ പ്രധാനകാർമ്മികത്വത്തിൽ സംസ്കരിച്ചു.



## സി. ബെനവെഞ്ചർ എസ്.എച്ച്.

നരിയങ്ങാനം ഇടവക വള്ളിയാംതടം കുടുംബത്തിൽ ജോസഫ്-അന്നമ്മ ദമ്പതികളുടെ 8 മക്കളിൽ നാലാമത്തെ സന്താനമായി 1939 ഫെബ്രുവരി 13-ാം തീയതി ബെനവെഞ്ചറമ്മ ഭൂജാതയായി. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1961- ജൂലൈ 3 ാം തീയതി പാലാ തിരുഹൃദയമഠത്തിൽ അർത്ഥിനിയായി ചേർന്നു. സന്ന്യാസപരിശീലനത്തിനുശേഷം 1963 ഏപ്രിൽ 25-ാം തീയതി ആദ്യവ്രതവും 1937 ഏപ്രിൽ 30 ാം തീയതി നിത്യവ്രതവും അനുഷ്ഠിച്ചു.

കട്ടിംഗ്, ടെയ്ലറിംഗ് & എംബ്രോയിഡറി കോഴ്സിനുശേഷം 1982 മുതൽ പാലാ രൂപതയുടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായ പാലാ ഗാർമെന്റ് സെന്ററിൽ സേവനം ആരംഭിച്ചു. തുടർന്ന് ബോംബെ, പാലാ, പൂവരണി, കുരുവിനാൽ, പാലാ സാന്തോം, ചേറ്റുതോട്, രാമപുരം, കട്ടിപ്പാറ (മലബാർ) എന്നീ മഠങ്ങളിൽ താമസിച്ച്, സുപ്പീരിയർ, മെസ്സ് മാനേജർ, തയ്യൽ പരിശീലക എന്നീ നിലകളിൽ സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചു. വിശ്വാസപരിശീലനരംഗത്തും അമ്മ വളരെ ആത്മാർത്ഥമായി ശുശ്രൂഷ ചെയ്തു. അനാഥരായ കുഞ്ഞുങ്ങളെ സ്വന്തം കുഞ്ഞുങ്ങളെപ്പോലെ കരുതി അവരുടെ ആധ്യാത്മികവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി തന്നെത്തന്നെ വ്യയം ചെയ്തു.

വിവിധ രോഗങ്ങളാൽ വളരെ ക്ഷീണിതയായ അമ്മയെ കൂടുതൽ പരിചരണാർത്ഥം രാമപുരം മഠത്തിൽനിന്ന് എസ്.എച്ച്. ഭവനിലേക്കു സ്ഥലം മാറ്റി. രോഗീലേപനം സുബോധത്തോടെ സ്വീകരിച്ച് 30/07/22 അമ്മ യാത്രയായി. 31/07/2022 ഞായർ 1.00 pm ന് റവ. ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിയുടെ പ്രധാനകാർമ്മികത്വത്തിൽ വി. കുർബാനയോടെ സംസ്കാര ശുശ്രൂഷകൾ ആരംഭിച്ചു. മഠത്തിലെ പ്രാർത്ഥനാശുശ്രൂഷകൾക്കുശേഷം പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ അനുശോചനസന്ദേശം നല്കുകയും മൃതദേഹം പാലാ കത്തീഡ്രൽപള്ളി സെമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു.



## സി. പട്രീഷ്യസ് എഫ്.സി.സി.

ഇളങ്ങുളം ഇടവക, ചീരാംകുഴിയിൽ സി. വി. വർക്കി – മറിയം ദമ്പതികളുടെ 9 മക്കളിൽ അഞ്ചാമത്തെ സന്താനമായി 1938 ഫെബ്രുവരി 18-ന് മേരി ഭൂജാതയായി. ചെമ്മലമറ്റം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 10.04.1958 ൽ ആദ്യവ്രതവാഗ്ദാനവും 29.05.1961 ൽ നിത്യവ്രതവാഗ്ദാനവും നടത്തി.

1966-ൽ തൃപ്പൂണിത്തുറ RLV മ്യൂസിക് അക്കാഡമിയിൽനിന്ന് ഗാനഭൂഷൺ പാസ്സായ അമ്മ 1967-ൽ പാലാ സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിൽ, സംഗീതാധ്യാപികയായി നിയമിതയായി. 27 വർഷത്തെ സ്തുത്യർഹമായ സേവനത്തിനിടയിൽ, അനേകം കുട്ടികളെ സംസ്ഥാനതല വിജയികളാക്കാൻ പട്രീഷ്യസമ്മയ്ക്കു കഴിഞ്ഞു. ശാസ്ത്രീയസംഗീതത്തോടൊപ്പം ഭക്തിഗാനങ്ങളും പ്രാർത്ഥനകളും പഠിപ്പിച്ച് കുഞ്ഞുങ്ങളെ അമ്മ ദൈവത്തിലേക്കടുപ്പിച്ചിരുന്നു. 25 വർഷം സൺഡേ സ്കൂൾ അദ്ധ്യാപികയായും നിസ്തുല സേവനമനുഷ്ഠിച്ചു. 1994-ൽ ഔദ്യോഗിക

ജീവിതത്തിൽനിന്നു വിരമിച്ച അമ്മ ഉാലം സെന്റ് മേരീസ്, ഉാലം സെന്റ് സേവ്യേഴ്സ്, സാൻജോ, വാലാച്ചിറ എന്നീ മഠങ്ങളിൽ സുപ്പീരിയർ, അസി. സുപ്പീരിയർ, കൗൺസിലർ, സെക്രട്ടറി, ട്രഷറർ, മെസ് മാനേജർ, കമ്മ്യൂണിറ്റി സിസ്റ്റർ എന്നീ നിലകളിൽ നിസ്വാർത്ഥസേവനമർപ്പിച്ചു.

പട്രീഷ്യസമ്മ പാവങ്ങളോടും പാർശ്വവത്കരിക്കപ്പെട്ടവരോടും പ്രത്യേക സ്നേഹവും പരിഗണനയും കാണിച്ചിരുന്നു. സന്ന്യാസസഹോദരങ്ങളെ സ്വന്തം സഹോദരങ്ങളായിക്കണ്ടു സ്നേഹിക്കുകയും, സഹായിക്കുകയും ചെയ്തു. അടുക്കും ചിട്ടയും അധികാരവിധേയത്വവും, ലാളിത്യവും അതിഥിസത്കാരപ്രിയവും സമഭാവനയും സന്തോഷപ്രകൃതവുമൊക്കെ അമ്മയിൽ വിളങ്ങിനിന്നിരുന്ന ഗുണങ്ങളാണ്.

2006 മുതൽ ഉാലം മഠത്തിൽ വിശ്രമജീവിതം നയിച്ചുപോന്ന പട്രീഷ്യസമ്മ, പ്രാർത്ഥനകളിലും പറ്റുന്ന ജോലികളിലും സന്തോഷപൂർവ്വം പങ്കുചേർന്നിരുന്നു. 25.07.2022 തിങ്കൾ അമ്മയുടെ പാവനാത്മാവ് ദിവ്യനാഥസന്നിധിയിലേക്കു യാത്രയായി.

26.07.2022 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പട്രീഷ്യസമ്മയുടെ സഹോദരൻ ബഹു. ഫാ. മാത്യു ചീരാംകുഴിയുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിയിൽ ബഹു. മൈക്കിൾ ചീരാംകുഴിയിലച്ചൻ ചരമപ്രസംഗം നടത്തി. തുടർന്ന് മൃതദേഹം ഉാലം പഴയപള്ളിയിലേക്കു സംവഹിക്കപ്പെട്ടു. പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ ചരമപ്രസംഗം നടത്തുകയും സമാപനശുശ്രൂഷകൾക്കു കാർമികത്വം വഹിക്കുകയും ചെയ്തു. മൃതസംസ്കാരശുശ്രൂഷകൾക്കുശേഷം മൃതദേഹം ഉാലം പഴയപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## AUGUST 2022

| | | |
|---|---|---|
| 01-05 | | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കെ.സി.ബി.സി. മെത്രാന്മാരുടെ വാർഷികധ്യാനത്തിൽ സംബന്ധിച്ചു. |
| 06 | 09.30 am | ബിഷപ്സ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 11.00 am | പാലാ കത്തീഡ്രലിൽ വിവാഹത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 03.00 pm | ബിഷ്പ്സ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 07-11 | | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പാലാ രൂപത വൈദികരുടെ വാർഷികധ്യാനത്തിൽ സംബന്ധിച്ചു. |
| 09 | 10.00 am | ബിഷപ്സ് ഹൗസിൽ റോമിലെ പൊന്തിഫിക്കൽ ഉർബാനോ കോളജിന്റെ റെക്ടർ ഡോൺ അർമാന്തോ ന്ഗുഞ്ചെസിനെയും വൈസ് റെക്ടർ ഡോൺ ജോബി കുന്നത്തോട്ടിനെയും സ്വീകരിച്ചു. |
| | 07.45 pm | മണ്ണയ്ക്കനാട് ഇടവകയിൽ ഈന്തനാക്കുഴിയിൽ ശ്രീ ദേവസ്യാച്ചന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| 11 | 02.15 pm | ഇലഞ്ഞി ഫൊറോനയിൽ വേളൂപ്പറമ്പിൽ ബഹുമാനപ്പെട്ട ജോർജച്ചന്റെ സഹോദരൻ ശ്രീ വി.എ. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 12 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 10.30 am | ചേർപ്പുങ്കൽ മാർ സ്ലീവാ നേഴ്സിംഗ് കോളജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 02.00 pm | രാമപുരം ഫൊറോനയിൽ പുളിക്കീൽ ശ്രീ പി.ജെ. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 03.00 pm | ബിഷപ്സ് ഹൗസിൽ ദീപിക ഫ്രണ്ട്സ് ക്ലബിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.30 pm | കാഞ്ഞിരത്താനം ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിപൂർത്തിയാക്കിയ ഭവനങ്ങളുടെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| 13 | 09.30 am | അരുണാപുരത്ത് പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ സമ്മേളനത്തിൽ സംബന്ധിച്ചു. |
| | 10.30 am | ചെമ്മലമറ്റം ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിൽ ചെറുപുഷ്പമിഷൻലീഗ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തിയ കുഞ്ഞേട്ടൻ അനുസ്മരണസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 11.30 am | ചെമ്മലമറ്റം ഇടവകയിൽ പ്രാരംഭകൂദാശകൾക്ക് കാർമികത്വം വഹിച്ചു. |
| | 03.30 pm | ചങ്ങനാശ്ശേരി അതിരൂപത കടുവാകുളം ഇടവകയിൽ പാറയ്ക്കൽ ബഹുമാനപ്പെട്ട തോമസ് അച്ചന്റെ സഹോദരൻ എം.സി.ബി.എസ്. സഭാംഗമായ ബഹുമാനപ്പെട്ട ജോയി അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിലെ തിരുകർമ്മങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. |
| | 05.30 pm | ഇരവിമംഗലം ഇടവകയിൽ പുതിയതായി നിർമിച്ച കുരിശുപള്ളിയുടെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| 14 | 02.00 pm | പാലാ ളാലം പഴയപള്ളി പാരിഷ്ഹാളിൽ ഡി.സി. എം.എസ്. സംഘടനയുടെ നേതൃത്വത്തിൽ നടത്തിയ രൂപതാതല ജസ്റ്റീസ് സൺഡേ ആചരണത്തിൽ സംബന്ധിച്ചു. |
| 15 | 11.00 am | ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേകസുവർണ ജൂബിലി ആരംഭം കുറിച്ചുകൊണ്ടുള്ള കൃതജ്ഞതാബലിയിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 03.00 pm | കാഞ്ഞിരത്താനം ഇടവകയിൽ അനുഗ്രഹ ട്രസ്റ്റിന്റെ നേതൃത്വത്തിൽ നിർമിച്ച അനുഗ്രഹഭവനത്തിന്റെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| | 05.30 pm | തിടനാട് ഇടവകയിൽ നിർമിച്ച കുരിശുപള്ളിയുടെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| 16-25 | | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ 30-ാമത് സീറോ മലബാർ ബിഷപ്സ് സിനഡിന്റെ രണ്ടാം സമ്മേളനത്തിൽ സംബന്ധിച്ചു. |
| 22 | 07.30 am | മേലമ്പാറ എം.എസ്.റ്റി. ജനറലേറ്റിൽ ബഹുമാനപ്പെട്ട കടൂക്കുന്നേൽ ജോൺ അച്ചന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 23 | 06.30 pm | കാക്കാട് മൗണ്ട് സെന്റ് തോമസിൽ ദീപിക അപെക്സ് ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 25 | 08.15 pm | ബിഷപ്സ് ഹൗസിൽ ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായി നിയമിതനായിരിക്കുന്ന മോൺ. ജോസഫ് കൊല്ലംപറമ്പിലിനെ സ്വീകരിക്കുകയും അനുമോദനസമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു. |
| 26 | 11.30 am | മേലമ്പാറ എം.എസ്.റ്റി. ജനറലേറ്റിൽ ബഹുമാനപ്പെട്ട അയത്തമറ്റം തോമസച്ചന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 02.00 pm | ചങ്ങനാശ്ശേരി അതിരൂപത പുന്നത്തുറ ഇടവക കുഞ്ചറക്കാട്ടിൽ ശ്രീമതി ഏലിക്കുട്ടിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്കു മുഖ്യകാർമികത്വം വഹിച്ചു. |
| | 05.00 pm | ചേർപ്പുങ്കൽ ഫൊറോനയിൽ നവീകരിച്ച മദ്ബഹയുടെ ആശീർവാദകർമം നിർവഹിക്കുകയും വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു. |
| 27 | 03.00 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 28 | 04.30 pm | തിരുവനന്തപുരം ലത്തീൻ അതിരൂപത വിഴിഞ്ഞത്ത് നടത്തുന്ന തീരസംരക്ഷണസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് അഭിവാദ്യസന്ദേശം നൽകി. |

| | | |
|---|---|---|
| 29 | 12.30 pm | കയ്യൂർ ഇടവകയിൽ അടയ്ക്കപ്പാറ ശ്രീമതി ത്രേസ്യാമ്മയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 01.15 pm | അരുണാപുരം ഇടവകയിൽ അമ്പാട്ട് ശ്രീമതി മറിയാമ്മ വർക്കിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| 30 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.30 pm | നെല്ലിയാനി ഇടവകയിൽ നെല്ലിയാനിയിൽ ശ്രീമതി മറിയം ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | ബിഷപ്സ് ഹൗസിൽ ഷംഷാബാദ് രൂപതയുടെ നിയുക്തസഹായമെത്രാൻ മോൺ. തോമസ് പാടിയത്തിനെ സ്വീകരിച്ചു. |
| | 06.30 pm | ഭരണങ്ങാനം തീർത്ഥാടനകേന്ദ്രത്തിൽ ബാച്ച് സമ്മേളനത്തിൽ സംബന്ധിച്ചു. |
| 31 | 06.45 am | ഭരണങ്ങാനം തീർത്ഥാടനകേന്ദ്രത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. |
| | 11.00 am | കുടയത്തൂരിൽ ഉരുൾപൊട്ടൽമൂലം നാശം സംഭവിച്ച പ്രദേശങ്ങളും ദുരിതാശ്വാസക്യാമ്പും സന്ദർശിച്ചു. |
| | 09.15 pm | ഗുജറാത്ത് സബർമതി മിഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## AUGUST 2022

| | | |
|---|---|---|
| 01 | 10.00 am | അറക്കുളം സ്കൂളിന്റെ മെരിറ്റ് ഡേ ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. |
| 02 | 12.30 pm | ചക്കാമ്പുഴ ഇടവകയിൽ കട്ടുപ്പാറയിൽ ശ്രീ കെ. റ്റി. വർഗീസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 03 | 10.15 am | ഏഴാച്ചേരി ഇടവകയിൽ പെരികിലമലയിൽ ശ്രീമതി ഏലിക്കുട്ടി ജോസഫിന്റെ ഭൗതിക ദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | രാമപുരം ഫൊറോനയിൽ നെല്ലോലപൊയ്കയിൽ ആൾഡ്രിൻ ബിനോയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിലും ദൈവാലയത്തിലും മുഖ്യകാർമികത്വം വഹിച്ചു. |
| 04 | 10.00 am | മരങ്ങാട്ടുപള്ളി സെന്റ് തോമസ് ഹൈസ്കൂളിന്റെ സപ്തതി സ്മാരകമന്ദിരത്തിന്റെ ശിലാസ്ഥാപന കർമം നിർവഹിച്ചു. |
| | 03.00 pm | മുട്ടുചിറ വിയാനി പ്രീസ്റ്റ് ഹോമിൽ ബഹുമാനപ്പെട്ട വൈദികരെ സന്ദർശിച്ചു. |
| | 05.30 pm | കാഞ്ഞിരപ്പള്ളി രൂപത പൊൻകുന്നം ഫൊറോനയിൽ ബഹു. ജോസഫ് പുതുമന അച്ചന്റെ പിതാവ് ശ്രീ എബ്രഹാം ജെ. പുതുമനയുടെ ഭൗതിക ദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 6 | 02.30 pm | ചക്കാമ്പുഴ ഇടവകയിൽ ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| 7 | 10.30 am | കിഴപറയാർ ഇടവകയിൽ ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 12.00 noon | ഇടപ്പാടി ഇടവകയിൽ ഇല്ലിക്കൽ ശ്രീ തോമസ് ഉലഹന്നാന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 8 | 03.00 pm | ഭരണങ്ങാനം ഇൻഫാം ഓഫീസിൽ ശ്രീ അന്തീനാട് ജോസിനെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്തു. |
| | 06.30 pm | പാലാ രൂപത എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം (YATP) ഉദ്ഘാടനം ചെയ്തു. |
| | 08.30 pm | കുമാരനെല്ലൂരിൽ നടന്ന ഡി.സി.എം.എസ്. മീറ്റിംഗിൽ പങ്കെടുത്തു. |
| 10 | 09.00 am | മണ്ണയ്ക്കനാട് ഇടവകയിൽ ഈന്തനാകുഴിയിൽ ശ്രീ സെബാസ്റ്റ്യൻ ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 11 | 11.00 am | ഇലഞ്ഞി ഫൊറോനയിൽ വേളൂപറമ്പിൽ ശ്രീ വി. എ. ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 12 | 08.30 am | കോതമംഗലം രൂപത ആരക്കുഴ ഇടവകയിൽ ചരമവാർഷികത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| 13 | 08.45 am | ചങ്ങനാശ്ശേരി അതിരൂപത കടുവാക്കുളം MCBS പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. ജോയി പാറക്കൽ അച്ചന്റെ ഭൗതിക ദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.00 am | പാലാ ടി.ടി.ഐ. ൽ നടന്ന പ്രീമിയർ സ്കൂൾ ട്രെയിനിംഗ് പ്രോഗ്രാം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |
| | 12.00 noon | പാലാ ളാലം പുത്തൻപള്ളി ഇടവകയിൽ വിവാഹ വാഗ്ദാനത്തിന് മുഖ്യകാർമികത്വം വഹിച്ചു |
| 15 | 11.00 am | ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക സുവർണ ജൂബിലി ആരംഭം കുറിച്ചുകൊണ്ടുള്ള കൃതജ്ഞതാബലിയിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 25 | 03.30 pm | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ 30-ാമത് സീറോ മലബാർ ബിഷപ്സ് സിനഡിന്റെ സമാപന സമ്മേളനത്തിൽ സംബന്ധിച്ചു. |
| | 08.15 pm | ബിഷപ്സ് ഹൗസിൽ ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായി നിയമിതനായിരിക്കുന്ന മോൺ. ജോസഫ് കൊല്ലംപറമ്പിലിനെ സ്വീകരിക്കുകയും അനുമോദനസമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു. |
| 26 | 06.00 am | ഏകാന്ത താപസജീവിതത്തിനായി കാഞ്ഞിരപ്പള്ളി രൂപതയിലെ നല്ലതണ്ണി മാർത്തോമ്മാശ്ലീഹാ ദയറായുടെ അടുത്തുള്ള ഭവനത്തിലേക്കു യാത്രതിരിച്ചു. |



**വിഴിഞ്ഞം സമരപ്പന്തലിൽ തീരസംരക്ഷണസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച്**
**അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അഭിവാദ്യസന്ദേശം നൽകുന്നു.**



**കുടയത്തൂരിൽ ഉരുൾപൊട്ടൽമൂലം നാശം സംഭവിച്ച പ്രദേശം**
**അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദർശിക്കുന്നു.**



**ജസ്റ്റീസ് സൺഡേ രൂപതാതല ആചരണം**
**അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.**

2022
SEPTEMBER

☆ SANTHWANAPRAKASHAM ☆
PALAI DIOCESAN BULLETIN



പാലാ രൂപത വൈദികരുടെ രണ്ടാം ബാച്ച് വാർഷികധ്യാനം





അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ
മെത്രാഭിഷേകത്തിന്റെ സുവർണജൂബിലി തുടക്കം



Printed at St. Thomas Press, Palai and Published by Fr. Kuriakose Vattamukalel